# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേർത്തല മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/GA-8/130/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 11/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ചേർത്തല മുനിസിപ്പാലിറ്റി

സർ,

വിഷയം : ചേർത്തല മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേർത്തല മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
റീജിയണൽ ജോയിന്റ് ഡയറക്ടർ

നമ്പർ: KSA-ALP/GA-8/130/22 തീയ്യതി: 11/07/2022

## ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഹരികുമാർ. ജി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 12-01-2022 | 02-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-01-2022 | 02-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.സി.ജ്യോതിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി. പി.ശ്രീദേവി,ഓഡിറ്റ് ഓഫീസർ
ശ്രീ.പുഷ്പരാജ്, വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. എ.ഡി.ബീന,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. രഞ്ജു പ്രകാശ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ലേഖ.പി.കെ, ഓഡിറ്റർ
ശ്രീ. സിജി ജോൺ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. പി.ടി.ജോസഫ് | ചെയർമാൻ | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | ചെയർമാൻ | 12-11-2020 | 27-12-2020 |
| ശ്രീമതി. ഷേർളി ഭാർഗ്ഗവൻ | ചെയർപേഴ്സൺ | 28-12-2020 | 31-03-2021 |
| ശ്രീ. എൻ.കെ.കൃഷ്ണകുമാർ | സെക്രട്ടറി | 01-04-2020 | 01-02-2021 |
| വേക്കന്റ് | സെക്രട്ടറി | 02-02-2021 | 07-02-2021 |
| ശ്രീ. കെ.എസ്.അരുൺ | സെക്രട്ടറി | 08-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബ്രിജിത്ത് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. ബാബുരാജ് | ഹെൽത്ത് സൂപ്പർവൈസർ | 01-04-2020 | 21-05-2020 |
| ശ്രീമതി.ആലീസ്ഡോസി | ഹെൽത്ത് സൂപ്പർവൈസർ | 22-05-2020 | 31-12-2020 |
| ശ്രീ. സുനിൽകുമാർ. | ഹെൽത്ത് സൂപ്പർവൈസർ -ഇൻ ചാർജ്ജ് | 01-01-2021 | 11-02-2021 |
| ശ്രീ. രാംകുമാർ | ഹെൽത്ത് സൂപ്പർവൈസർ | 12-02-2021 | 31-03-2021 |
| ശ്രീ. സുനിൽകുമാർ. | പ്രോജക്റ്റ് ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ബോബൻ | പ്രിൻസിപ്പാൾ, ജി.ജി.എച്ച്.എസ്.എസ് | 01-04-2020 | 31-03-2021 |
| ശ്രീമതി.ആഷാലത | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.കെ.സി.ജയൻ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 27-08-2020 |
| ഡോ.സെൻകുട്ടയ്യൻ | വെറ്ററിനറി സർജ്ജൻ | 28-08-2020 | 31-03-2021 |
| ഡോ.അനിൽകുമാർ | മെഡിക്കൽ ഓഫീസർ ,ടി.എച്ച്.ക്യൂ.എച്ച് ചേർത്തല | 01-04-2020 | 31-03-2021 |
| ശ്രീ.രാധാകൃഷ്ണപിള്ള | അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ | 01-04-2020 | 30-04-2020 |
| വേക്കന്റ് | അഗ്രിക്കൾച്ചർ ഫീൽഡ് | 01-05-2020 | 09-06-2020 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീ. പി.രാജൻ | അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ | 10-06-2020 | 31-03-2021 |
| ഡോ.ജയൻ. | ചീഫ് മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 31-10-2020 |
| ഡോ.ശ്രീകുമാർ | ചീഫ് മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-11-2020 | 12-02-2021 |
| ഡോ.ഇന്ദു | ചീഫ് മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 13-02-2021 | 31-03-2021 |
| ഡോ.ഷീന ആനി തോമസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-07-2020 |
| ഡോ.സാംസൺ.എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-08-2020 | 24-01-2021 |
| ഡോ.സജിത.വി.എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 25-01-2021 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.C Jyothimon (Audit Officer, On 01-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 25-04-2022) | 1-1 |
| 2 | ബജറ്റ്-അവലോകനം<br>Written By: C.C Jyothimon (Audit Officer, On 01-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 25-04-2022) | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക<br>Written By: Pushparaj V.K (Asst. Audit Officer, On 01-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 25-04-2022) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക-ന്യൂനതകൾ<br>Written By: Pushparaj V.K (Asst. Audit Officer, On 01-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 25-04-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Pushparaj V.K (Asst. Audit Officer, On 01-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 25-04-2022) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: Pushparaj V.K (Asst. Audit Officer, On 01-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 25-04-2022) | 1-4 |
| 7 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ<br>Written By: Pushparaj V.K (Asst. Audit Officer, On 01-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 25-04-2022) | 1-4-1 |
| 8 | പദ്ധതി അവലോകനം<br>Written By: Pushparaj V.K (Asst. Audit Officer, On 01-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 25-04-2022) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: C.C Jyothimon (Audit Officer, On 01-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 25-04-2022) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Lekha (Auditor, On 01-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 25-04-2022) | 1-7 |
| 11 | ക്യാഷ് പരിശോധന<br>Written By: Siji (Auditor, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 25-04-2022) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: C.C Jyothimon (Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 25-04-2022) | 1-9 |
| 13 | രസീത് പിരിവിലെ അപാകതകൾ<br>Written By: Siji (Auditor, On 01-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 25-04-2022) | 1-10 |
| 14 | കൃഷിഭവൻ - രസീത് പിരിവിലെ അപാകതകൾ<br>Written By: Siji (Auditor, On 01-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 25-04-2022) | 1-11 |
| 15 | ലേലം - എല്ലാ ഇനങ്ങളിലും നടക്കുന്നില്ല - വരുമാന നഷ്ടം<br>Written By: Renju Prakash (Senior Grade Auditor, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 25-04-2022) | 1-12 |
| 16 | ഡി ആന്റ് ഒ ലൈസൻസ് ഫീ പൂർണ്ണമായും ഈടാക്കിയില്ല<br>Written By: Renju Prakash (Senior Grade Auditor, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 25-04-2022) | 1-13 |
| 17 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Renju Prakash (Senior Grade Auditor, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 25-04-2022) | 1-14 |

| | | |
|---|---|---|
| 18 | തൊഴിൽ നികുതി അടവാക്കാത്തത് സംബന്ധിച്ച്<br>Written By: Siji (Auditor, On 01-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 25-04-2022) | 1-15 |
| 19 | ലൈസൻസ് അപാകതകൾ<br>Written By: Lekha (Auditor, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 25-04-2022) | 1-16 |
| 20 | വസ്തു നികുതി - അപാകതകൾ<br>Written By: Renju Prakash (Senior Grade Auditor, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 07-05-2022) | 1-17 |
| 21 | വസ്തു നികുതി പരിഷ്കരണം - കാലങ്ങളായി നീണ്ടു പോകുന്നു<br>Written By: Renju Prakash (Senior Grade Auditor, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 26-04-2022) | 1-18 |
| 22 | വാടക പിരിവ് - കാര്യക്ഷമമല്ല<br>Written By: Renju Prakash (Senior Grade Auditor, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 07-05-2022) | 1-19 |
| 23 | മൊബൈൽ ടവർ വസ്തു നികുതി ഈടാക്കുന്നതിൽ അനാസ്ഥ<br>Written By: Renju Prakash (Senior Grade Auditor, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 07-05-2022) | 1-20 |
| 24 | മത്സ്യ മാർക്കറ്റ് ലേലം- തുക പൂർണ്ണമായും അടവാക്കിയില്ല<br>Written By: Renju Prakash (Senior Grade Auditor, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 07-05-2022) | 1-21 |
| 25 | ഡി ആന്റ് ഒ ലൈസൻസിനുള്ള അപേക്ഷകളിലെ ബിൽഡിംഗ് വിവരങ്ങൾ സഞ്ചയ ഡാറ്റാ ബേസിലെ വിവരങ്ങളുമായി യോജിക്കുന്നില്ല<br>Written By: Renju Prakash (Senior Grade Auditor, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 07-05-2022) | 1-22 |
| 26 | അഡ്വാൻസുകൾ ക്രമീകരിക്കുന്നതിലെ അപാകതകൾ<br>Written By: Siji (Auditor, On 01-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 26-04-2022) | 1-23 |
| 27 | വാഹനം റിപ്പയർ ചെയ്തത് - ബില്ലുകൾ ലഭ്യമല്ലാത്തത് സംബന്ധിച്ച്<br>Written By: Siji (Auditor, On 01-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 07-05-2022) | 1-24 |
| 28 | ചേർത്തല മുനിസിപ്പൽ ബസ് സ്റ്റാൻഡ് - അടിസ്ഥാന സൌകര്യങ്ങൾ ലഭ്യമല്ല<br>Written By: Renju Prakash (Senior Grade Auditor, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 26-04-2022) | 1-25 |
| 29 | കൃഷി ഫീൽഡ് ഓഫീസർ-ആവശ്യമായ രേഖകളില്ലാതെ ആനുകൂല്യം നൽകി<br>Written By: Lekha (Auditor, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 26-04-2022) | 1-26 |
| 30 | പഠന മുറി (പട്ടികജാതി വിഭാഗം)- നിർമാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച്.<br>Written By: Pushparaj V.K (Asst. Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 28-04-2022) | 1-27 |
| 31 | മരങ്ങൾ മുറിച്ചത്- ലേലം ചെയ്യാനുള്ള നടപടി കൈക്കൊള്ളുന്നില്ല<br>Written By: A.D.Beena (Asst. Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 26-04-2022) | 1-28 |
| 32 | കുടിവെള്ളം ഗാർഹിക കണക്ഷൻ- ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാത്തത് സംബന്ധിച്ച്<br>Written By: Pushparaj V.K (Asst. Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 26-04-2022) | 1-29 |
| 33 | ക്ഷേമപെൻഷൻ നാളിതുവരെ സസ്പെൻഡ് ചെയ്തിട്ടില്ല<br>Written By: Lekha (Auditor, On 31-01-2022)<br>Last Updated By: Rajeev R (Deputy Director, On 06-05-2022) | 1-30 |
| 34 | നഗരത്തിലെ പ്രധാനകേന്ദ്രങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി- | 1-31 |

| | | |
|---|---|---|
| | അപാകതകൾ.<br>Written By: P. Sreedevi (Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 27-04-2022) | |
| 35 | ബയോബിൻ പൊതു വിഭാഗം(എ.പി.എൽ)-അധിക തുക ചെലവഴിച്ചത് സംബന്ധിച്ച്.<br>Written By: Pushparaj V.K (Asst. Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 27-04-2022) | 1-32 |
| 36 | ജൈവ വാതക നിലയം-സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു<br>Written By: Pushparaj V.K (Asst. Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 27-04-2022) | 1-33 |
| 37 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ രേഖകൾ ലഭ്യമല്ലാത്തത് സംബന്ധിച്ച്.<br>Written By: Pushparaj V.K (Asst. Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 27-04-2022) | 1-34 |
| 38 | കമ്പിക്കാൽ ജംഗ്ഷനിൽ കടമുറി നിർമ്മാണം-- തുക തടസ്സപ്പെടുത്തുന്നു<br>Written By: P. Sreedevi (Audit Officer, On 01-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 27-04-2022) | 1-35 |
| 39 | ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല-അധികചെലവിനിടയാക്കി<br>Written By: A.D.Beena (Asst. Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 27-04-2022) | 1-36 |
| 40 | പ്രോജക്ടുകൾ നടപ്പിലാക്കാത്തത് മൂലം വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നഷ്ടമായി<br>Written By: A.D.Beena (Asst. Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 27-04-2022) | 1-37 |
| 41 | ഹയർസെക്കന്ററി സ്കൂളുകളുടെ ഇലക്ട്രിഫിക്കേഷൻ,ത്രീഫേസ് കണക്ഷൻ-എം.ബുക്ക് ഹാജരാക്കിയിട്ടില്ല<br>Written By: A.D.Beena (Asst. Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 27-04-2022) | 1-38 |
| 42 | സാന്ത്വന പരിചരണം - ചെലവ് രേഖകൾ പൂർണ്ണമല്ല<br>Written By: A.D.Beena (Asst. Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 27-04-2022) | 1-39 |
| 43 | താലൂക്ക് ആശുപത്രി വാർഡുകളിൽ കൊതുകുവല സ്ഥാപിക്കൽ - അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 27-04-2022) | 1-40 |
| 44 | താലൂക്ക് ആശുപത്രിയിലേക്ക് ലാബ് റീ ഏജന്റ്സ് വാങ്ങൽ-അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 27-04-2022) | 1-41 |
| 45 | തദ്ദേശഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് മരുന്ന് വാങ്ങി നൽകൽ-മരുന്ന് ലഭ്യമായില്ല<br>Written By: A.D.Beena (Asst. Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 27-04-2022) | 1-42 |
| 46 | കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ, പരിരക്ഷാപ്രവർത്തനങ്ങൾ-അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 27-04-2022) | 1-43 |
| 47 | വൃദ്ധർക്ക് കട്ടിൽ നല്കുന്ന പദ്ധതി- അനർഹരായവർക്ക് കട്ടിൽ നല്കിയത് സംബന്ധിച്ച്<br>Written By: Pushparaj V.K (Asst. Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 27-04-2022) | 1-44 |

| | | |
|---|---|---|
| 48 | കമ്പ്യൂട്ടറും അനുബന്ധഉപകരണങ്ങളും വാങ്ങൽ- തുക അധികം നൽകി<br>Written By: P. Sreedevi (Audit Officer, On 01-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 27-04-2022) | 1-45 |
| 49 | കൃഷി ഫീൽഡ് ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകളിൽ ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Lekha (Auditor, On 02-02-2022)<br>Last Updated By: Rajeev R (Deputy Director, On 06-05-2022) | 1-46 |
| 50 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ച് സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: P. Sreedevi (Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 27-04-2022) | 1-47 |
| 51 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.<br>Written By: P. Sreedevi (Audit Officer, On 01-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 27-04-2022) | 1-48 |
| 52 | താലൂക്ക് ആശുപത്രിയിൽ പുതിയ X-ray യൂണിറ്റ് നിർമ്മാണം – സർക്കാർ നിർദ്ദേശങ്ങൾക്ക വിരുദ്ധമായി തുക നൽകി<br>Written By: P. Sreedevi (Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 27-04-2022) | 1-49 |
| 53 | ബയോബിൻ മുൻഗണന വിഭാഗം(ബി.പി.എൽ)<br>Written By: Pushparaj V.K (Asst. Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 27-04-2022) | 1-50 |
| 54 | വിജയ പ്രിന്റേഴ്സ് മുതൽ തെക്കോട്ട് ഇന്റർലോക്കിംഗ്- അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 27-04-2022) | 1-51 |
| 55 | എർത്ത് വർക്ക് എസ്റ്റിമേഷന് ഉയർന്ന നിരക്ക് നൽകി<br>Written By: C.C Jyothimon (Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 27-04-2022) | 1-52 |
| 56 | കാലിവീപ്പയുടെ വില ഈടാക്കിയതിൽ കുറവ്<br>Written By: C.C Jyothimon (Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 27-04-2022) | 1-53 |
| 57 | നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നതിന് നിയമാനുസൃത ഫൈൻ ഈടാക്കിയില്ല<br>Written By: C.C Jyothimon (Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 27-04-2022) | 1-54 |
| 58 | കളത്രകാട്ട്- കുന്തറ ഫുട്പാത്ത് ഇന്റർലോക്കിംഗ്- അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 27-04-2022) | 1-55 |
| 59 | എർത്ത്ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല<br>Written By: C.C Jyothimon (Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 28-04-2022) | 1-56 |
| 60 | പി.എം.എ.വൈ ലൈഫ് ഭവന നിർമാണം - പൂർത്തീകരിക്കാത്തത് സംബന്ധിച്ച്<br>Written By: Pushparaj V.K (Asst. Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 30-04-2022) | 1-57 |
| 61 | നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല<br>Written By: C.C Jyothimon (Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 28-04-2022) | 1-58 |
| 62 | കൊച്ചുവെളി അമ്പലത്തിന് കിഴക്ക് കോന്നോത്ത് റോഡ് കാന നിർമ്മാണം- അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 28-04-2022) | 1-59 |
| 63 | 12mmപ്ലാസ്റ്ററിംഗ് അനുവദനീയമായതിലും അധികം അളവിൽ | 1-60 |

| | | |
|---|---|---|
| | മൂല്യനിർണ്ണയം നടത്തി<br>Written By: C.C Jyothimon (Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 30-04-2022) | |
| 64 | പാണാടൻ ഹൗസിംഗ് കോളനി നടവഴി ഇന്റർലോക്കിംഗ്- അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 30-04-2022) | 1-61 |
| 65 | ഇന്റർലോക്കിംഗ്- അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 30-04-2022) | 1-62 |
| 66 | കാലിവീപ്പയുടെ വില ഈടാക്കിയില്ല<br>Written By: C.C Jyothimon (Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 30-04-2022) | 1-63 |
| 67 | കാലിവീപ്പയുടെ വില തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു.<br>Written By: C.C Jyothimon (Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 30-04-2022) | 1-64 |
| 68 | അനുവദനീയമായതിലും അധികം അളവിൽ മൂല്യനിർണ്ണയം നടത്തി<br>Written By: C.C Jyothimon (Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 30-04-2022) | 1-65 |
| | **ഭാഗം 2** | |
| 1 | തൊഴിൽ നികുതി അർദ്ധവർഷ വരുമാനത്തിനനുസൃതമായി തുക ഈടാക്കിയില്ല<br>Written By: Renju Prakash (Senior Grade Auditor, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 30-04-2022) | 2-1 |
| 2 | തൊഴിൽ നികുതി അടവാക്കാത്തത് സംബന്ധിച്ച്<br>Written By: Siji (Auditor, On 26-03-2022)<br>Last Updated By: P. Sreedevi (Audit Officer, On 30-04-2022) | 2-2 |
| | **ഭാഗം 3** | |
| 1 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- തുക അധികം നൽകി<br>Written By: P. Sreedevi (Audit Officer, On 01-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 30-04-2022) | 3-1 |
| 2 | കാലിവീപ്പയുടെ വില ഈടാക്കിയതിൽ കുറവ്<br>Written By: C.C Jyothimon (Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 07-05-2022) | 3-2 |
| 3 | വിജയ പ്രിന്റേഴ്സ് മുതൽ തെക്കോട്ട് ഇന്റർലോക്കിംഗ്- അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 30-04-2022) | 3-3 |
| 4 | എർത്ത്ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല<br>Written By: C.C Jyothimon (Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 30-04-2022) | 3-4 |
| 5 | എർത്ത് വർക്ക് എസ്കവേഷന് ഉയർന്ന നിരക്ക് നൽകി<br>Written By: C.C Jyothimon (Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 30-04-2022) | 3-5 |
| 6 | ഇന്റർലോക്കിംഗ്- അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 30-04-2022) | 3-6 |
| 7 | അനുവദനീയമായതിലും അധികം അളവിൽ മൂല്യനിർണ്ണയം നടത്തി<br>Written By: C.C Jyothimon (Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 30-04-2022) | 3-7 |
| 8 | 12mm പ്ലാസ്റ്ററിംഗ് അനുവദനീയമായതിലും അധികം അളവിൽ മൂല്യനിർണ്ണയം നടത്തി<br>Written By: C.C Jyothimon (Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 30-04-2022) | 3-8 |
| 9 | കാലിവീപ്പയുടെ വില ഈടാക്കിയില്ല | 3-9 |

| | | |
|---|---|---|
| | Written By: C.C Jyothimon (Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 30-04-2022) | |
| 10 | കളത്രകാട്ട്- കുന്തറ ഫുട്പാത്ത് ഇന്റർലോക്കിംഗ്- അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 30-04-2022) | 3-10 |
| 11 | ബയോബിൻ മുൻഗണന വിഭാഗം(ബി.പി.എൽ)<br>Written By: Pushparaj V.K (Asst. Audit Officer, On 03-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 30-04-2022) | 3-11 |
| 12 | കൊച്ചുവെളി അമ്പലത്തിന് കിഴക്ക് കോന്നോത്ത് റോഡ് കാന നിർമ്മാണം-അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 02-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 30-04-2022) | 3-12 |
| 13 | ബയോബിൻ പൊതു വിഭാഗം(എ.പി.എൽ)-അധിക തുക ചെലവഴിച്ചത് സംബന്ധിച്ച്<br>Written By: Pushparaj V.K (Asst. Audit Officer, On 03-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 30-04-2022) | 3-13 |
| 14 | ജൈവ വാതക നിലയം-സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു<br>Written By: Pushparaj V.K (Asst. Audit Officer, On 03-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 30-04-2022) | 3-14 |
| 15 | വൃദ്ധർക്ക് കട്ടിൽ നല്കുന്ന പദ്ധതി- അനർഹരായവർക്ക് കട്ടിൽ നല്കിയത് സംബന്ധിച്ച്<br>Written By: Pushparaj V.K (Asst. Audit Officer, On 03-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 07-05-2022) | 3-15 |
| 16 | ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല-അധികചെലവിനിടയാക്കി<br>Written By: C.C Jyothimon (Audit Officer, On 25-03-2022)<br>Last Updated By: P. Sreedevi (Audit Officer, On 04-05-2022) | 3-16 |
| 17 | കൃഷി ഫീൽഡ് ഓഫീസർ-ആവശ്യമായ രേഖകളില്ലാതെ ആനുകൂല്യം നൽകി<br>Written By: C.C Jyothimon (Audit Officer, On 25-03-2022)<br>Last Updated By: P. Sreedevi (Audit Officer, On 04-05-2022) | 3-17 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Pushparaj V.K (Asst. Audit Officer, On 01-02-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 01-02-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Pushparaj V.K (Asst. Audit Officer, On 01-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 04-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Pushparaj V.K (Asst. Audit Officer, On 01-02-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 01-02-2022) | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Pushparaj V.K (Asst. Audit Officer, On 01-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 04-05-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Pushparaj V.K (Asst. Audit Officer, On 01-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 04-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Pushparaj V.K (Asst. Audit Officer, On 01-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 04-05-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Pushparaj V.K (Asst. Audit Officer, On 01-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 04-05-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Pushparaj V.K (Asst. Audit Officer, On 01-02-2022) | 4-8 |

| | | |
|---|---|---|
| | Last Updated By: Pushparaj V.K (Asst. Audit Officer, On 01-02-2022) | |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Pushparaj V.K (Asst. Audit Officer, On 01-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 04-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Pushparaj V.K (Asst. Audit Officer, On 01-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 04-05-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 13.3.2020 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 20.2.2021ലെ 1/1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 49,85,02,038 | 49,97,09,672 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെണ്ടീച്ചർ പത്രിക) | 29,64,30,894 | 28,86,30,206 |

## 1-1-1 ബജറ്റ്-അവലോകനം

2020-21 വർഷത്തെ ബജറ്റ് 13.03.2020 ൽ പാസാക്കിയിട്ടുണ്ട്. 20.2.21ലെ 1/1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്. ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

2. ബജറ്റിന്റെ അവലോകനം നടത്തുന്നില്ല .
ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

3.ബജറ്റിന്റെ പരിശോധന
ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2020-21 ലെ ബജറ്റ് 2020 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

4.ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർത്ഥ ചെലവ് (RP Statement പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | 2504005 | സാമൂഹ്യ വനവത്കരണം | 17,00,000/- | 10,00,000/- | 00 | വകയിരുത്തിയെങ്കിലും ചെലവില്ല |
| 2 | 2504006 | ചെറുകിടവ്യവസായം വികസന ഫണ്ട് | 25,00,000/- | 5,00,000/- | 00 | വകയിരുത്തിയെങ്കിലും ചെലവില്ല |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 26.07.2021 |

## 1-2-1 വാർഷിക ധനകാര്യ പത്രിക-ന്യൂനതകൾ

1.SBT (Own Fund) (450210100) എന്ന അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheques Deposited But Not Collected എന്നതിനു കീഴെ ഉൾപ്പെടുത്തിയിരിക്കുന്ന താഴെപ്പറയുന്ന ചെക്കുകൾ കാലാവധി(3 മാസം) കഴിഞ്ഞതാണെന്ന് കാണുന്നു.

| ചെക്ക് നം./ തീയതി | തുക |
|---|---|
| 175198 / 28.02.2013 | 312 |
| 962650 / 29.06.2017 | 1888 |
| 641198 / 16.09.2017 | 5000 |
| 542874 / 09.02.2018 | 12600 |
| 001624 / 16.02.2018 | 1250 |
| 391829 / 08.02.2018 | 1250 |
| 2443662 / 24.03.2018 | 1250 |

| | |
|---|---|
| രേഖപ്പെടുത്തിയിട്ടില്ല | 30 |
| 2434024/28.01.2019 | 45750 |
| 2047624/02.02.2019 | 83600 |
| 0330366/07.02.2019 | 54750 |
| 0784616/13.02.2019 | 24500 |
| 7646411/11.02.2019 | 1250 |
| 07646412/11.02.2019 | 13750 |
| 07765205/11.02.2019 | 38750 |
| 07765207/11.02.2019 | 1250 |
| 07765206/11.02.2019 | 3750 |
| 9334128/13.02.2019 | 185000 |
| 6616314/19.02.2019 | 9500 |
| 0505804/19.02.2019 | 44500 |
| 2360927/19.02.2019 | 100000 |
| 9334130/27.02.2019 | 2500 |
| 6493060/05.03.2019 | 23250 |
| 2471120/12.03.2019 | 22500 |
| 628680/19.03.2019 | 6300 |
| 930956/01.10.2019 | 7174 |
| 2808912/17.03.2020 | 6250 |

2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 20 പ്രകാരം യഥാസമയം പണമാകാത്ത ചെക്കുകൾക്ക് നല്കിയ റസീപ്റ്റ് ക്യാൻസൽ ചെയ്യേണ്ടതും അക്കൗണ്ട് ബുക്കുകളിൽ ആവശ്യമായ റിവേഴ്സ് എൻട്രികൾ വരുത്തേണ്ടതുമാണ്. എന്നാൽ മേൽ ചെക്കിന്റെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

പ്രസ്തുത അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheque Issued But Not Presented Into Bank എന്നതിനു കീഴെ താഴെപ്പറയുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ (ചെക്ക് തീയതി മുതൽ 3 മാസം) ഉൾപ്പെടുത്തിയിരിക്കുന്നു.

| ചെക്ക് നം./ തീയതി | തുക |
|---|---|
| 089932 / 17.01.2018 | 3500 |
| 089933 / 17.01.2018 | 3500 |
| 089949 / 31.01.2018 | 3121 |
| 089958 / 07.02.2018 | 314 |
| .../25.02.2019 | 1062 |
| ....../12.03.2019 | 654600 |
| 277055/28.09.2019 | 954 |
| 446477/15.02.2020 | 3300 |

2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 45 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൌണ്ടിലേക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. എന്നാൽ മേൽ ചെക്കിന്റെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

ഇതു കൂടാതെ പ്രസ്തുത അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Credited By The Bank എന്നതിനു കീഴെ മുൻകാലങ്ങളിലെ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ചെക്ക് നം./ തീയതി | തുക |
|---|---|
| 175198/15.03.2013 | 312 |
| 21.09.2018 | 0.75 |
| 930956/17.10.2019 | 7174 |
| 31.12.2019 | 0.08 |

ഇതു കൂടാതെ പ്രസ്തുത അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By The Bank എന്നതിനു കീഴെ മുൻകാലങ്ങളിലെ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ചെക്ക് നം./ തീയതി | തുക |
|---|---|
| 19.07.2010 | 81 |
| 29.04.2017 | .72 |
| 04.05.2017 | .37 |
| 07.04.2018 | .50 |
| 8.1.2019 | 177 |
| 8.1.2019 | 177 |
| 07.02.2019 | 354 |
| 8.02.2019 | 177 |

| | |
|---|---|
| 25.02.2019 | 177 |
| 02.09.2019 | .02 |
| 17.10.2019 | 7174 |
| 18.05.2020 | .59 |
| 04.12.2020 | .35 |

2.South Indian Bank A/c No.120053000043959 എന്ന അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Credited By The Bank എന്നതിനു കീഴെ 10.12.2020-ൽ അക്കൌണ്ടിൽ ക്രഡിറ്റായ 73665/- രൂപ ഉൾപ്പെടുത്തിയിരിക്കുന്നു.

3.ICICI-Swatch Bharath Mission Urban (450420100) എന്ന അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By The Bank എന്നതിനു കീഴെ മുൻകാലങ്ങളിലെ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ചെക്ക് നം./ തീയതി | തുക |
|---|---|
| 26.09.2018 | 5333 |
| 03.10.2018 | 53330 |
| 15.05.2019 | 5333 |

4.Canara Bank Ayyankali (450410200) എന്ന അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By The Bank എന്നതിനു കീഴെ മുൻകാലങ്ങളിലെ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ചെക്ക് നം./ തീയതി | തുക |
|---|---|
| 26.06.2019 | 6 |
| 06.07.2019 | 6 |
| 10.01.2020 | 6 |
| 13.01.2020 | 6 |

പ്രസ്തുത അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheque Issued But Not Presented Into Bank എന്നതിനു കീഴെ താഴെപ്പറയുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ (ചെക്ക് തീയതി മുതൽ 3 മാസം) ഉൾപ്പെടുത്തിയിരിക്കുന്നു.

| ചെക്ക് നം./ തീയതി | തുക |
|---|---|
| 12/17..06.2019 | 12 |

5.വാർഷിക ധനകാര്യ പത്രിക പ്രകാരം LGTSB (Own Fund) A/C No.799013000000107 എന്ന അക്കൌണ്ടിൽ 7164099/-രൂപ നീക്കിയിരിപ്പുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഈ അക്കൌണ്ടിന്റെ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം ഈ അക്കൌണ്ടിൽ നീക്കിയിരിപ്പ് ഒന്നും തന്നെയില്ല. വ്യത്യാസം റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി വിശദീകരിച്ചിട്ടില്ല.

6.ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള വരവ് ചെലവുകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

7.നികുതി നികുതിയേതര വരവിനങ്ങളുടെ രജിസ്റ്ററുകളിൽ ഡി.സി.ബി തയ്യാറാക്കി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

8.വാർഷിക കണക്ക് പ്രകാരമുള്ള അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ അയ്യങ്കാളി നഗര തൊഴിലുറപ്പ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരം | തൊഴിലുറപ്പ് വിഭാഗത്തിൽ നിന്നുള്ള കണക്ക് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 49143 | 48591 |
| വരവ് | 12548932 | 12548932 |
| ചെലവ് | 11507145 | 11507250 |
| നീക്കിയിരിപ്പ് | 19203666 | 1090273 |

9.വാർഷിക ധനകാര്യ പത്രിക പ്രകാരം ധനകാര്യ കമ്മീഷൻ അവാർഡിനത്തിൽ തൻവർഷം ആകെ 57134358/രൂപ (ടൈഡും അൺടൈഡും ഉൾപ്പെടെ) വരവ് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ സുലേഖയിൽ നിന്നുള്ള എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 55204844/-രൂപ മാത്രമാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ നിന്നും സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷനായി ചെലവഴിച്ച 1929514/-രൂപയുടെ ചെലവ് സുലേഖ എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടു വന്നിട്ടില്ല.

10.ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വായ്പായിനത്തിൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല. വായ്പയുടെ വിനിയോഗത്തിനായുള്ള ബാങ്ക് അക്കൌണ്ട്, തൻവർഷത്തെ അലോട്ട്മെന്റ് ലെറ്ററുകൾ എന്നിവ പരിശോധിച്ചതിൽ വാർഷിക കണക്ക് പ്രകാരം ലോൺ ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളിൽ പൊരുത്തക്കേടുള്ളതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| മുന്നിരിപ്പ് | 45706666 | 53533332 |

| | | |
|---|---|---|
| തൻവർഷം ലഭിച്ച തുക | 29800000 | 29800000 |
| ആകെ | 75506666 | 83333332 |
| തിരിച്ചടച്ച തുക | 893335 | 9066665 |
| നീക്കിബാക്കി | 76400001 | 74266667 |

11.തൻവർഷത്തെ പദ്ധതി ചെലവ് പത്രിക പ്രകാരം വിവിധ പദ്ധതികളുടെ നിർവഹണത്തിനായി വിവിധ ഏജൻസികളിൽ മുൻകൂറായി പണം നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. എന്നാൽ തൻവർഷ ബാലൻസ് ഷീറ്റിൽ ഈ ഇനങ്ങളിൽ തൻവർഷം നിക്ഷേപിച്ച തുക ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| തുക നിക്ഷേപിച്ച സ്ഥാപനം | ഇനം | തുക |
|---|---|---|
| പി.ഡബ്ല്യു.ഡി | കടമുറി നിർമാണത്തിന് തുക കൈമാറൽ | 3020000 |
| പി.ഡബ്ല്യു.ഡി | താലൂക്ക് ആശുപത്രിയിൽ എക്സ് റേ യൂണിറ്റ് നിർമാണം | 1710000 |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 6222000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 619609 |

12.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18- പ്രകാരം Festival Advances To Employees എന്നയിനത്തിൽ 217280/- രൂപ കിട്ടാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ലഡ്ജർ പരിശോധിച്ചതിൽ വർഷങ്ങളായി പിരിഞ്ഞു കിട്ടാനുള്ള തുകയാണിവയെന്ന് ബോധ്യപ്പെട്ടു. എന്നാൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ നഗരസഭയിൽ ലഭ്യമല്ല.

13.സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2020 ൽ പൊതു തെരഞ്ഞെടുപ്പ് നടത്തുന്നതിന് ആവശ്യമായ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിലേയ്ക്ക് ആവശ്യമായ തുക (133115/-രൂപ) മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)-ൽ നിന്നും സോഴ്സ് ഡിഡക്ഷനിലൂടെ ഈടാക്കിയിട്ടുണ്ട്. എന്നാൽ ഈ തുകയ്ക്ക് ജി.ഒ. പ്രോജക്ട് രൂപീകരിക്കാതിരുന്നതു മൂലം ഈയിനത്തിലുള്ള തുക ഇൻകം & എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് I-6-ൽ ഉൾപ്പെട്ടു വന്നിട്ടില്ല.

മേൽ ന്യൂനതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണത്തിന് (നം.5 തീയതി 18.01.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 47998988.45 |
| വരവ് | 329326670 |
| ആകെ | 377325658.45 |
| ചെലവ് | 304623428 |
| നീക്കിയിരിപ്പ് | 72702230.45 |
| വരവിനങ്ങളിലും നഷ്ടം | 32300 |
| ചെലവിനങ്ങളിലെ നഷ്ടം | 661732 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 31914570 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി. ആർ പ്രകാരം) | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 60135219 | 60135219 | 10468265 | 58674985 | 1460234 |
| വികസന ഫണ്ട് (എസ്.സി.പി.) | | 6147000 | 6147000 | | 4036557 | 2110443 |
| വികസന ഫണ്ട് (റ്റി.എസ്.പി) | | 365000 | 365000 | | 104800 | 260200 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | 12711000 | 12711000 | | 11882750 | 828250 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 13027885 | 13027885 | 133115 | 12977086 | 50799 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ് ഗ്രാന്റ്) | | 32300000 | 32300000 | | 8943332 | 23356668 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (അൺ ടൈഡ് ഗ്രാന്റ്) | | 87041805 | 87041805 | | 48191026 | 38850779 |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ

നഗരസഭയിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. നഗരസഭയിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് ജനറലിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (/-രൂപ) കഴിച്ചുള്ള തുകയാണ്. എന്നാൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് സോഴ്സ് ഡിഡക്ഷൻ കൂടി ഉൾപ്പെട്ട തുകയാണ്. തന്മൂലം വരവ്, നീക്കിയിരിപ്പ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 60135219 | 60135219 | 69143250 | (-)9008031 |
| യഥാർത്ഥ തുക | 0 | 70603484 | 70603484 | 69143250 | 1460234 |

2.നഗരസഭയിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) വരവായി രേഖപ്പെടുത്തിയിരിക്കുന്നത് വോട്ടിംഗ് മെഷീന്റെ വിലയിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (133115/-രൂപ) കഴിച്ചുള്ള തുകയാണ്. എന്നാൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് സോഴ്സ് ഡിഡക്ഷൻ കൂടി ഉൾപ്പെട്ട തുകയാണ്. തന്മൂലം വരവ്, നീക്കിയിരിപ്പ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 13027885 | 13027885 | 12977086 | 50799 |
| യഥാർത്ഥ തുക | 0 | 13161000 | 13161000 | 13110201 | 50799 |

3.ധനകാര്യ കമ്മീഷൻ (ടൈഡ് ഗ്രാന്റ്) -ൽ നിന്നും സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷനായി ചെലവഴിച്ച 1650000/-രൂപയുടെ ചെലവ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടു വന്നിട്ടില്ല. തന്മൂലം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ചെലവ്, നീക്കിയിരിപ്പ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 32300000 | 32300000 | 7293332 | 25006668 |
| യഥാർത്ഥ തുക | 0 | 32300000 | 32300000 | 8943332 | 23356668 |

4.ധനകാര്യ കമ്മീഷൻ (അൺടൈഡ് ഗ്രാന്റ്)-ൽ നിന്നും സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷനായി ചെലവഴിച്ച 279514/-രൂപയുടെ ചെലവ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടു വന്നിട്ടില്ല. തന്മൂലം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ചെലവ്, നീക്കിയിരിപ്പ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 87041805 | 87041805 | 47911512 | 39130293 |
| യഥാർത്ഥ തുക | 0 | 87041805 | 87041805 | 48191026 | 38850779 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 347 | 222333301 | 246 | 155724388 | | 101 | 70.89 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 48591 | 1502637 | 1551228 | 460955 | 1090273 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 11046295 | 11046295 | 11046295 | |

വാർഷിക കണക്കും എൻ.ആർ.ഇജി.എസ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തക്കേടുകൾ ഉണ്ടായിരുന്നതിനാൽ എൻ.ആർ.ഇ.ജി.എസ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റിനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയത്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 203880 | 290 |
| കർഷകതൊഴിലാളി പെൻഷൻ | 5093200 | 2012 |
| വിധവാ പെൻഷൻ | 18237800 | 7354 |
| വാർദ്ധക്യകാല പെൻഷൻ | 40211300 | 16177 |
| വികലാംഗ പെൻഷൻ | 7369000 | 2886 |
| അവിവാഹിത പെൻഷൻ | 2016500 | 826 |
| വിധവകളുടെ പെണ്മക്കളുടെ വിവാഹ ധനസഹായം | 330000 | 11 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.01.2022, 3.30 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 284847/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

2.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3.വിവിധ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ വർഷാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല. പ്രത്യേകിച്ചും വസ്തു നികുതി സംബന്ധിച്ച ആകെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തി ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം നഗരസഭയിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

5. വസ്തുനികുതി പരിഷ്കരണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. ബസ് സ്റ്റാന്റ് പിരിവ്, മത്സ്യമാർക്കറ്റ് പിരിവ് എന്നിവയുടെ കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിലെ കാലതാമസം വരുമാന നഷ്ടത്തിനിടയാക്കുന്നു.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 രസീത് പിരിവിലെ അപാകതകൾ

1. ക്യാൻസൽ ചെയ്യുന്ന രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

2. 19/379A നം. വസ്തുവിനായി എഴുതിയിരിക്കുന്ന 363/36269, തീയതി 9.2.21 -ാം നം. രസീത് ക്യാൻസൽ ചെയ്തിരിക്കുന്നു. രസീതിന്റെ അസലിലും പകർപ്പിലും വ്യത്യസ്ത തുകകളും ഇനങ്ങളുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

3. ഒരു വ്യക്തിക്ക് രസീത് എഴുതി ക്യാൻസൽ ചെയ്തതിനുശേഷം ടിയാൾക്ക് വീണ്ടും രസീത് എഴുതുന്നതായി കാണുന്നില്ല.

ഇപ്രകാരം രസീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ കേരള ഫിനാൻഷ്യൽ കോഡ് വോള്യം1 ആർട്ടിക്കൾ 336 ലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.
ഉദാ :-

| രസീത് ബുക്ക് നം. | രസീത് നം. |
|---|---|
| 357 | 36656 |
| 397 | 39694 |
| 369 | 36838 |
| 402 | 40178 |
| 396 | 39559, 39560, 39561 |

4. നഗരസഭയുടെ ലൈബ്രറിയിൽ ഉപയോഗിക്കുന്ന രസീതുബുക്കുകൾ വഴി പിരിക്കുന്ന തുകകൾ ലൈബ്രറി ബൈലോ പ്രകാരം ആഴ്ചയിലൊരിക്കൽ നഗരസഭയിൽ അടവാക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ അപ്രകാരം ചെയ്യുന്നില്ല.

ഉദാ :- ബുക്ക് നം.293 –രസീത് നം.29279/24.2.21 മുതൽ 29300/19.3.21 വരെയുള്ള തുക (2475/- രൂപ) അടവാക്കിയിരിക്കുന്നത് 20.3.2021 ൽ മാത്രമാണ്. വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറി (21/25.1.22) ക്കുള്ള മറുപടിയിൽ അപാകതകൾ ആവർത്തിക്കില്ലെന്നും തുക കൃത്യമായി മേലിൽ അടവാക്കുന്നതാണെന്നും ലൈബ്രേറിയൻ അറിയിച്ചിട്ടുണ്ട്.

## 1-11 കൃഷിഭവൻ - രസീത് പിരിവിലെ അപാകതകൾ

കൃഷി ഭവനിൽ ഉപയോഗിക്കുന്ന രസീതു ബുക്കുകൾ മുഖാന്തിരമുള്ള പിരിവുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുകയുണ്ടായി.

1. 27.3.2021 മുതൽ 31.3.2021 വരെയുള്ള തുക ഒരുമിച്ച് നഗരസഭയിൽ 31.3.2021 ലാണ് അടവാക്കിയിരിക്കുന്നത്. കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 7(2) പ്രകാരം ദിവസേനയുള്ള കളക്ഷൻ തൊട്ടടുത്ത പ്രവൃത്തിദിവസംതന്നെ ട്രഷറിയിൽ അടവാക്കേണ്ടതാണ്.

2. ബുക്ക് നം. 420 ൽ 2020-21 ലെ രസീതുകൾ എഴുതിയതിനുശേഷം തുടർച്ചയായിട്ടാണ് 2021-22 ലെ രസീതുകൾ എഴുതിയിരിക്കുന്നത്. ഒരോ സാമ്പത്തിക വർഷാവസാനവും ബാക്കിയുള്ള രസീതുകൾ ക്യാൻസൽ ചെയ്ത് രസീത് ബുക്കുകൾ തിരികെ ഏല്പിക്കേണ്ടതാണ്.

3. കൃഷിഭവനിൽ ഒരേ സമയം തന്നെ ബുക്ക് നം.330, 331 എന്നിവ പിരിവിനായി ഉപയോഗിച്ചിരിക്കുന്നു. ടി ബുക്കുകൾ പ്രകാരം പിരിച്ചിരിക്കുന്ന തുക കളക്ഷൻ രജിസ്റ്ററിൽ ചേർക്കുകയോ നഗരസഭയിൽ ഒടുക്കിയതിന്റെ സാംഖ്യ രസീത് ഓഡിറ്റിൽ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഓരോ ദിവസത്തെയും തുക അതേ ദിവസത്തെ അവസാന രസീതിന്റെ പിൻവശം കൂട്ടി എഴുതി നഗരസഭയിൽ അടവാക്കിയിരിക്കുന്നതായി രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്.

4. 04.04.2020 ൽ 32901 -ാം നമ്പർ രസീത് മുതൽ 32933-ാം നമ്പർ രസീത് വരെയുള്ള ഗുണഭോക്തൃവിഹിതം പിരിവ് തുക 247500/- രൂപയാണ്. എന്നാൽ നഗരസഭയിൽ അടവാക്കിയിരിക്കുന്നത് 250000/- എന്നാണ് രസീതിന്റെ പിൻവശം രേഖപ്പെടുത്തിയിരിക്കുന്നത്. 2500/- രൂപ കൂടുതലായിട്ടാണ് നഗരസഭയിൽ അടവാക്കിയതായി കാണിച്ചിരിക്കുന്നത്. 250000/- എന്നത് ടിഷ്യൂ കൾച്ചർ വാഴത്തൈ വിതരണം എന്ന പദ്ധതിയിൽ ആകെ ഈടാക്കേണ്ട ഗുണഭോക്തൃവിഹിതമാണ്. ടിഷ്യുകൾച്ചർ വാഴത്തൈയും വളവും ഉൾപ്പെടെയുള്ള 80 യൂണിറ്റ് വിതരണം നടത്തിയതായാണ് രസീത് നം. 32933 പ്രകാരം കാണുന്നത്. ആയതിന് 10000/- രൂപ ഗുണഭോക്തൃവിഹിതം ഈടാക്കേണ്ടതാണെങ്കിലും 7500/-രൂപ മാത്രമാണ് ഈടാക്കിയിരിക്കുന്നത്. ടി തുകയാണ് മേൽ സൂചിപ്പിച്ച വ്യത്യാസത്തിന് കാരണമായത്.

5. ബന്ധപ്പെട്ട വാർഡ് കൗൺസിലർമാരുടെ പേരിലാണ് ഒരോ വാർഡിലെയും ആകെ ഗുണഭോക്തൃവിഹിതം പിരിച്ചതിന്റെ രസീത് എഴുതിയിരിക്കുന്നത്. കൗൺസിലർമാർ വിതരണവിവരമോ പണം പിരിച്ചതിന്റെ വിശദാംശങ്ങളോ ഹാജരാക്കിയിട്ടില്ല.

## 1-12 ലേലം - എല്ലാ ഇനങ്ങളിലും നടക്കുന്നില്ല - വരുമാന നഷ്ടം

2019-20 ൽ ലേല രജിസ്റ്റർ പ്രകാരം ലേലം ചെയ്തിരുന്ന താഴെപറയുന്ന ഇനങ്ങൾ 2020-21 ൽ ലേലം ചെയ്തിട്ടുള്ളതായി കാണുന്നില്ല.

| ഇനം | 2019-20 വരവ് | 2020-21 വരവ് |
|---|---|---|

| | | |
|---|---|---|
| പ്രൈവറ്റ് ബസ് സ്റ്റാന്റ് ഫീസ് പിരിവ് | 13,99,999 | 00 |
| പബ്ലിക് ഹാൾട്ടിംഗ് | 1,45,000 | 00 |
| കംഫർട്ട് സ്റ്റേഷൻ, പ്രൈവറ്റ് ബസ് സ്റ്റാന്റ് | 85,000 | 00 |

07.03.2020 ൽ നടന്ന പ്രൈവറ്റ് ബസ് സ്റ്റാന്റ് ഫീസ് പിരിവ് ലേലത്തിൽ 2 ക്വട്ടേഷനുകൾ ലഭിച്ചിട്ടുണ്ട്.

| ലേലത്തിൽ പങ്കെടുത്ത വ്യക്തികൾ | ക്വാട്ട് ചെയ്ത തുക |
|---|---|
| അനിൽ ജോൺ, മംഗലത്ത് കരി | 11,30,000 |
| ആന്റണി എം.ജെ, മന്നലേൽ | 10,90,000 |

മേൽ തീയതിയിൽ ലേലം ഉറപ്പിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിന്മേൽ പുനർലേലം നടന്നിട്ടില്ല എന്ന വ്യക്തമാണ്. 25.08.2020 ൽ നടന്ന പബ്ലിക് ഹാൾട്ടിംഗ് ഫീസ് ലേലത്തിൽ 32000/- രൂപ ക്വട്ടേഷൻ സമർപ്പിച്ചതായും ക്വാട്ട് ചെയ്ത തുക കുറവായതിനാൽ ക്വട്ടേഷൻ തുക അംഗീകരിച്ചില്ല എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, 2018-19 വർഷം 2,76,000/- രൂപയ്ക്ക് ലേലം കൊണ്ടതും എന്നാൽ ഭൂമി കൈമാറാൻ സാധിക്കാതെ വന്നതുമായ പേ & പാർക്ക് (ചേർത്തല റെയിൽവേ സ്റ്റേഷന് എതിർവശം) നാളിതുവരെ ലേലം നടത്തിയതായി കാണുന്നില്ല. പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് (നം. 23/2020-21, തീയതി – 25.01.2022) മറുപടി ലഭ്യമാക്കിയില്ല.

നഗരസഭയ്ക്ക് വരുമാന ദായകമായ ഇനങ്ങൾ പൂർണ്ണമായും ഉപയോഗപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 ഡി ആന്റ് ഒ ലൈസൻസ് ഫീ പൂർണ്ണമായും ഈടാക്കിയില്ല

2019-20 വർഷം ഡി ആന്റ് ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യക്തികൾ 2020-21 വർഷം ലൈസൻസ് എടുത്തതായി കാണുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| അപേക്ഷകന്റെ പേര്, മേൽ വിലാസം | 2019-20 വർഷം ഒടുക്കിയ തുക |
|---|---|
| സുഹൃത്ത് ലാൽ, വി. എസ് മാർബിൾസ് | 2000 |
| സജീവ്. പി.ജി, പുതുവൽ നികർത്ത്, PABS Pickles | 1000 |
| മന്മദൻ, കണ്ണാട്ട് ചിറ | 500 |
| ഗോപാലകൃഷ്ണൻ നായർ, കുന്നത്ത് ചിറ | 500 |
| സുനീഷ് കുമാർ കെ ജി | 1000 |
| ശശി കുമാർ. പി, പത്മാലയം | 1500 |
| അനീഷ്.കെ.വി, കണിപറമ്പിൽ, പദ്മുഖം | 2000 |
| എൻ. സുഗതൻ, പെരുംപാറ | 500 |
| സാബു കെ.എസ്, കണ്ണംപള്ളി വെളി | 500 |
| നിധി, നിധി നിവാസ് | 500 |
| ശശി, കയ്യത്ത് | 500 |
| ലീന ആന്റണി, ചേന്നോത്ത് കരിയിൽ | 750 |
| കെ.റ്റി. വർഗീസ്, കുന്നശ്ശേരി | 1000 |
| വി കെ ശ്രീനിവാസൻ, വട്ടകാട്ടുവെളി | 500 |
| ജോസഫ് വർഗീസ്, സൈക്കിൾ റിപ്പയറിംഗ് | 500 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/2020-21, തീയതി – 24.01.2022) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ, പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്ന കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിൽ ചട്ടം (കുറ്റങ്ങൾ രാജിയാക്കൽ) ചട്ടം 462 പ്രകാരം തുക ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി - അപാകതകൾ

2020-21 വർഷത്തെ തൊഴിൽനികുതി ഒടുക്കുന്നതിനായി സ്ഥാപനത്തലവൻ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകൾ, ഡിമാന്റ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ, കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനയുടമ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല. വിശദവിവരം പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം /(അർദ്ധവർഷം) | ജീവനക്കാരന്റെ പേര്, തസ്തിക | പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന അർദ്ധ വർഷ വരുമാനം /അടിസ്ഥാന ശമ്പളം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| 1 | ഗവ. ആയുർവേദ ആശുപത്രി (രണ്ടാം അർദ്ധവർഷം) | ഡോ സ്മിത മെഡിക്കൽ ഓഫീസർ | 34000x6=204000 | 1250 | 750 | 500 |
| 5/602 H<br>ശ്രീമതി അമിത ജി നായർ, എമരത്ത് ഹൌസ്,<br>ചേർത്തല.പി. ഒ | സഞ്ചയയിൽ ടി കെട്ടിട വിവരം ലഭ്യമല്ല. |
| 4/711B<br>ശ്രീ.പി.ഡി സാജൻ, കുട്ടത്ത്പറമ്പ് തെക്കേവെളി, ചേർത്തല സൌത്ത് പി ഒ | സഞ്ചയയിൽ ടി കെട്ടിടം (വിസ്തീർണ്ണം - 73.44എം$^2$) പാർപ്പിടാവശ്യത്തിനായിട്ടാണ് നിർണയിച്ചിട്ടുള്ളത്. |
| 11/339 T<br>ശ്രീ. വിജയ കുമാർ, ത്രിവേണി,<br>മരുത്തോർവട്ടം പി. ഒ, ചേർത്തല | സഞ്ചയയിൽ ടി കെട്ടിട വിവരം ലഭ്യമല്ല. |
| 3/2 D<br>ശ്രീ. ദിലീപ് വി എസ്, ദീപ്തി, പട്ടണക്കാട് പി.ഒ | സഞ്ചയയിൽ ടി കെട്ടിടം (വിസ്തീർണ്ണം - 13.48എം 2) പാർപ്പിടാവശ്യത്തിനായിട്ടാണ് നിർണയിച്ചിട്ടുള്ളത്. |
| 22 / 273<br>ശ്രീമതി അനിലമ്മ ജോജോ, കോയിക്കര, ചേർത്തല. പി. ഒ | അപേക്ഷയിലും സഞ്ചയ ഡേറ്റാ ബേസിലും ടി കെട്ടിടം ശ്രീമതി ജീനാ മോൾ, തെക്കേ തൈവേലിയ്ക്കകത്ത് എന്നയാളുടെ പേര് രേഖപ്പെടുത്തിയിട്ടുണ്ട്. ടി കെട്ടിടത്തിന്റെ നികുതി തുകയുടെ വിവരം ലഭ്യമല്ല. |

ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/2020-21, തീയതി - 18.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അപാകത പരിഹരിച്ച ഫാറം -6, പരിഷ്കരിച്ച് നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ/ഈടാക്കുവാൻ പൂർണ്ണമായും വിട്ടുപോയിട്ടുണ്ടെങ്കിൽ തുക ഈടാക്കിയതിന്റെ രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-23 അഡ്വാൻസുകൾ ക്രമീകരിക്കുന്നതിലെ അപാകതകൾ

1. താഴെപ്പറയുന്ന അഡ്വാൻസുകൾ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ക്രമീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

| വൗച്ചർ നം., തീ. | തുക | അഡ്വാൻസ് കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|
| 84/5-20, 3.5.19 | 32500/- | സജേഷ്കുമാർ, പി.ഡബ്ല്യൂ.ഒ.lll |
| 51/2-21, 14.2.20 | 25000/- | സജേഷ്മോൻ - പി.ഡബ്ല്യൂ.ഒ.lll |
| 106/3-21, 14.2.20 | 7500/- | അജിതാറാണി, സൂപ്രണ്ട് |

2. നല്കുന്ന മുൻകൂറുകൾ മൂന്ന മാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതാണെങ്കിലും നിരവധി മാസങ്ങൾക്കുശേഷവും ഒരു വർഷത്തിന ശേഷവുമാണ് നഗരസഭയിൽ പല മുൻകൂറുകളും ക്രമീകരിച്ചിട്ടുള്ളത്.

ഉദാ :-

| വൗച്ചർ നം. | തുക | ക്രമീകരിച്ച മാസം | ഉണ്ടായ കാലതാമസം |
|---|---|---|---|
| 72/6-20 | 31000 | 67/9-21 | 15 മാസം |
| 73/6-20 | 45000 | 66/7-21 | 13 മാസം |
| 120/8-20 | 25000 | 55/10-21 | 14 മാസം |
| 26/11-20 | 12000 | 74/7-21 | 9മാസം |
| 72/11-20 | 50000 | 55/10-21 | 11 മാസം |
| 42/11-20 | 100000 | 55/10-21 | 11 മാസം |

നിരവധി അഡ്വാൻസുകൾ ക്രമീകരിക്കുവാൻ ഇപ്രകാരം കാലതാമസമുണ്ടായിട്ടുണ്ട്. ആയത് കെ.എഫ്.സി. വാല്യം I ആർട്ടിക്കിൾ 99, സർക്കാർ ഉത്തരവ് ജി.ഒ.(പി)നം.419/11/ഫിൻ.തീയതി 04.10.2011 എന്നിവ പ്രകാരം നിയമാനസ്യത പലിശ സഹിതം ഈടാക്കേണ്ടതാണ്. ഇത സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/25.1.22) മറുപടി ലഭ്യമാക്കിയില്ല. അഡ്വാൻസുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-24 വാഹനം റിപ്പയർ ചെയ്തത് - ബില്ലുകൾ ലഭ്യമല്ലാത്തത് സംബന്ധിച്ച്

1. കോവിഡ് സ്പെഷ്യൽ ഡ്യൂട്ടിക്കായി ഉപയോഗിച്ചിരുന്ന നഗരസഭയുടെ KL 32B 4940 നം. ബോലേറോ ജീപ്പിന്റെ എഞ്ചിൻ തകരാറുകൾ പരിഹരിക്കുന്നതിനായി ചെയർമാൻ നല്കിയ മുൻകൂർ അനുമതിയുടെ അടിസ്ഥാനത്തിൽ M/s. Carvally, Cherthala സമർപ്പിച്ചക്വട്ടേഷൻ പ്രകാരം 76273/- രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ള താണെന്നും തുക കാർവാലിയുടെ പേരിൽ അനുവദിക്കുവാനും ചെയർമാൻ 01.10.2020 ൽ നല്കിയ മുൻകൂർ അനുമതി സാധൂകരിക്കുവാനും 4.11.2020 ലെ കൗൺസിൽ 10-ാം നമ്പറായി തീരുമാനമെടുത്തു.

കാർവാലിയുടെ ഇൻവോയ്സ് നം. CVC 299/20-21/16.11.2020 പ്രകാരമുള്ള 52504/- രൂപയുടെ റിപ്പയറിങ്ങിന്റെ വിശദീകരണമായി എഴുതിയിട്ടുള്ള നോട്ട് ഫയലിൽ ഡ്രൈവർ അനീഷ് 25.9.2020 ൽ നല്കിയ അപേക്ഷ പ്രകാരം 76290/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് തീരുമാനമെടുത്തിട്ടുള്ളതാണെന്നും ആയത് പ്രകാരം പണി പൂർത്തീകരിച്ച് ബന്ധപ്പെട്ട ഓവർസിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബിൽ തുകയായ 76273/- രൂപ അനുവദിക്കുന്നതിന് PWSC തീരുമാ നിച്ചിട്ടുള്ളതും തുക നല്കിയിട്ടുള്ളതുമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും അർഹമായ നികുതികൾ കുറവ് ചെയ്തശേഷം 74747/- രൂപ നൽകിയിട്ടുണ്ട്.

തുക നല്കിയ വിവരം - ചെക്ക് നം. 816680/11.11.2020 തുക 74747/-
എന്നാൽ ടി തുകയുടെ തീയതി രേഖപ്പെടുത്താത്ത എസ്റ്റിമേറ്റ് മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. പ്രവൃത്തിയുടെ ബിൽ ലഭ്യമാക്കിയിട്ടില്ല.
തുക നല്കിയിരിക്കുന്നതു സംബന്ധിച്ച നോട്ട് ഫയലിൽ ടി വാഹനത്തിന് 12.6.2020 ൽ 28464/- രൂപ അറ്റകുറ്റപ്പണികൾക്കായി നല്കിയിരുന്നതായും വീണ്ടും 76273/- രൂപ നല്കേണ്ടിവരുന്നവെന്നും ടി സാഹചര്യത്തിൽ വണ്ടിയുടെ Condition പരിശോധിക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണെന്നും കാണുന്നു. ആയത് പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതും മെയിന്റനൻസ് രജിസ്റ്ററും ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നല്കിയിരുന്നെങ്കിലും (നം.8/22.1.22) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയുടെ ബിൽ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

2. മേൽ പരാമർശിച്ചിട്ടുള്ളതിന് പുറമേ ഇതേ വാഹനം റിപ്പയർ ചെയ്തത് സംബന്ധിച്ച് Carvally, Cherthala എന്ന സ്ഥാപനം നം. CVC 299/20-21, തീ.16.11.2020 പ്രകാരം 52504/- രൂപയുടെ (31426 + 20318) ഇൻവോയ്സ് നല്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് സംബന്ധിച്ചോ പ്രവൃത്തി നിർവ്വഹിച്ചതായോ ഫയലിൽ പരാമർശിച്ചിട്ടില്ല എന്ന് ഇത സംബന്ധിച്ച നോട്ട് ഫയലിൽ സെക്ഷൻ ക്ലർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മുൻ ക്ലാർക്കിനോട് അന്വേഷിച്ചതിൽ അന്നത്തെ സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം ടി പ്രവൃത്തികൾ Work Order നല്കാതെ ചെയ്തിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുള്ളതെന്നും നോട്ട് ഫയലിൽ കാണുന്നു.

മേൽ സമയത്തെ ഡ്രൈവർ, ഓവർസിയർ എന്നിവരോട് റിപ്പോർട്ട് തേടുന്നതിനുള്ള സെക്രട്ടറിയുടെ നിർദ്ദേശത്തിന്മേൽ ടി കാലയളവിൽ വാഹനം ഓടിച്ചിരുന്ന ഡ്രൈവർ നഗരസഭയിൽ നിലവിലില്ലെന്നും ഓവർസിയർ സ്ഥലം മാറിപ്പോയതായും സെക്ഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുടർന്ന് വർക്ക് ഓർഡർ നല്കാതെ ചെയ്ത പ്രവൃത്തിയായതിനാൽ മാവേലിക്കരയിലുള്ള പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ സബ് ഡിവിഷൻ അസി. എക്സി. എഞ്ചിനീയറോട് പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ടോ എന്ന റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി കത്ത് നല്കുകയുണ്ടായി. ടി കാര്യാലയത്തിന്റെ അനുമതിയില്ലാതെ ചെയ്ത പ്രവൃത്തിയായതിനാലും തുക ടി കാര്യാലയത്തിന്റെ പരിധിക്ക് പുറത്തായതിനാലും ഇത് സംബന്ധിച്ച് സാധൂകരണം നല്കേണ്ടത് എക്സി. എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ ഡിവിഷൻ, തിരുവനന്തപുരമാണെന്നും ആ കാര്യാലയത്തിൽ അപേക്ഷ

സമർപ്പിക്കുന്നതിനായി നഗരസഭയിൽനിന്നും കൂടുതൽ രേഖകൾ ആവശ്യപ്പെട്ട് കത്ത് (നം.DB-43/ALP/21, തീ.15.9.21) നല്കുകയും ചെയ്തിട്ടുണ്ട്. പിന്നീട് മേൽ നടപടികൾ സ്വീകരിച്ചതായി ഫയലിൽ കാണുന്നില്ല.
മേൽ വാഹനത്തിന്റെ എഞ്ചിൻ തകരാറുകൾ റിപ്പയർ ചെയ്തതിനായി കാർവാലിക്ക് ചെക്ക് നം. 816680/11.11.2020 പ്രകാരം 74747/- രൂപ നല്കിയിട്ടുണ്ട്. 16.11.2020 ൽ ടി സ്ഥാപനത്തിൽ നിന്നും വീണ്ടും 52504/- രൂപയുടെ ഇൻവോയ്സ് നല്കിയതും ആയത് സംബന്ധിച്ച വ്യക്തമായ രേഖകളില്ലാത്തതും ദുരൂഹമാണ്.

മേൽ തുക അനുവദിക്കുന്നതിനായി 9.3.21 ൽ Carvally മാനേജിംഗ് പാർട്ട്നർ ഒരു പരാതി മുനിസിപ്പൽ ചെയർപേഴ്സൺ മുമ്പാകെ നല്കിയിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ കാലത്ത് അന്നത്തെ ചെയർമാന്റെയും സെക്രട്ടറിയുടെയും നിർദ്ദേശപ്രകാരമാണ് ടി പ്രവൃത്തി നടപടിക്രമങ്ങൾ പാലിക്കാതെതന്നെ രാത്രിക്കുപോലും നിന്ന് പണിതുകൊടുത്തതെന്നും ആയതിന് അന്നത്തെ ചെയർമാനും സെക്രട്ടറിയും അഭിനന്ദനങ്ങൾ അറിയിച്ചിരുന്നതായും പരാതിയിൽ ബോധിപ്പിക്കുന്നുണ്ട്.

ടി രണ്ടാമത്തെ ഇൻവോയിസ് പ്രകാരം നിർവ്വഹിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള 52504/- രൂപയുടെ പ്രവൃത്തിയുടെ ആധികാരികത സംബന്ധിച്ച് വകുപ്പുതല അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

## 1-25 ചേർത്തല മുനിസിപ്പൽ ബസ് സ്റ്റാൻഡ് - അടിസ്ഥാന സൌകര്യങ്ങൾ ലഭ്യമല്ല

2019- 20 വർഷത്തെ പ്രൈവറ്റ് ബസ് സ്റ്റാന്റ് ലേലം ഫയൽ പരിശോധിച്ചതിൽ, പ്രൈവറ്റ് ബസ് പിരിവിനത്തിൽ 40/- രൂപ നിരക്കിൽ തുക ഒടുക്കാൻ ബസുടമകൾ തയ്യാറാകുന്നില്ലെന്ന് ലേലം കൊണ്ട വ്യക്തി സമർപ്പിച്ച അപേക്ഷയിൽ സൂചിപ്പിച്ചതിനെ തുടർന്ന് പ്രൈവറ്റ് ബസ് ഓണേഴ്സ് അസോസിയേഷൻ ഭാരവാഹികളുമായി ബഹു. മുനിസിപ്പൽ ചെയർമാന്റെ ചേമ്പറിൽ വെച്ച് നടത്തിയ ചർച്ചയിൽ അടിസ്ഥാന സൌകര്യങ്ങളുടെ ശോചനീയവസ്ഥയെ കുറിച്ചും യാത്രക്കാരുടെ ബുദ്ധിമുട്ട് എന്നിവ സംബന്ധിച്ചും ആയവ പരിഹരിയ്ക്കേണ്ടതിനാവശ്യമായ നിർദ്ദേശങ്ങളെ സംബന്ധിച്ചും ചർച്ച ചെയ്തു. തുടർന്ന്, പ്രോജക്ട് രൂപീകരിച്ച് ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് പ്രൈവറ്റ് ബസ് ഓണേഴ്സ് അസോസിയേഷൻ ഭാരവാഹികൾക്ക് ഉറപ്പ് നല്കി. 2020-21 വർഷം 'ടി ലേലം നടന്നിട്ടില്ല. നിലവിലും ബസ് സ്റ്റാൻഡിലെ അടിസ്ഥാന സൌകര്യങ്ങളുടെ കാര്യത്തിൽ പഴയ അവസ്ഥ തുടരുന്നു. ആയതിനാൽ, പൊതുജനങ്ങൾക്ക് ഇരിപ്പിട സൌകര്യം, ബസുകളുടെ പാർക്കിംഗ് സൌകര്യം, സ്വകാര്യ വാഹനങ്ങളിൽ എത്തുന്നവരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള ക്രമീകരണം, യാത്രക്കാർക്ക് ഉപയോഗിക്കുന്നതിനും ഷോപ്പിംഗ് കോംപ്ലക്സിലെ ജീവനക്കാർക്ക് ഉപയോഗിക്കുന്നതിനുമായി ശൌചാലയ നിർമ്മാണം എന്നിവ നടത്തി ബസ് സ്റ്റാന്റിനെ ആധുനീകവത്കരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 കൃഷി ഫീൽഡ് ഓഫീസർ-ആവശ്യമായ രേഖകളില്ലാതെ ആനുകൂല്യം നൽകി

കൃഷി ഫീൽഡ് ഓഫീസർ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

I)പ്രോജക്ട് നം SO 257/21- സുഭിക്ഷകേരളം തരിശ് നെൽകൃഷി

അടങ്കൽ-800000/-(വികസന ഫണ്ട്)

ചെലവ്-607850/-

1)ബിൽ നം -21/KBC NO 5/20-21 തീയതി.14.12.2020-33250/-

2)ബിൽ നം -20/KBC NO 5/20-21 തീയതി.30.11.2020-535850/-

3)ബിൽ നം -27/KBC NO 5/20-21 തീയതി.23.1.2021-9100/-

4)ബിൽ നം -32/KBC NO 5/20-21 തീയതി.27.1.2021-29650/-

മൂന്ന് വർഷത്തിൽ അധികമായി തരിശുകിടക്കുന്ന വയലിൽ കൃഷിചെയ്യുന്നവർക്ക് ഹെക്ടറിന് 35000/-രൂപയും ടി വസ്തുവിന്റെ ഉടമസ്ഥ് ഹെക്ടറിന് 5000/- രൂപയും ബാങ്ക് അക്കൌണ്ട് വഴി നൽകുവാനുദ്ദേശിച്ച പ്രോജക്ടാണിത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

I) അപക്ഷകളിൽ മൂന്നു വർഷത്തിലധികമായി തരിശുകിടക്കുന്ന നിലത്താണ് കൃഷി ചെയ്തിരിക്കുന്നതെന്നുള്ള സാക്ഷ്യപ്പെടുത്തൽ, ആനുകൂല്യം അനുവദിക്കാവുന്ന കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം എന്നിവ രേഖപ്പെടുത്തിയ കൃഷി ഓഫീസറുടെ ഉത്തരവ്, കൂടാതെ വിള ഇൻഷ്വറൻസിനുള്ള അപേക്ഷകളിൽ പരിശോധനാ റിപ്പോർട്ട്, സാക്ഷ്യപ്പെടുത്തൽ എന്നിവയും ഇല്ല.

Ii) വിധ്യാധരൻ, കൊല്ലംപറമ്പിൽ എന്ന വ്യക്തിയ്ക്ക് 7000/-രൂപ ക്രമ നം. 1 ബില്ലിൽ ഉൾപ്പടുത്തി നൽകിയിട്ടുണ്ട്. എന്നാൽ ടിയാളുടെ അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന സർവ്വേനമ്പരിലുള്ള (പാട്ടം) വസ്തുവിന്റെ കരം അടച്ച രസീത് പ്രകാരം (7 ആർ 46 സ്ക്വയർ മീറ്റർ നിലം ഉൾപ്പെടെ ആകെ 12 ആർ 97 സ്ക്വയർ മീറ്റർ) ഉള്ള കൃഷി സ്ഥലത്തിന് ആനുപാതികമായി നെൽകൃഷിക്ക് നൽകാവുന്ന ആനുകൂല്യം 4550/-രൂപയാണ്. അധികമായി നല്കിയ 2450/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

Iii) താഴെ കൊടുത്തിരിക്കുന്ന വ്യക്തികളുടെ അപേക്ഷ പ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിലും ടി അപേക്ഷകളോടോപ്പം വ്യക്തമായ സർവ്വേ നമ്പർ ഉൾപ്പെടുന്ന പാട്ടച്ചീട്ട്/ഉടമയുടെ സമ്മതപത്രം, കരം അടച്ച രസീത്, എന്നിവ ഇല്ല.

| ക്രമ നം. | പേര് | നല്കിയ തുക |
|---|---|---|

| | | |
|---|---|---|
| 1 | എസ്.സോബിൻ | 11200/- |
| 2 | മുരളീധരൻ നായർ ,വിത്തിനേഴത്ത് | 21000/- |
| 3 | രതീഷ് .വി.എസ്,പൊള്ളേച്ചിറ | 31500/- |
| 4 | അമ്മിണിക്കുട്ടി ,രാജേഷ് ഭവനം | 5600/- |

Iv) പ്രാഥമിക പ്രവർത്തനം പൂർത്തീകരിച്ച് വിതച്ചതിനുശേഷം വെള്ളം കയറി എന്ന് എഴുതിയിരിക്കുന്ന ഫയലിൽ സൂക്ഷിച്ചിരിക്കുന്ന 6 അപേക്ഷകർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഇവയോടോപ്പം വിള ഇൻഷുറൻസിനുള്ള അപേക്ഷ ഉണ്ടെങ്കിലും പരിശോധനാ റിപ്പോർട്ടുകളോ ഓഫീസറുടെ സാക്ഷ്യപ്പെടുത്തലോ ഇല്ല. കൂടാതെ മുരളീകൃഷ്ണൻ, മേവല്ലൂർ-5600/-രൂപ, ശിവമോഹൻ, ശിവകൃപ-28000/-രൂപ എന്നിവർക്ക് യഥാക്രമം തുക നൽകിയിട്ടുണ്ടെങ്കിലും കൃഷി അസിസ്റ്റന്റിന്റെ ശുപാർശ, കൃഷി ഓഫീസറുടെ ഉത്തരവ് എന്നിവ അപേക്ഷയിലില്ല. വിതച്ചതിനുശേഷം കൃഷിനാശം സംഭവിച്ചാൽ കൃഷിചെയ്യുന്നതിനുള്ള ധനസഹായത്തിനു പകരമായി വിള ഇൻഷുറൻസാണ് ലഭിക്കേണ്ടിയിരുന്നത്. മേൽ അപാകതകൾ സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (10/22.1.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

II)പ്രോജക്ട് നം SOO 258/21- നെൽകൃഷി

അടങ്കൽ-264000/-(വികസന ഫണ്ട്)

ചെലവ്-213620/-

ബിൽ നം. -25/KBC NO 5/20-21 തീയതി.23.1.2021-213620/-

നെൽ കൃഷി വികസനത്തിനായി കൃഷിചെയ്യുന്നവർക്ക് ഹെക്ടറിന് 22000/- രൂപയും നൽകുന്ന പദ്ധതിയാണിത്. ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ട്.

I) താഴെ കൊടുത്തിരിക്കുന്ന വ്യക്തികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിലും കരം അടച്ച രസീത്, പാട്ടച്ചീട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.

| ക്രമ നം. | പേര് | തുക |
|---|---|---|
| 1 | കാഞ്ചനവല്ലി,ശ്രീകാഞ്ചനം | 12320/- |
| 2 | സി.വി.സുരേന്ദ്രൻ,പുല്ലാട്ടുവെളി | 3520/- |

Iii) കൃഷ്ണൻ പ്രഭാകരൻ മുല്ലേരിവെളിയിൽ എന്നവ്യക്തിക്ക് 17600/- രൂപ ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിലും അപേക്ഷയോടൊപ്പമുള്ള കരം അടച്ച രസീതിൽ 52 ആർ വിസ്തീർണ്ണമാണുള്ളത്. 0.8 ഹെക്ടറിനുള്ള ആനുകൂല്യം നൽകിയെങ്കിലും ആയതിനുള്ള കരം അടച്ച രസീത് /പാട്ടച്ചീട്ട് എന്നിവ ലഭ്യമല്ല. കൃഷിചെയ്തിട്ടുണ്ട് എന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തി ഫയലിനോടോപ്പം സൂക്ഷിക്കേണ്ടതാണ്. ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ മാത്രം അർഹമായ ആനുകൂല്യം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 പഠന മുറി (പട്ടികജാതി വിഭാഗം)- നിർമാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച്.

ചേർത്തല നഗരസഭയിൽ പഠന മുറി (പട്ടികജാതി വിഭാഗം) നിർമ്മാണത്തിനായി താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെയായും പഠനമുറി നിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1.പ്രോജക്ടിന്റെ പേര് : പഠനമുറി (എസ്.സി വിഭാഗം)

പ്രോജക്ട് നം. :277/2021

അടങ്കൽ : വികസനഫണ്ട് (എസ്.സി.പി)- 7,00,000/-രൂപ

ചെലവ് : 5,50,000/- രൂപ

നിർവഹണം: പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | സൂരജ്, പുത്തൻവെളി, വാർഡ്-8 | 1,50,000/-രൂപ |
| 2 | ബിന്ദു, തലക്കാട്ട്- വാർഡ്-21 | 1,00,000/-രൂപ |

2.പ്രോജക്ടിന്റെ പേര് : പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

പ്രോജക്ട് നം. :282/2021

അടങ്കൽ : വികസനഫണ്ട് (എസ്.സി.പി)- 40,00,000/-രൂപ

ചെലവ് : 23,50,000/- രൂപ

നിർവഹണം: പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | സജീവ് കുമാർ, തകിടിച്ചിറയിൽ, വാർഡ്-22 | 1,50,000/-രൂപ |
| 2 | ശശി, നികർത്തിൽ, വാർഡ്-22 | 1,50,000/-രൂപ |
| 3 | മീനാക്ഷി, പുലത്തറ, വാർഡ്-24 | 1,50,000/-രൂപ |
| 4 | പ്രസാദ്, കൃഷ്ണ നിവാസ്, വാർഡ്-21 | 50,000/-രൂപ |
| 5 | സനൽ എം, തയ്യിൽ, വാർഡ്-11 | 1,00,000/-രൂപ |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13 തീയതി 24.01.2022) മറുപടി ലഭ്യമാക്കിയില്ല. ടി ഗുണഭോക്താക്കൾക്ക് ആവശ്യമായ നിർദ്ദേശം നല്കി പഠന മുറി നിർമ്മാണം പൂർത്തീകരിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 മരങ്ങൾ മുറിച്ചത്- ലേലം ചെയ്യാനുള്ള നടപടി കൈക്കൊള്ളുന്നില്ല

2020-21 സാമ്പത്തികവർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ PH11594/20,PH38691/20, PH310833/20 എന്നീ ഫയലുകൾ പരിശോധിച്ചതിൽ നിന്നും വിവിധ മരങ്ങൾ മുറിച്ച് അവ ലേലം ചെയ്യാതെ ഇട്ടിരിക്കുന്നു. മരം മുറിച്ചതിന്റെ ചെലവ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വൗച്ചർ നം. | ഇനം | കൈപ്പറ്റിയ വ്യക്തി | തുക | ചെക്ക് നം./ തീയതി |
|---|---|---|---|---|
| 22001201 | വാർഡ്-28 ആഹ്വാനം വായനശാലയുടെ മുൻപിലുള്ള കാറ്റാടി മരം മുറിച്ച കൂലി | സുമേഷ്,JHI | 5000 | 929956/27.1.21 |
| 22001202 | ചക്കരകുളം എൽ.പി.സ്കൂൾ കോമ്പൗണ്ടിലെ തണൽ മരം മുറിച്ച കൂലി | രാജശ്രീ,JHI | 14500 | |
| 22001203 | ആർദ്ര ബഡ്സ് സ്കൂൾ കോമ്പൗണ്ടിലെ മരം (മാവ്) മുറിച്ച കൂലി (വാർഡ്-7) | രാജശ്രീ,JHI | 7000 | |

അപാകതകൾ താഴെ ചേർക്കുന്നു.

1) ഫോറസ്റ്റ് ഡിപ്പാർട്മെന്റിൽ നിന്നും തടിയുടെ വാല്യുവേഷൻ നിർണ്ണയിച്ച് നൽകിയ രേഖകളില്ല.

2) തടി ലേലം ചെയ്തതിന്റെ രേഖകളില്ല.

3) മുറിച്ച മരങ്ങളിൽ നിന്നും ലഭ്യമായ തടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/17.1.22) മറുപടി ലഭ്യമാക്കിയില്ല. തടികൾ ലേലം ചെയ്ത് തുക മുനിസിപ്പൽ ഫണ്ടിലേക്ക് മുതൽക്കൂട്ടാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 കുടിവെള്ളം ഗാർഹിക കണക്ഷൻ- ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാത്തത് സംബന്ധിച്ച്

പ്രോജക്ടിന്റെ പേര് : കുടിവെള്ളം ഗാർഹിക കണക്ഷൻ

പ്രോജക്ട് നം. : 133

അടങ്കൽ : വികസന ഫണ്ട്- 112000/-രൂപ

ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 888000/-രൂപ

ചെലവ് : 945000/-

നിർവഹണം: ഹെൽത്ത് ഓഫീസർ

ചേർത്തല നഗരസഭയിൽ 2020-21 സാമ്പത്തിക വർഷം കുടിവെള്ളം ഗാർഹിക കണക്ഷൻ എന്ന പദ്ധതി പ്രകാരം കുടിവെള്ള കണക്ഷൻ എടുത്ത വകയിൽ സബ്സിഡിയിനത്തിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക നല്കുന്നതിനായി ട്രഷറിയിൽ ബിൽ നല്കിയിരുന്നു. എന്നാൽ ട്രഷറിയിൽ നിന്നുള്ള യുണീക് ട്രാൻസാക്ഷൻ റഫറൻസ് (യു.റ്റി.ആർ) നമ്പർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൌണ്ടുകളിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | യു.റ്റി.ആർ നം. | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | മഞ്ജുള.എസ് | U000000834086376 | 5000 |
| 2 | രാധാമണി | U000000834086378 | 5000 |
| 3 | ഉഷ | U000000834086356 | 5000 |
| | | ആകെ | 15000 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24 തീയതി 27.01.2022)) മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താക്കൾക്കർഹമായ തുക അവരുടെ അക്കൌണ്ടിലേയ്ക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 ക്ഷേമപെൻഷൻ നാളിതുവരെ സസ്പെൻഡ് ചെയ്യിട്ടില്ല

നഗരസഭയിലെ സേവന പെൻഷൻ ഡാറ്റാബേസും 2020-21 സാമ്പത്തിക വർഷം രജിസ്റ്റർ ചെയ്ത മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ ബാങ്ക് അക്കൌണ്ട് വഴി പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ മരണശേഷം നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്യാത്തതിനാൽ തുക അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര്/വിലാസം | മരിച്ച തീയതി/ റിപ്പോർട്ട് ചെയ്ത തീയതി | പെൻഷൻ തരം/ഐഡി | അനർഹമായ കാലയളവ് /തുക |
|---|---|---|---|---|
| 1 | മാധവൻ.എം.പി, മറ്റപ്പറമ്പത്ത് | 17.5.2020/ 11.6.2020 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ,101830201528 | 6/2020 മുതൽ 12/2021 വരെ 28400/- |
| 2 | ഗൌരി, തറേവെളി | 4.8.2020/ 25.8.2020 | ,, 101830200261 | 9/2020 മുതൽ 12/2021 വരെ 24900/- |
| 3 | തങ്കപ്പൻ , കുന്നംപുറത്ത് | 31.7.2020/ 7.9.2020 | ,, 101830201192 | 8/2020 മുതൽ 12/2021 വരെ 26400/- |
| 4 | രാഘവൻനായർ, തകിടിയിൽ വീട് | 19.8.2020/ 25.9.2020 | ,, 101830201693 | 9/2020 മുതൽ 12/2021 വരെ 24900/- |
| 5 | നബീസ വെളിയിൽ | 30.9.2020/ 14.10.2020 | ,, 101830200702 | 10/2020-11/2020 വരെ 3000/- 12/2020ൽ A/c ക്ലോസ് ചെയ്തിട്ടുണ്ട്. |
| 6 | ചന്ദ്രശേഖരൻ നായർ, ശാരദഭവൻ | 1.11.2020/ 10.12.2020 | ,, 101830201658 | 12/2020ൽ A/c ക്ലോസ് ചെയ്തിട്ടുണ്ട്. |
| 7 | ഗോപിനാഥൻ, വടക്കേഇരവിമംഗലം | 5.10.2020/ 15.1.2021 | ,, 101830201434 | 11/2020 മുതൽ 1/2021 വരെ 4500/- 2/2021ൽ A/c ക്ലോസ് ചെയ്തിട്ടുണ്ട്. |
| 8 | ടി.ജെ.ജോൺ തയ്പ്പാളി | 18.2.2021/ 20.2.2021 | ,, 101830203010 | 3/2020 മുതൽ 12/2021 വരെ |

| | | | | |
|---|---|---|---|---|
| | | | | 15900/- |
| 9 | ശകുന്തളാബായി, കളത്തുക്കാട്ട് | 28.1.2021/ 6.3.2021 | „ 101830203377 | 2/2020 മുതൽ 12/2021 വരെ 17400/- |
| 10 | വേലായുധൻ പിള്ള, സുധീഷ് നിവാസ് | 25.2.2021/ 8.3.2021 | 101830201959 | 3/2020 മുതൽ 12/2021 വരെ 15900/- |
| 11 | കെ.ആർ.ദിവകരൻ നായർ, കോലേഴത്ത് | 20.2.2021/ 17.3.2021 | 101830200923 | 3/2020 മുതൽ 12/2021 വരെ 15900/- |
| ആകെ | | | | 177200/- |

മേൽ സൂചിപ്പിച്ചവരുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനും അനർഹമായ കാലയളവിലേക്ക് നൽകിയ തുക തിരികെ ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നതും അറിയുന്നതിന് ഓഡിറ്റ് അന്വേഷണം (36/28.1.22) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സഹകരണബാങ്കുകൾ മുഖേന/ഡയറക്ട് ടു ഹോം ആയി പെൻഷൻ ലഭിക്കുന്ന പെൻഷനേഴ്സിന്റെ മരണം റിപ്പോർട്ട് ചെയ്യുമ്പോൾ പെൻഷൻ സസ്പെൻഡ് ചെയ്യപ്പെടുന്നുണ്ടെങ്കിലും ബാങ്ക് അക്കൌണ്ടുകൾ വഴി പെൻഷൻ ലഭിക്കുന്നവരുടെ മരണശേഷം പെൻഷൻ സസ്പെൻഡ് ചെയ്യാതിരിക്കുന്ന തായാണ് വ്യക്തമാകുന്നത്. സർക്കുലർ നം. എസ്.എഫ്.സി.ബി2/53/2020 ധന തീയതി 23.09.2020 പ്രകാരം പുനർവിവാഹം/മരണം എന്നിവ ബോധ്യപ്പെട്ടാൽ സേവനയിൽ നിന്നും ടിയാളെ സമയബന്ധിതമായി ഒഴിവാക്കേണ്ടത് സെക്രട്ടറിയുടെയും പെൻഷൻ സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും ചുമതലയാണ്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണങ്ങളിൽ സേവന പെൻഷൻ ഗുണഭോക്താവ് ഉൾപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉണ്ടെങ്കിൽ സമയബന്ധിതമായി സേവന ഡേറ്റാബേസിൽ നിന്നും ടിയാളെ ഒഴിവാക്കേണ്ടതാണ്. ആയതിന് സർക്കാർ ഉത്തരവ് (എം.എസ്) നം.97/2020 ധന.തീയതി 23.9.2020 ലെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കേണ്ടതാണ്.

- പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഓരോ പെൻഷൻ വിതരണത്തിനുശേഷവും മരണപ്പെട്ടവരുടെ വിവരം ശേഖരിച്ച് അന്വേഷണത്തിനുശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതാണ്.
- മരണപ്പെട്ടവരുടെ വിവരങ്ങൾ അങ്കണവാടി/ആശ വർക്കർ എന്നിവർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.
- പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടശേഷം അനന്തരവകാശികൾ പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ തുക അനന്തരവകാശികളിൽ നിന്ന് തിരിച്ചുപിടിച്ച് സർക്കാരിൽ മുതൽക്കൂട്ടേണ്ടതാണ്.

അനർഹമായ കാലയളവിൽ നൽകിയിട്ടുള്ള 177200/-രൂപ തിരികെ സർക്കാരിലേക്ക് മുതൽക്കൂട്ടി അറിയിക്കേണ്ടതാണ്.

## 1-31 നഗരത്തിലെ പ്രധാനകേന്ദ്രങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി-അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | 273/21 |
| അടങ്കൽ | 6393851(CFC) |
| ചെലവ് | 6107846 |
| 1.ബിൽനം.50/20-21/27.02.2021 | 4441500 |
| 2.ബിൽ.നം.60/27.03.2021 | 1480500 |

| | |
|---|---|
| 3.ബിൽനം.50/20-21/27.02.2021 | 185846 |
| ഫയൽ നം. | പി.10753/19 |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ ടി പദ്ധതിനടത്തിപ്പിൽ കാണപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

A. കേന്ദ്ര ചരക്കു സേവന നികുതി നിയമം 2017 (2017-ലെ 12-ാം നിയമം), കേരള ചരക്കു സേവന നികുതി നിയമം 2017 (2017-ലെ 20-ാം നിയമം) എന്നീ നിയമങ്ങളിലെ സെക്ഷൻ 51 അനുസരിച്ച് ഒരു കരാറിൻ പ്രകാരം രണ്ടര ലക്ഷം രൂപയിൽ കവിയുന്ന നികുതി വിധേയമായ സാധനങ്ങളുടെയൊ സേവനങ്ങളുടെയൊ വാങ്ങലുകൾ നടത്തിയതിന്റെ പേയ്മെന്റ് നടത്തുമ്പോൾ ടി തുകയിൽ നിന്നും 2% നികുതി (സി.ജി.എസ്.റ്റി-1%, എസ്.ജി.എസ്.റ്റി- 1%) ഉറവിടത്തിൽ നിന്നും കുറവ് ചെയ്യണമെന്ന് പറഞ്ഞിരിക്കുന്നു. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ (റവന്യൂ വിഭാഗം) 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം 01.10.2018 മുതൽ ആയത് പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. ചേർത്തല നഗരസഭയിൽ 2020-21 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതിയിൽ രണ്ടര ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന നികുതി വിധേയ സാധനങ്ങളുടെ പേയ്മെന്റ് നടത്തിയപ്പോൾ ഉറവിടത്തിൽ നിന്നും ജി.എസ്.റ്റി കുറവ് ചെയ്തതായി കാണുന്നില്ല.

B. മേൽ പദ്ധതി പ്രകാരം കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫയർ സൊസൈറ്റിയിൽ നിന്നും 60 മിനി മാസ്റ്റ് ഫ്ലഡ് ലൈറ്റ് വാങ്ങിയ വകയിൽ 98700/-രൂപ നിരക്കിൽ ആകെ 5922000/-രൂപ മേൽ ക്രമ നം.1, 2 ട്രഷറി ബില്ലുകൾ പ്രകാരം പ്രസ്തുത സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. എന്നാൽ മേൽ ബില്ലുകളിൽ നിന്നൊന്നും തന്നെ ജി.എസ്.റ്റി കുറവ് ചെയ്തതായി കാണുന്നില്ല.

C. മിനിമാസ്റ്റ് ഫ്ലഡ് ലൈറ്റിനാവശ്യമായ സിംഗിൾ ഫേസ് സർവീസ് കണക്ഷൻ എടുക്കുന്നതിലേക്കായി മേൽ ക്രമ നം.3 ബിൽ പ്രകാരം ഇലക്ട്രിക്കൽ സെക്ഷൻ ചേർത്തല, ഇലക്ട്രിക്കൽ സെക്ഷൻ ചേർത്തല ഈസ്റ്റ് എന്നിവിടങ്ങളിലേയ്ക്ക് ആവശ്യമായ ഫീസ് ഒടുക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ രണ്ട് സെക്ഷനുകളിലും വ്യത്യസ്തമായ ഫീസ് ആണ് ഈടാക്കിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. വിശദാംശം താഴെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ആവശ്യമായ കണക്ഷനുകളുടെ എണ്ണം | ഈടാക്കിയ ആകെ ഫീസ് | ഒരു കണക്ഷന് ആവശ്യമായ ഫീസ് |
|---|---|---|---|
| ഇലക്ട്രിക്കൽ സെക്ഷൻ ചേർത്തല | 34 | 104414 | 3071 |
| ഇലക്ട്രിക്കൽ സെക്ഷൻ ചേർത്തല ഈസ്റ്റ് | 26 | 81432 | 3132 |

ഒരേ ആവശ്യത്തിന് കെ.എസ്.ഇ.ബി-യുടെ രണ്ട് ഓഫീസുകളിൽ രണ്ട് നിരക്കിലുള്ള ഫീസ് ഈടാക്കാനുള്ള കാരണം ആരായേണ്ടതും അധിക തുക നല്കിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്. ജി.എസ്.ടിയിനത്തിൽ കുറവ് വന്ന 118440/- (5922000x2%) രൂപ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കി ജി.എസ്.ടി വകുപ്പിൽ ഒടുക്ക് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണത്തിന് (നം.43/20-21/29.01.22) മറുപടി ലഭ്യമാക്കിയില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-32 ബയോബിൻ പൊതു വിഭാഗം(എ.പി.എൽ)-അധിക തുക ചെലവഴിച്ചത് സംബന്ധിച്ച്.

പ്രോജക്റ്റിന്റെ പേര് : ബയോബിൻ പൊതു വിഭാഗം (എ.പി.എൽ)

പ്രോജക്റ്റ് നം. :172

ഫയൽ നം.പി.എച്ച്.1/138/2020

അടങ്കൽ : ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 401362/-രൂപ

കേന്ദ്രാവിഷ്കൃത ഫണ്ട്- 673750/-രൂപ

സംസ്ഥാനാവിഷ്കൃത ഫണ്ട്- 448525/-രൂപ

ഗുണഭോക്തൃ വിഹിതം -401363/-രൂപ

ആകെ- 1925000/-രൂപ

ചെലവ് : ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 193320/- രൂപ (ബിൽ നം.7 തീ.14.05.2020)

സംസ്ഥാനാവിഷ്കൃത ഫണ്ട്- 207000/-രൂപ (ചെക്ക് നം.018266/ തീ.08.10.2020)

ആകെ- 400320/-രൂപ

നിർവഹണം: ഹെൽത്ത് ഓഫീസർ

ചേർത്തല നഗരസഭയിലെ പൊതു വിഭാഗം ഗുണഭോക്താക്കളുടെ വീടുകളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷനിൽ നിന്നും തൻവർഷം 1800/-രൂപ നിരക്കിൽ 115 ബയോ ഡൈജസ്റ്റർ ബിന്നുകൾ വാങ്ങിയിട്ടുണ്ട്. 115 ബയോ ഡൈജസ്റ്റർ ബിന്നുകൾ വാങ്ങുന്നതിന്

1800/-രൂപ നിരക്കിൽ നല്കേണ്ടിയിരുന്ന തുക 207000/-രൂപ മാത്രമാണ്. എന്നാൽ മേൽ ബില്ലുകൾ/ചെക്കുകൾ പ്രകാരം സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷന് ആകെ 400320/-രൂപ നല്കിയിരിക്കുന്നു. അധിക തുക നല്കാനുള്ള കാരണം അന്വേഷിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/25.1.22) നല്കിയ മറുപടി ചുവടെ ചേർക്കുന്നു.

ടി പദ്ധതി 2021-22 സാമ്പത്തിക വർഷം തുടരും എന്ന കണക്കു കൂട്ടലിലാണ് മുൻകൂർ നല്കിയ തുക കൂടാതെ വിതരണം ചെയ്ത 115 ബയോ ഡൈജസ്റ്റർ ബിന്നുകളുടെ വിലയും നല്കിയതെന്ന് അറിയിച്ചു. വീടുകളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്താത്തതിന് ദേശീയ ഹരിത ട്രൈബ്യൂണൽ നഗരസഭയ്ക്ക് പിഴ നിശ്ചയിച്ചു നല്കിയ സാഹചര്യത്തിൽ എല്ലാ വീടുകളിലും സൌജന്യമായി ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് പുതിയ പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം നേടിയിട്ടുണ്ടെന്നും ആയതിനാൽ ഗുണഭോക്തൃ വിഹിതം ഉൾപ്പെട്ട മേൽ പ്രോജക്ട് ഇനി തുടരാനാവില്ലെന്നും അറിയിച്ചു.

ആയതിനാൽ ഈ പദ്ധതിയ്ക്ക് അധികമായി ചെലവഴിച്ച തുക (193320/-രൂപ) സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. പ്രോജക്ടിൽ വകയിരുത്തിയ തുകയ്ക്കാനുപാതികമായി ചെലവ് ക്രമീകരിച്ച് അധിക ചെലവ് വന്നിട്ടുള്ള ഹെഡുകളിലേയ്ക്ക് ആനുപാതികമായ തുക തിരികെ ഒടുക്കേണ്ടതുമാണ്.

## 1-33 ജൈവ വാതക നിലയം-സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

പ്രോജക്ടിന്റെ പേര് : ജൈവ വാതക നിലയം

പ്രോജക്ട് നം. :151

ഫയൽ നം.പി.എച്ച്.1/137/2020

അടങ്കൽ : ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 394065/-രൂപ

കേന്ദ്രാവിഷ്കൃത ഫണ്ട്- 367500/-രൂപ

സംസ്ഥാനാവിഷ്കൃത ഫണ്ട്- 244650/-രൂപ

ഗുണഭോക്തൃ വിഹിതം -43785/-രൂപ

ആകെ- 1050000/-രൂപ

ചെലവ് : ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 283500/- രൂപ (ബിൽ നം.9 തീയതി 14.05.2020)

ആകെ- 283500/-രൂപ

നിർവഹണം: ഹെൽത്ത് ഓഫീസർ

ഗാർഹിക മാലിന്യങ്ങൾ വീടുകളിൽ സംസ്കരിക്കുന്നതിന്റെ ഭാഗമായി 350 ബയോഗ്യാസ് പ്ലാന്റുകൾ വിതരണം ചെയ്യുന്നതിനായാണ് ഈ പ്രോജക്ട് ആവിഷ്കരിച്ചിരിക്കുന്നത്.

സർക്കാർ ഉത്തരവ് (കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 സബ്സിഡി മാർഗരേഖ ഖണ്ഡിക 6.8.1) പ്രകാരം ഗാർഹിക തലത്തിലുള്ള ബയോഗ്യാസ് പ്ലാന്റുകൾക്ക് പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് അനുവദനീയമായ പരമാവധി സബ്സിഡി യൂണിറ്റ് കോസ്റ്റിന്റെ 50% ആയിരുന്നു. പ്രസ്തുത നിർദേശം പരിഷ്കരിച്ചു കൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ (സ.ഉ(സാധാ)നം.3281/2018/ത.സ്വ.ഭ.വ തീയതി 31.12.2018) ഗാർഹിക തലത്തിലുള്ള ബയോഗ്യാസ് പ്ലാന്റിന് യൂണിറ്റ് കോസ്റ്റിന്റെ 90% അല്ലെങ്കിൽ 7200/-രൂപ ഇതിലേതാണൊ കുറവ് അത് അനുവദിക്കാമെന്ന് പറഞ്ഞിരിക്കുന്നു. അധികമായി വരുന്ന തുക ഗുണഭോക്താവ് കണ്ടെത്തണമെന്നും പറഞ്ഞിരിക്കുന്നു. തൻവർഷം ഈ പദ്ധതി പ്രകാരം സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷൻ ബയോഗ്യാസ് പ്ലാന്റ് വിതരണം ചെയ്തിരിക്കുന്നത് 10500/-രൂപയ്ക്കാണ്. ആയതിന് പരമാവധി അനുവദനീയമായ സബ്സിഡി തുക 7200/-രൂപ കഴിച്ച് 3300/-രൂപ ഗുണഭോക്താവിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഈ പദ്ധതി പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ ബയോഗ്യാസ് പ്ലാന്റിന്റെ വിലയുടെ 10% തുകയായ (10500x10%) 1050/-രൂപ മാത്രമാണ് ഈടാക്കിയിരിക്കുന്നത്. തൻവർഷം 27 ബയോഗ്യാസ് പ്ലാന്റിന്റെ വിലയായി 283500/-രൂപ (27x10500) ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷന് അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കളിൽ നിന്നും കുറവായി ഈടാക്കിയ (3300-1050=2250/-രൂപ) വിഹിതം 60750/-രൂപ ഈടാക്കേണ്ടതും ധനകാര്യ കമ്മീഷനിൽ നിന്നും അധികമായി നല്കിയ തുക 89100/-രൂപ (ഗുണഭോക്തൃ വിഹിതം- 3300x27) ക്രമീകരിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 20 തീയതി 25.01.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-34 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ രേഖകൾ ലഭ്യമല്ലാത്തത് സംബന്ധിച്ച്.

ചേർത്തല നഗരസഭയിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കും പരിരക്ഷ പ്രവർത്തനങ്ങൾക്കുമായി ആവിഷ്കരിച്ച പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ട്രഷറി ബില്ലുകളോടൊപ്പം പലതിനും സപ്പോർട്ടിംഗ് ഡോക്യുമെന്റ്സ് ഫയലിൽ ലഭ്യമായില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1.പ്രോജക്ടിന്റെ പേര് : കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ, പരിരക്ഷാ പ്രവർത്തനങ്ങൾ

പ്രോജക്ട് നം. :249

ഫയൽ നം.പി.എച്ച്.1/5594/2020

അടങ്കൽ : വികസന ഫണ്ട് -1500000/-രൂപ

ചെലവ് : 1499943/- രൂപ (1.ബിൽ നം.17 തീയതി 13.08.2020-254582

2.ബിൽ നം.18 തീ.14.08.2020-259295

3.ബിൽ നം.19 തീ.14.08.2020-520000

4.ബിൽ നം.20 തീ.14.08.2020-132866

5.ബിൽ നം.22 തീ.25.08.2020-318200

6.ബിൽ നം.30 തീ.17.09.2020-15000)

നിർവഹണം: ഹെൽത്ത് ഓഫീസർ

മേൽ ബില്ലുകൾ പ്രകാരം പദ്ധതിക്കായി തൻവർഷം ആകെ 1499943/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽ ട്രഷറി ബില്ലുകളിൽ താഴെപ്പറയുന്ന ബില്ലിൽ സപ്പോർട്ടിംഗ് ഡോക്യുമെന്റ്സ് ഫയലിൽ ലഭ്യമല്ല.

| ക്രമ നം. | ട്രഷറി ബിൽ വിവരം | തുക | കൈപ്പറ്റിയ ആൾ | റിമാർക്സ് |
|---|---|---|---|---|
| 1 | ബിൽ നം.17 തീ.13.08.2020 | 181232 | റോയ് ആന്റണി ഗ്രേസ് | |
| | | 53350 | വുഡ് ലാന്റ്സ് റസ്റ്റോറന്റ് | |
| | | 20000 | അരവിന്ദ് റാം ഏജൻസീസ് | |
| | ആകെ | 254582 | | |

2.പ്രോജക്ടിന്റെ പേര് : കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ, പരിരക്ഷാ പ്രവർത്തനങ്ങൾ

പ്രോജക്റ്റ് നം. :430

ഫയൽ നം.പി.എച്ച്.1/5594/2020

അടങ്കൽ : വികസന ഫണ്ട് -2693972/-രൂപ

ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 625389/-രൂപ

മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)- 100000

ആകെ - 34119361/-രൂപ

ചെലവ് : 2900809/- രൂപ

വികസന ഫണ്ട്

(1.ബിൽ നം.24 തീ.26.08.2020-206518

2.ബിൽ നം.25തീ.05.09.2020-514395

3.ബിൽ നം.26 തീ.11.09.2020-698140

4.ബിൽ നം.27 തീ.11.09.2020-43250

5.ബിൽ നം.28 തീ.11.09.2020-105400

6.ബിൽ നം.31 തീ.09.10.2020-344367

7.ബിൽ നം.32 തീ.09.10.2020-157983

8. ബിൽ നം.33 തീ.09.10.2020-31075

9. ബിൽ നം.35 തീ.22.10.2020-456344

10.ബിൽ നം.36 തീ.22.10.2020-86500)

ധനകാര്യ കമ്മീഷൻ ഗ്രാന്റ്

(1. ബിൽ നം.37 തീ.27.11.2020-28238

2. ബിൽ നം.38 തീ.11.12.2020-50000

3. ബിൽ നം.39 തീ.11.12.2020-178599)

നിർവഹണം: ഹെൽത്ത് ഓഫീസർ

മേൽ ബില്ലുകൾ പ്രകാരം പദ്ധതിക്കായി തൻവർഷം ആകെ 2900809/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽ ട്രഷറി ബില്ലുകളിൽ താഴെപ്പറയുന്ന ബില്ലുകളിൽ സപ്പോർട്ടിംഗ് ഡോക്യുമെന്റ്സ് ഫയലിൽ ലഭ്യമല്ല.

| ക്രമ നം. | ട്രഷറി ബിൽ വിവരം | തുക | കൈപ്പറ്റിയ ആൾ | റിമാർക്സ് |
|---|---|---|---|---|
| 1 | ബിൽ നം.24 തീയതി 26.08.2020 | 206518 | ഹോളിസ്റ്റിക് ഹൈജീൻ പ്രോഡക്ട്സ് & സർവീസസ് | |
| 2 | ബിൽ നം.25 തീയതി 05.09.2020 | 514395 | മുനിസിപ്പൽ സെക്രട്ടറി | തനത് ഫണ്ടിൽ നിന്നുള്ള ചെലവ് തുക റീകൂപ്പ് ചെയ്തത്. |
| 3 | ബിൽ നം.26 തീയതി 11.09.2020 | 698140 | എൻകെയർ മെഡിക്കൽ സർവീസസ് പ്രൈ ലി. | |
| 4 | ബിൽ നം.35 തീയതി | 456344 | എൻകെയർ മെഡിക്കൽ | |

| | | | | |
|---|---|---|---|---|
| | 22.10.2020 | | സർവീസസ് പ്രൈ ലി. | |
| 5 | ബിൽ നം.38 തീയതി 11.12.2020 | 50000 | ലഭ്യമല്ല | ട്രഷറി ബില്ലിന്റെ പകർപ്പം ഫയലിൽ ലഭ്യമല്ല |
| | ബിൽ നം.39 തീയതി 11.12.2020 | 178599 | മുനിസിപ്പൽ സെക്രട്ടറി | തനത് ഫണ്ടിൽ നിന്നുള്ള ചെലവ് തുക റീകുപ്പ് ചെയ്തത്. |
| | ആകെ | 2103996 | | |

രേഖകൾ ഓഡിറ്റിൽ ഹാജരാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.44 തീയതി 31.01.2022) നല്കിയെങ്കിലും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ മേൽ രണ്ട് പദ്ധതികളിലായി ചെലവഴിച്ച 2358578/-രൂപ (254582+2103996) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 കമ്പിക്കാൽ ജംഗ്ഷനിൽ കടമുറി നിർമ്മാണം-- തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ | കമ്പിക്കാൽ ജംഗ്ഷനിൽ കടമുറി നിർമ്മാണം. (പ്രോജക്റ്റ് നമ്പർ 251/21) |
| അടങ്കൽ | 3020000 |
| ചെലവ്(ബിൽ നം. 8/20-21/20.05.20) | 3020000 |
| നിർവ്വഹണം | സെക്രട്ടറി |

പദ്ധതി നടത്തിപ്പിനു വേണ്ടി ബിൽ നം. 8/20-21/20.05.20 പ്രകാരം, 3020000 രൂപ പിൻവലിച്ച് പി.ഡബ്ല്യൂ.ഡി യിൽ നിക്ഷേപിച്ചിട്ടുണ്ട്. നഗരസഭയിലെ നിർമ്മാണപ്രവർത്തനങ്ങൾക്കായി സുസജ്ജമായ എൻജിനീയറിംഗ് വിഭാഗം പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ടി പ്രവൃത്തിക്കുവേണ്ടി ഭീമമായ തുക പി.ഡബ്ല്യൂ.ഡി യിൽ നിക്ഷേപിച്ചുകൊണ്ട് പൊതുമരാമത്ത് കെട്ടിട വിഭാഗത്തേയാണ് പ്രവൃത്തിയുടെ നിർവ്വഹണം ഏൽപ്പിച്ചിരി ക്കുന്നത്. തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പിന്റെ 27.02.2009 ലെ 13184/ഡി.എ1/09/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണവകുപ്പിന് സ്വന്തമായി എൻജിനീയറിംഗ് വിഭാഗമുണ്ടായിരിക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റോഡ്, കെട്ടിടം എന്നിവയുടെ നിർമ്മാണപ്രവൃത്തികൾ പൊതുമരാമത്തുവകുപ്പ് മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കാൻ പാടില്ല എന്ന് സ്പഷ്ടമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് കെട്ടിടവിഭാഗത്തിന് ടി പദ്ധതിയുടെ നിർവ്വഹണത്തിനായി എസ്റ്റിമേറ്റ് തുകയുടെ 13.78 % സെന്റേജ്, സൂപ്പർവിഷൻ ചാർജ്ജ് ആയി നൽകിയിരിക്കുന്നു. ആയതു പ്രകാരം 326047/- രൂപ ഈ പ്രവൃത്തിയുടെ നിർവ്വഹണത്തിന് അധികച്ചെലവുമുണ്ടായിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി ഈ പ്രവൃത്തി പൊതുമരാമത്ത് വിഭാഗത്തെ ഏൽപ്പിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി.നം.42/29.01.22) മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ ടി പ്രവൃത്തിക്കുവേണ്ടി പൊതുമരാമത്തുവകുപ്പിൽ ഡിപ്പോസിറ്റ് ചെയ്ത 3020000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-36 ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല-അധികചെലവിനിടയാക്കി

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ട്രേഡ് ഡിസ്കൗണ്ട് അനുവദിക്കണം. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദ്ദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ച കൊണ്ടുള്ള 08.12.2015-ലെ ജി.ഒ(പി)നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിലും സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് വൗച്ചർ പരിശോധനയിൽ വിവിധ ദിനപ്പത്രങ്ങളിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ നല്കിയ തുകകളിൽ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പത്രസ്ഥാപനം | സ്ഥാപനത്തിൽ നിന്നുള്ള ബിൽ നം./ തീയതി | ബിൽ തുക | അർഹമായ ഡിസ്കൗണ്ട് (15%) | ചെക്ക് നം./ തീയതി വൗച്ചർ നം. |
|---|---|---|---|---|
| മാതൃഭൂമി | 321000116112/22.1.20 | 10920 | 1638 | 662153/15.5.20 22000145 |
| മാതൃഭൂമി | 321000135195/10.3.20 | 10920 | 1638 | 662165/29.5.20 22000165 |
| മലയാള മനോരമ | KM0448000002/1.3.20 | 18816 | 2822 | |

| | | | | |
|---|---|---|---|---|
| കേരളകൗമുദി | ALPSC11068580/11.3.20 | 4779 | 717 | 662166/29.5.20 22000166 |
| കേരളകൗമുദി | BLALP00068213/29.2.20 | 4779 | 717 | |
| മാതൃഭൂമി | 0061112064/27.8.17 | 11340 | 1701 | 731964/17.9.20 22000603 |
| മാതൃഭൂമി | 61014081/11.3.17 | 8400 | 1260 | 731989/5.10.20 22000654 |
| മാതൃഭൂമി | 321000078361/29.3.18 | 11340 | 1701 | 731989/5.10.20 22000655 |
| മാതൃഭൂമി | 321000010645/10.6.20 | 10920 | 1638 | 732001/7.10.20 22000670 |
| ജനയുഗം | 2020090191/11.9.20 | 6300 | 945 | 816674/9.11.20 22000740 |
| | ആകെ | | 14777/-രൂപ | |

അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം 14777/-രൂപയുടെ അധികചെലവ് ഉണ്ടായി. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/15.1.22) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ 14777/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-37 പ്രോജക്ടുകൾ നടപ്പിലാക്കാത്തത് മൂലം വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നഷ്ടമായി

2020-21 സാമ്പത്തികവർഷം ചേർത്തല ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തൽ | അടങ്കൽ |
|---|---|---|---|---|
| 1 | S0092/21 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് | വികസനഫണ്ട്(എസ്.സി.പി)-100000 | 100000 |
| 2 | S0358/21 (സ്പിൽഓവർ) | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും | വികസനഫണ്ട്(എസ്.സി.പി)-75000 | 75000 |
| 3 | S0359/21 (സ്പിൽഓവർ) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും | വികസനഫണ്ട്(ടി.എസ്.പി)-10000 | 10000 |
| 4 | S0444/21 | എസ്.എസ്.എ.വിഹിതം നൽകൽ | തനത്ഫണ്ട്-2926347 | 2926347 |

2020-21 സാമ്പത്തികവർഷം നടപ്പിലാക്കുന്നതിനായി അംഗീകാരം ലഭ്യമായ 10 പ്രോജക്ടുകളിൽ 6 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്. മേൽ പട്ടികയിൽ ചേർത്തിട്ടുള്ള 4 പ്രോജക്ടുകൾ നടപ്പിലാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/17.1.22) മറുപടി ലഭ്യമാക്കിയില്ല. 10 പ്രോജക്ടുകൾക്കായി 5451874/- രൂപ വകയിരുത്തിയതിൽ 1862422/- രൂപ മാത്രമാണ് ചെലവഴിച്ചത്. 2019-20 സാമ്പത്തികവർഷവും അംഗീകാരം ലഭ്യമായ 13 പ്രോജക്ടുകളിൽ 3 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്. പ്രോജക്ടുകൾ നടപ്പിലാക്കാതിരുന്നതുമൂലം പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളാണ് നഷ്ടമായത്. അംഗീകാരം ലഭ്യമാകുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-38 ഹയർസെക്കന്ററി സ്കൂളുകളുടെ ഇലക്ട്രിഫിക്കേഷൻ,ത്രീഫേസ് കണക്ഷൻ-എം.ബുക്ക് ഹാജരാക്കിയിട്ടില്ല

2020-21 സാമ്പത്തികവർഷം ധനകാര്യകമ്മീഷൻ അവാർഡിൽ നിന്നും 450000/- രൂപ വകയിരുത്തി പ്രിൻസിപ്പാൾ, ജി.ജി.എച്ച്.എസ്.എസ്. ചേർത്തല നിർവ്വഹണം ചെയ്ത സ്പിൽ ഓവർ പ്രോജക്ട് ആണ് ഹയർസെക്കന്ററി സ്കൂളുകളുടെ ഇലക്ട്രിഫിക്കേഷൻ, ത്രീഫേസ് കണക്ഷൻ (പ്രോജക്ട് നം- S0169/21). പ്രസ്തുത പ്രോജക്ടിൽ നിന്നും ആലപ്പുഴ പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 400700/-രൂപ നൽകി. (ബിൽ നം.2/20-21 /13.5.20ക്ക.400700/-). പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ സബ് ഡിവിഷൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 3.3.20 ലെ 2020/199 നം.കത്ത് പ്രകാരം 400700/-രൂപയുടെ Electrification Of Plus Two Section Classroom Building (FF) In G.G.H.S.S, ചേർത്തലയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകി. എന്നാൽ പ്രവൃത്തി ചെയ്തതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ മെഷർമെന്റ് ബുക്ക് ഹാജരാക്കിയില്ല. എം.ബുക്ക് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/22.1.22) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-39 സാന്ത്വന പരിചരണം - ചെലവ് രേഖകൾ പൂർണ്ണമല്ല

2020-21 സാമ്പത്തികവർഷം വികസനഫണ്ടിൽ നിന്നും 600000/-രൂപ വകയിരുത്തി മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി) നിർവ്വഹണം ചെയ്ത പ്രോജക്ട് ആണ് സാന്ത്വന പരിചരണം (പ്രോജക്ട് നം- S0041/21).

അപാകതകളുള്ള ചെലവുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

1)ബിൽ നം.19/20-21/25.9.20/തുക. 20000/-

ഹോംകോ, പാതിരപ്പള്ളിയുടെ 5.9.20ലെ PF-398 നം.പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 28 ഇനം മരുന്നുകൾക്കായി 20000/-രൂപ നൽകി. എന്നാൽ മരുന്നുകൾ ലഭ്യമായതിന്റെ രേഖകളില്ല.

2) ബിൽ നം.56/20=21/9.2.21/തുക. 50000/-

ഔഷധി ഫാർമസ്യൂട്ടിക്കൽ കമ്പനി, തൃശ്ശൂരിന്റെ 16.1.21 തീയതിയിലെ 121054 നം.പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 8 ഇനം മരുന്നുകൾക്കായി 50000/-രൂപ നൽകി. എന്നാൽ മരുന്നുകൾ ലഭ്യമായതിന്റെ രേഖകളില്ല.

മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.38/28.1.22) മറുപടി ഹാജരാക്കിയില്ല. മതിയായ രേഖകൾ ഹാജരാക്കാത്തതിനാൽ ക്രമ നം 1, 2 പ്രകാരമുള്ള 70000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-40 താലൂക്ക് ആശുപത്രി വാർഡുകളിൽ കൊതുകുവല സ്ഥാപിക്കൽ - അപാകതകൾ

പ്രോജക്ട് നം. - S0147/21 (സ്പിൽ ഓവർ)

പ്രോജക്ടിന്റെ പേര് - താലൂക്ക് ആശുപത്രി വാർഡുകളിൽ കൊതുകുവല സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി)

ധനകാര്യകമ്മീഷൻ അവാർഡ് - 500000

ചെലവ്

ബിൽ നം.1/20-21/22.5.20/തുക.498316/-

അക്രഡിറ്റഡ് ഏജൻസി വഴി പ്രോജക്ട് നടപ്പിലാക്കുകയാണ് അംഗീകരിച്ച പ്രോജക്ടിന്റെ ലക്ഷ്യം.

സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കേരള, ഉറവൂർ സമർപ്പിച്ച 498316/- രൂപയുടെ 27.1.20 ലെ GEW/19-20/ UR/108നം. ഇൻവോയ്സും, Bill Statement For Fabrication, Supply And Fixing Of Mosquito Net In Taluk Hospital, Cherthala എന്നിവ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)താലൂക്ക് ആശുപത്രി വാർഡുകളിൽ കൊതുകുവല സ്ഥാപിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഹാജരാക്കിയിട്ടില്ല.

2)പ്രവൃത്തി ചെയ്തതിന്റെ രേഖപ്പെടുത്തലുകൾ ഉള്ള എം.ബുക്ക് ഹാജരാക്കിയിട്ടില്ല.

3)പ്രവൃത്തി ചെയ്തതിന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ മൂല്യനിർണ്ണയ സാക്ഷ്യപത്രം നൽകിയിട്ടില്ല. പകരം സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കേരള, ഉറവൂർ സമർപ്പിച്ച ഇൻവോയ്സിൽ നഴ്സിംഗ് സൂപ്രണ്ട് Work Done Satisfactory എന്ന് രേഖപ്പെടുത്തി ഒപ്പിടുകയാണ് ചെയ്തിട്ടുള്ളത്.

4)അക്രഡിറ്റഡ് ഏജൻസി മാർഗ്ഗരേഖ വ്യവസ്ഥ X പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ നടത്തുന്ന പ്രവൃത്തികളുടെ ഗുണനിലവാരം, സുതാര്യത, ചെലവ് എന്നിവ ഉറപ്പ് വരുത്തുന്നതിന് സർക്കാർ/സ്ഥാപനം ചുമതലപ്പെടുത്തിയ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രവൃത്തി സ്ഥലത്ത് പരിശോധന നടത്താവുന്നതാണ്. എന്നാൽ ആയത് പാലിച്ചിട്ടില്ല.

5)അക്രഡിറ്റഡ് ഏജൻസി മാർഗ്ഗരേഖ വ്യവസ്ഥ Xiii പ്രകാരം പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് വ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി നിയമപ്രകാരം അക്രഡിറ്റഡ് ഏജൻസിയുമായി കരാർ ചമയ്ക്കണം. എന്നാൽ കരാർ ചമച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/27.1.22) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 498316/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-41 താലൂക്ക് ആശുപത്രിയിലേക്ക് ലാബ് റീ ഏജന്റ്സ് വാങ്ങൽ-അപാകതകൾ

പ്രോജക്ട് നം. - S0015/21

പ്രോജക്ടിന്റെ പേര് -താലൂക്ക് ആശുപത്രിയിലേക്ക് ലാബ് റീ ഏജന്റ്സ് വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി)

മെയിന്റനൻസ്ഗ്രാന്റ്(നോൺറോഡ്) - 600000/-

ചെലവിൽ അപാകതയുള്ളതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

ബിൽ നം.51/20-21/16.1.21/തുക. 256225/-

അപ്പോളോ സർജിക്കൽസ്&കെമിക്കൽസ്, ആലപ്പുഴ നിന്നും ലാബ് റീ ഏജന്റ്സ് വാങ്ങിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു (ഇൻവോയ്സ് നം.4547/24.12.20).

| Item | GST Rate | Qty (Nos) | Rate | Amount |
|---|---|---|---|---|
| Elite H580 Diluent(201)Erba | 12% | 15 | 2400 | 36000 |
| Elite H580 LYSE-1(3X500ml)ERBA | 12% | 3 | 42139 | 126419.94 |
| Elite H580 LYSE-2(3X500ml)ERBA | 12% | 1 | 13050 | 13050 |
| Elite H580 LYSE-3(3X1000ml)ERBA | 12% | 3 | 13050 | 39150 |
| Elite H CLEAN(4X50ml)ERBA | 12% | 4 | 2400 | 9600 |

| | | | | |
|---|---|---|---|---|
| CENTRIFUGE VIAL(LABTECH) | 18% | 5000 | 0.48 | 2400 |
| CGST | | | | 13669.20 |
| SGST | | | | 13669.20 |
| Kerala Flood Cess(1%) | | | | 2266.20 |
| Total Amount | | | | 256225 |

250000/-രൂപയ്ക്ക് മുകളിലുള്ള മേൽ പർച്ചേസിൽ നിന്നും 2% ടി.ഡി.എസ്. ഈടാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.39/29.1.22) മറുപടി ലഭ്യമാക്കിയില്ല. ടി.ഡി.എസ്. ഈടാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-42 തദ്ദേശഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് മരുന്ന് വാങ്ങി നൽകൽ-മരുന്ന് ലഭ്യമായില്ല

2020-21 സാമ്പത്തികവർഷം മെയിന്റനൻസ് ഗ്രാന്റിൽ (നോൺറോഡ്) നിന്നും 500000/- രൂപ വകയിരുത്തി മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി) നിർവ്വഹണം ചെയ്ത പ്രോജക്ട് ആണ് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് മരുന്ന് വാങ്ങി നൽകൽ (പ്രോജക്ട് നം- S0125/21).

ചെലവ്

ബിൽ നം.2/20-21/22.5.20/തുക. 5,00,000/-

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 7.5.20 തീയതിയിലെ PRF381 നം. പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 28 ഇനം മരുന്നുകൾക്കായി 500000/-രൂപ നൽകി. എന്നാൽ മരുന്നുകൾ ലഭ്യമായതിന്റെ രേഖകളില്ല. മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/27.1.22) മറുപടി ഹാജരാക്കിയില്ല. ആയതിനാൽ 500000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-43 കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ, പരിരക്ഷാപ്രവർത്തനങ്ങൾ-അപാകതകൾ

2020-21 സാമ്പത്തികവർഷം മെയിന്റനൻസ് ഗ്രാന്റിൽ നിന്നും(നോൺറോഡ്) 20,00,000/-രൂപ വകയിരുത്തി മെഡിക്കൽ ഓഫീസർ(താലൂക്ക് ആശുപത്രി) നിർവ്വഹണം ചെയ്ത പ്രോജക്ട് ആണ് കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ, പരിരക്ഷാപ്രവർത്തനങ്ങൾ(പ്രോജക്ട് നം - S0126/21).

ആകെ ചെലവ് - 19,96,139/-

ചെലവുകളിൽ അപാകതകളുള്ളവയുടെ വിവരം ചുവടെ കൊടുക്കുന്നു.

I) ബിൽ നം.4/20-21/8.7.20/തുക. 3,53,486/-

Encare Medical Devices Pvt Ltd, കോട്ടയത്ത് നിന്നും PPE Kit, N-95 Mask എന്നിവ വാങ്ങിയതിന് തുക നൽകി. വാങ്ങലിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

Invoice No.0993/20-21/13.6.20

| Item | Qty(nos) | Rate | Amount |
|---|---|---|---|
| N-95 Mask | 1000 | 79.04 | 79040 |
| PC130Safe Kit PPE | 500 | 480.95 | 240475 |
| CGST(2.5%) | | | 7987.88 |
| SGST(2.5%) | | | 7987.88 |
| Total Amount | | | 335491 |

അപാകത

1)സാധനങ്ങൾ വിതരണം ചെയ്തതിന്റെ രേഖയില്ല.

2)250000/- രൂപയ്ക്ക് മുകളിലുള്ള പർച്ചേസിൽ നിന്നും 2% ടി.ഡി.എസ്. ഈടാക്കിയിട്ടില്ല.

താഴെ ചേർക്കുന്ന വാങ്ങലുകളിലെ സാധനങ്ങൾ വിതരണം ചെയ്തതിന്റെ രേഖയില്ല

II) ബിൽ നം.6/20-21/24.7.20/തുക. 96537/-

Encare Medical Devices Pvt Ltd, കോട്ടയത്ത് നിന്നും N-95Mask വാങ്ങിയതിന് തുക നൽകി. വാങ്ങലിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

Invoice No.1498/20-21/11.7.20

| Item | Qty(nos) | Rate | Amount |
|---|---|---|---|
| N-95 Mask C Shape | 1000 | 79.04 | 79040 |
| CGST(2.5%) | | | 1976 |
| SGST(2.5%) | | | 1976 |
| Total Amount | | | 82992 |

Inscon Medical Solutions Pvt Ltd നിന്നും Mask വാങ്ങിയതിന് തുക നൽകി. വാങ്ങലിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

Invoice No.IGIU/2021/0044/22.6.20

| Item | Qty(nos) | Rate | Amount |
|---|---|---|---|
| Mask With Nosestrip | 3000 | 4.30 | 12900 |
| CGST(2.5%) | | | 322.50 |
| SGST(2.5%) | | | 322.50 |
| Total Amount | | | 13545 |

III) ബിൽ നം.15/20-21/27.8.20/തുക. 115392/-

Encare Medical Devices Pvt Ltd, കോട്ടയത്ത് നിന്നും N-95Mask വാങ്ങിയതിന് തുക നൽകി. വാങ്ങലിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

Invoice No.2193/20-21/19.8.20

| Item | Qty(nos) | Rate | Amount |
|---|---|---|---|
| N-95 Mask C Shape | 1000 | 79.04 | 79040 |
| CGST(2.5%) | | | 1976 |
| SGST(2.5%) | | | 1976 |
| Total Amount | | | 82992 |

J.K.Enterprises, ആലപ്പുഴ നിന്നും Isolation Gown വാങ്ങിയതിന് തുക നൽകി.വാങ്ങലിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

Invoice No.B 28/14.8.20

| Item | Qty(nos) | Rate | Amount |
|---|---|---|---|
| Isolation Gown Laminated LRG | 300 | 68.57 | 20571 |
| CGST(2.5%) | | | 514.28 |
| SGST(2.5%) | | | 514.28 |
| Total Amount | | | 21600 |

J.K.Enterprises, ആലപ്പുഴ നിന്നും Isolation Gown വാങ്ങിയതിന് തുക നൽകി. വാങ്ങലിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

Invoice No.B 29/19.8.20

| Item | Qty(nos) | Rate | Amount |
|---|---|---|---|
| Isolation Gown Laminated LRG | 150 | 68.57 | 10285.50 |
| CGST(2.5%) | | | 257.14 |
| SGST(2.5%) | | | 257.14 |
| Total Amount | | | 10800 |

അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.37/28.1.22) മറുപടി ലഭ്യമാക്കിയില്ല. സാധനങ്ങളുടെ വിതരണവിവരം ലഭ്യമല്ലാത്തതിനാൽ ക്രമ നം.I,II,III പ്രകാരമുള്ള 547420/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിതരണരേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-44 വൃദ്ധർക്ക് കട്ടിൽ നല്കുന്ന പദ്ധതി- അനർഹരായവർക്ക് കട്ടിൽ നല്കിയത് സംബന്ധിച്ച്

ചേർത്തല നഗരസഭയിൽ 2020-21 സാമ്പത്തിക വർഷം വൃദ്ധർക്ക് കട്ടിൽ നല്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികളിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്റ്റിന്റെ പേര് : വൃദ്ധർക്ക് കട്ടിൽ നല്കുന്ന പദ്ധതി

പ്രോജക്റ്റ് നം. :77/2020

അടങ്കൽ : വികസനഫണ്ട് - 1102500/-രൂപ

ചെലവ് : 852600/- രൂപ (ട്രഷറി ബിൽ നം.63 തീയതി.05.03.2021)

നിർവഹണം: പ്രോജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ നിർമാർജന സെൽ

തൻവർഷം ഈ പദ്ധതി പ്രകാരം വിതരണം ചെയ്യുന്നതിലേക്കായി 245 കട്ടിലുകൾ 4350/-രൂപ നിരക്കിൽ ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിൽ നിന്നും വാങ്ങുന്നതിലേക്കായി മേൽ ട്രഷറി ബിൽ പ്രകാരം 852600/-രൂപ മുൻകൂറായി നല്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 16.01.2021-ൽ ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ (നം.യു.പി.എ325/21 തീയതി.16.01.2021) നല്കിയതായി കാണുന്നു. പ്രസ്തുത ഉത്തരവിൽ നഗരസഭയുമായി എത്രയും വേഗം കരാർ വെയ്ക്കേണ്ടതും 15 ദിവസത്തിനകം കട്ടിൽ സപ്ലൈ ചെയ്യേണ്ടതാണെന്നും നിർദേശിച്ചിരിക്കുന്നു. എന്നാൽ സ്ഥാപനം നഗരസഭയുമായി കരാറിൽ ഏർപ്പെട്ടത് 05.02.2021-ലും കട്ടിലുകൾ സപ്ലൈ ചെയ്തത് 21.10.2021-ലുമാണ് (ഇൻവോയ്സ് നം.191/2021-22). സപ്ലൈ ചെയ്ത 245 കട്ടിലുകളിൽ 4 എണ്ണം ഇനിയും വിതരണം ചെയ്യാതവശേഷിക്കുന്നു. വിതരണം ചെയ്യാതവശേഷിക്കുന്ന കട്ടിലുകളുടെ വില 17400/-രൂപ (4x4350) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2.പ്രോജക്റ്റിന്റെ പേര് : വൃദ്ധർക്ക് കട്ടിൽ നല്കുന്ന പദ്ധതി

പ്രോജക്റ്റ് നം. :279/2020 (സ്പിൽ ഓവർ)

അടങ്കൽ : വികസനഫണ്ട് - 2283750/-രൂപ

ചെലവ് : 2283749/- രൂപ (ട്രഷറി ബിൽ നം.4 തീയതി.08.09.2020)

നിർവഹണം: പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമാർജന സെൽ

ചേർത്തല നഗരസഭയിൽ വൃദ്ധർക്ക് കട്ടിൽ നല്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. തൻവർഷം ഈ പദ്ധതി പ്രകാരം വിതരണം ചെയ്യുന്നതിലേക്കായി 525 കട്ടിലുകൾ 4350/-രൂപ നിരക്കിൽ ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിൽ നിന്നും വാങ്ങുന്നതിലേക്കായി മേൽ ട്രഷറി ബിൽ പ്രകാരം 2283749/-രൂപ സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. വാങ്ങിയ 525 കട്ടിലുകളിൽ 2 എണ്ണം ഇനിയും വിതരണം ചെയ്യാവതവശേഷിക്കുന്നു.

സർക്കാർ ഉത്തരവ് (കൈ) നം.22/2018/ത.സ്വ.ഭ.വ തീ.14.02.2018 സബ്സിഡി മാർഗരേഖ ഖണ്ഡിക 2.12 പ്രകാരം 2 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള പൊതു വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കാവുന്നതാണെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ ഈ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ റേഷൻകാർഡ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർ ഉൾപ്പെട്ട കുടുംബമാണെന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | റേഷൻ കാർഡ് നം. | റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള സർക്കാർ ജീവനക്കാരനായ അംഗത്തിന്റെ പേര് | പ്രസ്താവ്യ മാസ വരുമാനം |
|---|---|---|---|
| പങ്കജാക്ഷി | 1417005760 | ആർ.അശോകൻ | 16290 |
| കാഞ്ചന | 1417001906 | രാജേഷ് | 8000 |

ജി.ഒ(പി)നം.7/2016/ധന തീയതി.07.01.2016 പ്രകാരമുള്ള സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവ് അനുസരിച്ച് സംസ്ഥാന സർക്കാർ സർവ്വീസിലെ ഏറ്റവും കുറഞ്ഞ അടിസ്ഥാന ശമ്പളം 16500/-രൂപയാണ്. ആയത് പ്രകാരം മേൽ ഗുണഭോക്താക്കളുടെ റേഷൻ കാർഡിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രസ്താവ്യ പ്രതിമാസ വേതനം തെറ്റാണെന്ന് കാണുന്നു. ആയതിനാൽ മേൽ ഗുണഭോക്താക്കൾക്ക് സബ്സിഡി മാർഗരേഖ പ്രകാരം ഈ ആനുകൂല്യം കൈപ്പറ്റുന്നതിന് അർഹതയുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഈ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഷൈമി, കുന്നത്ത് വെളി എന്ന ഗുണഭോക്താവിന്റെ റേഷൻ കാർഡ് പ്രകാരം ഇവരുടെ പ്രതിമാസ കുടുംബ വരുമാനം 21100/-രൂപയാണ്. ആയത് പ്രകാരം ഇവരുടെ കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപയ്ക്ക് മുകളിലാണെന്ന് കാണുന്നു.

സബ്സിഡി മാർഗ രേഖയിലെ നിർദേശങ്ങൾക്ക് വിരുദ്ധമായി അനർഹരായ ഗുണഭോക്താക്കൾക്ക് നല്കിയ ആനുകൂല്യം 13050/-രൂപ (3x4350) തിരികെ ഈടാക്കേണ്ടതാണ്. ഇതു കൂടാതെ വിതരണം ചെയ്യാതവശേഷിക്കുന്ന കട്ടിലുകളുടെ വില 8700/-രൂപ (2x4350) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

[ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12 തീയതി.24.01.2022) മറുപടി ലഭ്യമാക്കിയില്ല].

## 1-45 കമ്പ്യൂട്ടറും അനുബന്ധഉപകരണങ്ങളും വാങ്ങൽ- തുക അധികം നൽകി

| പ്രോജക്റ്റിന്റെ പേര്/ നമ്പർ. | കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ. ( നം. 149/21) |
|---|---|
| അടങ്കൽ. | 401290 (സി.എഫ്.സി.) |
| ചെലവ് | 401290 |
| ബിൽ നം/തീയതി | 6/20-21/27.05.20 |
| നിർവ്വഹണം | സെക്രട്ടറി. |

പ്രോജക്റ്റ് നം. 149/21 പ്രകാരം സി.പി.സി.ആർ.എസ്. പോർട്ടൽ മുഖേന നഗരസഭയിലേയ്ക്ക് 10 Acer കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന്റെ വിലയായി ബിൽ നം. 6/20-21/27.05.20 പ്രകാരം 401290 രൂപ പിൻവലിച്ച് കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ 799011400003959 എന്ന അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. കെൽട്രോണിന്റെ പ്രഫോർമ ഇൻവോയിസ് പ്രകാരം ടി കംപ്യൂട്ടറുകളുടെ വില 401290 രൂപയാണെങ്കിലും Acer ന്റെ ഒറിജിനൽ ബിൽ പ്രകാരം (E-Way ബിൽ) കംപ്യൂട്ടറുകളുടെ യഥാർത്ഥ വില 385860 രൂപ മാത്രമാണ്. 15430 രൂപ അധികം നൽകിയതിനു വിശദീകരണം ആവശ്യപ്പെട്ട് സെക്രട്ടറിക്കു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി. 2/21) മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച ഉപകരണങ്ങൾ വാങ്ങിയതിന് അധികം നൽകിയ 15430 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-46 കൃഷി ഫീൽഡ് ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകളിൽ ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല

കൃഷി ഫീൽഡ് ഓഫീസർ നിർവഹണം നടത്തിയ താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾ പ്രകാരം വാങ്ങലുകൾ നടത്തിയതിന്റെ ബില്ലുകളും വിതരണരേഖകളും ഹാജരാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (17/24.1.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1)266/21 സുഭിക്ഷകേരളം ഇടവിളകൃഷി

അടങ്കൽ-2362500/-(വികസന ഫണ്ട്.)

ചെലവ്- 2362500/-
ബിൽ നം-30/KBC No5 20-21 തീയതി-27.3.2021-2362500/-

750/- രൂപ വിലമതിക്കുന്ന ഇടവിളകിറ്റിലുൾപ്പെടുത്തി ചേന, ചേമ്പ്, കാച്ചിൽ, ഇഞ്ചി, മഞ്ഞൾ, ചെറുചേമ്പ്, മരച്ചീനി

എന്നിവയിൽ 5 ഇനം 250/-ഗ്രൂപ്പുകൾക്കും 2000 വ്യക്തികൾക്കും നൽകുവാനുദ്ദേശിച്ച പദ്ധതിയാണിത്.

കഞ്ഞിക്കുഴി അഗ്രോ സർവ്വീസ് സെന്ററിലേക്ക് ബിൽപ്രകാരമുള്ള തുക നല്കിയിട്ടുണ്ടെങ്കിലും അഗ്രോസർവ്വീസ് സെന്ററിൽ നിന്നുള്ള ഇൻവോയിസ്/ബിൽ ലഭ്യമല്ല. 915 വ്യക്തികളുടെ കൈപ്പറ്റ് വിവരം മാത്രമാണ് ഫയലിൽ ഉള്ളത്.

മേൽ സൂചിപ്പിച്ച ബിൽ പ്രകാരമുള്ള തുകയ്ക്ക് വിളകൾ ലഭ്യമാക്കിയതായുള്ള ഇൻവോയിസ് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ 2362500/- രൂപയുടെചെലവ് തടസ്സപ്പെടുത്തുന്നു

2) SO 148/21-ഇടവിളകൃഷി

അടങ്കൽ-3410550/-(വികസന ഫണ്ട്.)

ചെലവ്-3410550/-

ബിൽ നം-1/KBC No5 19-20 തീയതി-13.4.2020-497250/-

ബിൽ നം-3/KBC No5 19-20 തീയതി-13.4.2020-497250/-

ബിൽ നം-4/KBC No5 19-20 തീയതി-13.4.2020-497250/-

ബിൽ നം-5/KBC No5 19-20 തീയതി-13.4.2020-497250/-

ബിൽ നം-6/KBC No5 19-20 തീയതി-13.4.2020-497250/-

ബിൽ നം-2/KBC No5 19-20 തീയതി-13.4.2020-113750/

ബിൽ നം-12/KBC No5 19-20തീയതി-13.4.2020-455000/-

ഇടവിളകൃഷിക്കായി ചേമ്പ്, കാച്ചിൽ, കൂർക്ക, നനകിഴങ്ങ്, കപ്പ തുടങ്ങിയ വിളകൾ വാങ്ങുന്നതിനായി കെയ്ക്കോയിലേക്ക് മേൽ ബില്ലുകൾ പ്രകാരം തുക പിൻവലിച്ച് നൽകിയിട്ടുണ്ട്. എന്നാൽ കെയ്ക്കോയിൽ നിന്നും 497250/- രൂപയ്ക്കുള്ള വിളകൾ ലഭ്യമാക്കിയ ഇൻവോയിസ്/ബിൽ ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ 497250/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3)268/21 ഫലവൃക്ഷത്തൈ വിതരണം

അടങ്കൽ-100000/-വികസന ഫണ്ട്

ചെലവ്-89285/-

ബിൽ നം-26/KBC No5 20-21 തീയതി-23.1.2021-59285/-

ബിൽ നം-29/KBC No5 20-21 തീയതി-16.3.2021-30000/-

വിവിധ ഫലവൃക്ഷത്തൈകൾ വാങ്ങി വിതരണം ചെയ്യുന്നതിനായി മേൽ സൂചിപ്പിച്ച ബില്ലുകൾ പ്രകാരം വി.എഫ്.പി.സി.കെയിലേക്ക് തുക നൽകി.
ഇൻവോയിസ് നം(1) VFPCK ALP20-21/099 Dt.25.11.2020-3157 Nos.,

2.VFPCK/ALP-030 Dtd 30.6.2020-2000 Nos എന്നിവ പ്രകാരം ആകെ 5157 എണ്ണം വിവിധയിനം ഫലവൃക്ഷത്തൈകൾ ലഭിച്ചിട്ടുണ്ടെങ്കിലും ഇവയുടെ വിതരണ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കേണ്ടതാണ്.

4) 267/21-വിവിധ കർഷകർക്ക് കുമ്മായവും ജൈവവളവിതരണവും

അടങ്കൽ-1820000/-

വികസന ഫണ്ട്-1365000/-

ഗുണ. വിഹിതം-455000/-

ചെലവ്-

ബിൽ നം-33/KBC No5 20-21 തീയതി-31.3.2021-318448/-

ഗുണ.വിഹിതം-106149

വിവിധ കർഷകർക്ക് കുമ്മായവും ജൈവവളവും വിതരണം ചെയ്യുന്നതിനായി റെയ്ഡ്കോയിൽ നിന്ന് ഇൻവോയ്സ് നം. ALP/1340-2021-30.3.2021 പ്രകാരം 42459/-രൂപയ്ക്ക് വേപ്പിൻ പിണ്ണാക്ക്-7116കി.ഗ്രാം, ജൈവവളം-4744കി.ഗ്രാം, കുമ്മായം-2372 കി.ഗ്രാം എന്നിവ ലഭിച്ചിട്ടുണ്ടെങ്കിലും ഇവ സ്റ്റോക്കിലെടുത്ത് വിതണം നടത്തിയതിന്റെ രേഖകൾ ലഭ്യമല്ലാത്തതിനാൽ 424597/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ സൂചിപ്പിച്ച വിധം രേഖകൾ ഹാജരാക്കാത്ത 3284347/- (2362500+497250+424597)രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-47 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ച് സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ചേർത്തല നഗരസഭയിൽ വിവിധ പ്രവർത്തികളുടെ നിർവഹണത്തിനായി താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവർത്തികൾ പൂർത്തീകരിച്ച് നാളിതുവരെയായും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| തുക നിക്ഷേപിച്ച സ്ഥാപനം | പ്രോജക്ട് നം/പേര് | നിക്ഷേപിച്ച തുക | ബിൽ നം./ തീയതി |
|---|---|---|---|
| പി.ഡബ്ല്യൂ.ഡി | 251-കമ്പിക്കാൽ ജംഗ്ഷനിൽ പുതിയ കടമുറികൾ നിർമാണം -പി.ഡബ്ല്യൂ.ബിൽഡിംഗ്സിന് തുക കൈമാറൽ | 3020000 | 8/22.05.2020 |
| പി.ഡബ്ല്യൂ.ഡി | 252-താലൂക്ക് ആശുപത്രിയിൽ പുതിയ എക്സ് റേ യൂണിറ്റ് നിർമാണം- പി.ഡബ്ല്യൂ.ബിൽഡിംഗ്സിന് തുക കൈമാറൽ | 1710000 | 7/22.05.2020 |
| വാട്ടർ അതോറിറ്റി | 71- കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1920000 | 53/05.03.2021 |

| | | | |
|---|---|---|---|
| വാട്ടർ അതോറിറ്റി | 275- വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 4302000 | 51,52/05.03.2021 |
| കെ.എസ്.ഇ.ബി | 398- വിവിധ വാർഡുകളിൽ കെ.എസ്.ഇ.ബി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 619609 | 34/01.12.2020 |
| കെ.എസ്.ഇ.ബി | 250-സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 1650000 | 31/16.11.2020 |
| | ആകെ | 13221609 | |

ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (41/29.01.22) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 13221609/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-48 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വിഭാവനം ചെയ്ത പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതികൾ സംബന്ധിച്ച അപാകതകൾ താഴെ കൊടുക്കുന്നു.

1.പ്രോജക്ട് നമ്പർ 275/21

| | |
|---|---|
| അടങ്കൽ | 4403000(CFC Special Purpose Grant-2481207,<br>Own Fund-760000,<br>CFC -1161793.) |
| ചെലവ് | 4302000 |
| ബിൽ നം. 51/20-21 /5.03.21 | 2481207. |
| ബിൽ നം. 52/20-21 /5.03.21 | 1160793 |
| RTGS On 9.03.21 | 660000 (തനതുഫണ്ട്.) |
| ആകെ | 4302000 |

ടി പ്രോജക്ടിന്റെ നടത്തിപ്പിനായി 3642000 രൂപയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റാണ് വാട്ടർ അതോറിട്ടി സമർപ്പിച്ചിരുന്നത് (EST NO.2020/8379). ടി പ്രോജക്ടിന്റെ തുടർച്ചയായി, 7 വാർഡുകളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തനതുഫണ്ടിൽ നിന്നും 660000 രൂപയും എസ്റ്റിമേറ്റ് പ്രകാരം നൽകിയിട്ടുണ്ട്. പദ്ധതിക്കായി 3/21 ൽ തുക നൽകിയിട്ടുണ്ടെങ്കിലും നഗരസഭയും വാട്ടർ അതോറിട്ടിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. 11.08.21 എന്ന തീയതി വച്ച് കരാർ വ്യവസ്ഥകൾ എഴുതിച്ചേർത്ത 200 രൂപയുടെ മുദ്രപ്പത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അതിൽ വാട്ടർ അതോറിട്ടി എക്സി. എൻജിനീയർ, നഗരസഭാ സെക്രട്ടറി എന്നിവർ സംയുക്തമായി ഒപ്പുവച്ച് കരാറിൽ ഏർപ്പെട്ടിട്ടില്ല. നാളിതുവരെ പ്രവൃത്തി ആരംഭിച്ചതിന്റെ രേഖകളൊന്നും തന്നെ ഫയലിൽ ലഭ്യവുമല്ല. 3/21 ൽ തുക നൽകിയെങ്കിലും നാളിതു വരെ പ്രവൃത്തി ആരംഭിക്കുക പോലും ചെയ്യാതെ എക്സി. എൻജിനീയർ, കേരള വാട്ടർ അതോറിട്ടി, പി.എച്ച്. സെക്ഷൻ ചേർത്തലയുടെ 26.07.21 ലെ AE/PH/112/CMC/20-21 നം. കത്ത് പ്രകാരം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 3642000രൂപയിൽ നിന്നും 4398000 രൂപ ആയി ഉയർത്തിയിട്ടുണ്ട്. വർദ്ധനവ് വന്ന തുകയായ 96000 രൂപ, വാട്ടർ അതോറിട്ടിയിൽ മുൻ വർഷങ്ങളിലെ ഡിപ്പോസിറ്റ് വർക്കുകളുടെ ബാക്കി നിൽക്കുന്ന തുകയായ 1716917 രൂപയിൽ നിന്നും വകയിരുത്തി പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നഗരസഭാ സെക്രട്ടറിയുടെ 04.10.21 ലെ Pw1-1666/20 നം. കത്ത് പ്രകാരം വാട്ടർ അതോറിട്ടി എക്സി. എൻജിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെയും ടി. തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഭീമമായ തുക വാട്ടർ അതോറിട്ടിയിൽ നിക്ഷേപിച്ചതിനു ശേഷം യഥാസമയം ബന്ധപ്പെട്ട പ്രവൃത്തി പൂർത്തിയാക്കാതെ പുതുക്കിയ എസ്റ്റിമേറ്റുകൾ പ്രകാരം വർദ്ധിപ്പിച്ച തുക വീണ്ടും നിക്ഷേപിക്കാൻ ആവശ്യപ്പെടുന്ന വാട്ടർ അതോറിട്ടിയുടെ രീതി നഗരസഭയുടെ സാമ്പത്തികസ്ഥിതിക്കു തന്നെ ഭീഷണിയാണ്. ആയതിനാൽ പ്രവൃത്തികൾക്കായി തുക നിക്ഷേപിക്കുന്ന തീയതിയിൽ തന്നെ വ്യക്തമായ കരാർ വ്യവസ്ഥകൾ രേഖപ്പെടുത്തി വാട്ടർ അതോറിട്ടിയുമായി നഗരസഭ കരാറിൽ ഏർപ്പെടേണ്ടതും യഥാസമയം തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ വാട്ടർഅതോറിട്ടിയോട് ആവശ്യപ്പെടേണ്ടതുമാണ്.

2.പ്രോജക്ട് നമ്പർ 71/21. ( വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ)

| | |
|---|---|
| അടങ്കൽ | 1920000 |
| ചെലവ് (ബിൽ നം. 53/20-21 /9.03.21) | 1920000 |
| | |

വാട്ടർ അതോറിട്ടി സമർപ്പിച്ച എസ്റ്റിമേറ്റുകൾ, ആയതനുസരിച്ച് വകയിരുത്തിയ തുകകൾ, എന്നിവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. ചേർത്തല നഗരസഭയുടെ 1, 21, 22, 23, 25 & 26 വാർഡുകളിൽ നടത്തേണ്ട പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് നം. EST NO.2021/5120 പ്രകാരം 1982000 രൂപയുടെ എസ്റ്റിമേറ്റ് ആണ് വാട്ടർ അതോറിട്ടി നൽകിയത്. ഇതിൽ മേൽ സൂചിപ്പിച്ച പ്രകാരം 1920000 രൂപ ഒടുക്കുകയും ബാക്കിയുള്ള 62000 രൂപ മുൻവർഷങ്ങളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിലെ ബാലൻസ് തുകയിൽ നിന്നും വകയിരുത്തുവാൻ നഗരസഭാ സെക്രട്ടറിയുടെ PW2/11231/20/20.02.21 നം. കത്ത് പ്രകാരം നിർദ്ദേശിക്കുകയും പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

2. എക്സി. എൻജിനീയറുടെ 03.08.21 ലെ D1-5120/2021 നം. കത്ത് പ്രകാരം ടി പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് തുക 2315000 രൂപയാക്കി വർദ്ധിപ്പിച്ചു. ആയതിന്റെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല. വർദ്ധനവ് വന്ന 333000 രൂപ മുൻവർഷങ്ങളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിലെ ബാലൻസ് തുകയായ 1415514 രൂപയിൽ നിന്നും വകയിരുത്തുവാൻ നഗരസഭ ബഹു. ചെയർപേഴ്സൺ-ന്റെ 9.9.21 ലെ മുൻകൂർ അനുമതിയുടെ അടിസ്ഥാനത്തിൽ നഗരസഭാ സെക്രട്ടറിയുടെ 09.09.21 ലെ Pw2-11231/20 നം. കത്ത് പ്രകാരം വാട്ടർ അതോറിട്ടി എക്സി. എൻജിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

3. എക്സി. എൻജിനീയറുടെ 22/10/21 ലെ D1-5120/2021 നം. കത്ത് പ്രകാരം ടി പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് തുക 2732000 രൂപയാക്കി വർദ്ധിപ്പിച്ചു. വർദ്ധനവ് വന്ന തുക മുൻവർഷങ്ങളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിലെ ബാലൻസ് തുകയിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ടി. കത്ത് പ്രകാരം എക്സി. എൻജിനീയർ അറിയിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരേയും ടി. പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം, തുകകളുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

കൃത്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി പൂർത്തീകരണകാലയളവ് രേഖപ്പെടുത്താതെ കരാറിൽ ഏർപ്പെടുന്നതിനു മുൻപു തന്നെ, കൃത്യതയില്ലാത്ത എസ്റ്റിമേറ്റ് പ്രകാരം വാട്ടർ അതോറിട്ടി പലപ്പോഴായി ആവശ്യപ്പെടുന്ന തുകകൾ നഗരസഭ നൽകി വരിക മാത്രമാണ് ചെയ്തു പോരുന്നത്. പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ച് പൊതുടാപ്പുകൾ വീണ്ടും സ്ഥാപിക്കുവാനുള്ള പദ്ധതികൾ വീണ്ടും ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ശ്രമിക്കുന്നത് നഗരസഭയ്ക്ക് ഭീമമായ സാമ്പത്തിക നഷ്ടം ഉണ്ടാക്കുവാൻ മാത്രമേ ഉപകരിക്കൂ എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

ഗാർഹികകണക്ഷനുകൾ പ്രോൽസാഹിപ്പിക്കുകയും അനാവശ്യമായതോ പ്രവർത്തനക്ഷമമല്ലാത്തതോ ആയ പൊതുടാപ്പുകണക്ഷനുകൾ വിച്ഛേദിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച വിധം 6222000/- (4302000+1920000)രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-49 താലൂക്ക് ആശുപത്രിയിൽ പുതിയ X-ray യൂണിറ്റ് നിർമ്മാണം - സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി തുക നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ | താലൂക്ക് ആശുപത്രിയിൽ പുതിയ X-ray യൂണിറ്റ് നിർമ്മാണം.(പ്രോ. നമ്പർ 252/21) |
| അടങ്കൽ | 1710000 |
| ചെലവ്(ബിൽ നം. 8/20-21/20.05.20) | 1710000 |
| നിർവ്വഹണം. | സെക്രട്ടറി. |

പദ്ധതി നടത്തിപ്പിനു വേണ്ടി ബിൽ നം. 7/20-21/20.05.20 പ്രകാരം, പദ്ധതിനടത്തിപ്പ്, ജി.എസ്.ടി., സെന്റേജ് ചാർജ്ജ് എന്നീ ചെലവുകൾക്കായി 1710000 രൂപ പിൻവലിച്ച് പി.ഡബ്ല്യു.ഡി-യിൽ നിക്ഷേപിച്ചിട്ടുണ്ട്. നഗരസഭയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സുസജ്ജമായ എൻജിനീയറിംഗ് വിഭാഗം പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ടി പ്രവൃത്തിക്കുവേണ്ടി തുക പി.ഡബ്ല്യു.ഡി-യിൽ നിക്ഷേപിച്ചുകൊണ്ട് പൊതുമരാമത്ത് കെട്ടിട വിഭാഗത്തേയാണ് പ്രവൃത്തിയുടെ നിർവ്വഹണം ഏൽപ്പിച്ചിരിക്കുന്നത്. തദ്ദേശ സ്വയംഭരണ(ഡിഎ) വകുപ്പിന്റെ 27.02.2009 ലെ 13184/ഡി.എ1/09/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന് സ്വന്തമായി എൻജിനീയറിംഗ് വിഭാഗമുണ്ടായിരിക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ റോഡ്, കെട്ടിടം എന്നിവയുടെ നിർമ്മാണപ്രവൃത്തികൾ പൊതുമരാമത്തു വകുപ്പു മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കാൻ പാടില്ല എന്ന് സ്പഷ്ടമാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി ഈ പ്രവൃത്തി പൊതുമരാമത്തു വിഭാഗത്തെ ഏൽപ്പിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം.55/2.02.22) മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ ടി പ്രവൃത്തിക്കു വേണ്ടി പൊതുമരാമത്തുവകുപ്പിൽ ഡിപ്പോസിറ്റ് ചെയ്ത 1710000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-50 ബയോബിൻ മുൻഗണന വിഭാഗം(ബി.പി.എൽ)

പ്രോജക്ടിന്റെ പേര് : ബയോബിൻ മുൻഗണന വിഭാഗം(ബി.പി.എൽ)

പ്രോജക്ട് നം. :173

ഫയൽ നം.പി.എച്ച്.1/139/2020

അടങ്കൽ : ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 722452/-രൂപ

കേന്ദ്രാവിഷ്കൃത ഫണ്ട്- 673750/-രൂപ

സംസ്ഥാനാവിഷ്കൃത ഫണ്ട്- 448525/-രൂപ

ഗുണഭോക്തൃ വിഹിതം -80273/-രൂപ

ആകെ- 1925000/-രൂപ

ചെലവ് : ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 294480/- രൂപ (ബിൽ നം.8 തീയതി.14.05.2020)

സംസ്ഥാനാവിഷ്കൃത ഫണ്ട്- 747000/-രൂപ (ചെക്ക് നം.018266/തീയതി.08.10.2020)

ആകെ- 1041480/-രൂപ

നിർവഹണം: ഹെൽത്ത് ഓഫീസർ

ചേർത്തല നഗരസഭയിലെ മുൻഗണന വിഭാഗം (ബി.പി.എൽ) ഗുണഭോക്താക്കളുടെ വീടുകളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷനിൽ നിന്നും തൻവർഷം 1800/-രൂപ നിരക്കിൽ 415 ബയോ ഡൈജസ്റ്റർ ബിന്നുകൾ വാങ്ങിയിട്ടുണ്ട്. 415 ബയോ ഡൈജസ്റ്റർ ബിന്നുകൾ വാങ്ങുന്നതിന് 1800/-രൂപ നിരക്കിൽ നല്കേണ്ടിയിരുന്ന തുക 747000/-രൂപ മാത്രമാണ്. എന്നാൽ മേൽ ബില്ലുകൾ/ചെക്കുകൾ പ്രകാരം സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷന് ആകെ 1041480/-രൂപ നല്കിയിരിക്കുന്നു.

അധിക തുക നല്കാനുള്ള കാരണം അന്വേഷിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21 തീ.) നല്കിയ മറുപടി ചുവടെ ചേർക്കുന്നു.

ടി പദ്ധതി 2021-22 സാമ്പത്തിക വർഷം തുടരും എന്ന കണക്കു കൂട്ടലിലാണ് മുൻകർ നല്കിയ തുക കൂടാതെ വിതരണം ചെയ്ത 415 ബയോ ഡൈജസ്റ്റർ ബിന്നുകളുടെ വിലയും നല്കിയതെന്ന് അറിയിച്ചു. വീടുകളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്താത്തതിന് ദേശീയ ഹരിത ട്രൈബ്യൂണൽ നഗരസഭയ്ക്ക് പിഴ നിശ്ചയിച്ച് നല്കിയ സാഹചര്യത്തിൽ എല്ലാ വീടുകളിലും സൌജന്യമായി ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് പുതിയ പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം നേടിയിട്ടുണ്ടെന്നും ആയതിനാൽ ഗുണഭോക്തൃ വിഹിതം ഉൾപ്പെട്ട മേൽ പ്രോജക്ട് ഇനി തുടരാനാവില്ലെന്നും അറിയിച്ചു.

ആയതിനാൽ ഈ പദ്ധതിയ്ക്ക് അധികമായി ചെലവഴിച്ച തുക (294480/- രൂപ) സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. പ്രോജക്ടിൽ വകയിരുത്തിയ തുകയ്ക്കാനുപാതികമായി ചെലവ് ക്രമീകരിച്ച് ആനുപാതികമായ തുക അധിക ചെലവ് വന്നിട്ടുള്ള ഹെഡുകളിലേയ്ക്ക് തിരികെ ഒടുക്കേണ്ടതുമാണ്. അധികമായി ചെലവഴിച്ച തുക (294480/- രൂപ) ഓഡിറ്റിൽ നിരാകരിക്കുന്നു

ഈ പദ്ധതി പ്രകാരം വാങ്ങിയ 415 ബയോ ഡൈജസ്റ്റർ ബിന്നുകളിൽ 260എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. 155 ബയോ ഡൈജസ്റ്റർ ബിന്നുകൾ നാളിതുവരെയായും വിതരണം ചെയ്യാതവശേഷിക്കുന്നു. വിതരണം ചെയ്യാതവശേഷിക്കുന്ന 155 ബയോ ഡൈജസ്റ്റർ ബിന്നുകളുടെ വില (279000/- രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അർഹരായ ഗുണഭോക്താക്കൾക്ക് ബയോ ഡൈജസ്റ്റർ ബിന്നുകൾ വിതരണം ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-51 വിജയ പ്രിന്റേഴ്സ് മുതൽ തെക്കോട്ട് ഇന്റർലോക്കിംഗ്- അപാകതകൾ

പ്രോജക്ട് നമ്പർ- 192/21

അടങ്കൽ- 1,00,000/-ധനകാര്യ കമ്മീഷൻ ഗ്രാന്റ്

കരാറുകാരൻ- ആർ. പ്രകാശൻ, അളവ് പുസ്തകം 127/18-19

ബിൽ നമ്പർ -31/25.5.20

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് പ്രകാരം ആകെ 60മീറ്റർ നീളത്തിൽ ശരാശരി 1.25 മീറ്റർ വീതിയിൽ ക്വാറി മക്ക് ഫില്ലിംഗ്, കൺസ്ട്രക്ഷൻ ഓഫ് എർത്തേൺ ഷോൾഡേഴ്സ്, 80mm ഇന്റർലോക്ക് പേവർ ബ്ലോക്ക് വിരിക്കൽ എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അളവ് പുസ്തകം പരിശോധിച്ചതിൽ ചെയിനേജ് 00 മുതൽ 59.44 മീറ്റർ വരെ പ്രവൃത്തി നടപ്പാക്കിയതിൽ ചെയിനേജ് 58.44 മുതൽ 59.44 വരെ 1മീറ്റർ നീളം എന്നതിന് പകരം തെറ്റായി 4.5മീറ്റർ എന്ന് രേഖപ്പെടുത്തി പ്രവൃത്തിയുടെ അളവ് കണക്കാക്കിയതിനാൽ കൂടുതൽ ചെലവ് ചെയ്തിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ 1 | ഇനം 2 | അളവ് പുസ്തക പ്രകാരം പ്രവൃത്തി ചെയ്ത അളവ് 3 | തെറ്റായി രേഖപ്പെടുത്തിയ അളവ് 4 | യഥാർത്ഥ അളവ് 5 | മൂല്യനിർണ്ണയത്തിന് കണക്കാക്കാവുന്ന അളവ് 6 (3-4+5) | അധികം നൽകിയ തുക 7 (3-6) |
|---|---|---|---|---|---|---|
| 1 | ക്വാറി മക്ക് ഫില്ലിംഗ് | $7.8806m^3$ ($7.68m^3$ൽ പരിമിതപ്പെടുത്തി) | 58.44മുതൽ 59.44വരെ 4.15x(1.10+1.10)÷ 2x0.10 = $0.456m^3$ | 58.44മുതൽ 59.44വരെ 1x(1.10+1.10)÷ 2x0.10 = $0.11m^3$ | (7.8806-0.456+0.11) =$7.534m^3$ | (7.68-7.53) = $0.15m^3$x1154/$m^3$ = 173/- |

| | | | | | | |
|---|---|---|---|---|---|---|
| 2 | എർത്തേൺ ഷോൾഡേഴ്സ്, | $12.649m^3$ 10% കുറച്ച് $11.25m^3$ൽ പരിമിതപ്പെടുത്തി | 58.44മുതൽ 59.44വരെ 4.15x(1.10+1.10)÷ 2x0.15 = $0.684m^3$ | 58.44മുതൽ 59.44വരെ 1x(1.10+1.10)÷ 2x0.15 = $0.165m^3$ | ($12.649-0.684+0.165m^3$) -10% കൺസോളിഡേഷൻ =$10.9m^3$ | (11.25-10.9) = $0.35m^3$ X$1010.43/m^3$ = 354/- |
| 3 | 80mm ഇന്റർലോക്ക് പേവർ ബ്ലോക്ക് | $72.764m^2$ | 58.44മുതൽ 59.44വരെ 4.15x1 = $4.15m^2$ | 58.44മുതൽ 59.44വരെ 1x1 = $1m^2$ | (72.764-4.15+1) =$69.61m^2$ | (72.764-69.61) =$3.15m^2$ X$879.78/m^2$ =2771/- |
| ആകെ അധികം നൽകിയ തുക = 173+ 354+ 2771= 3298+12% ജി.എസ്.ടി(396) | | | | | | 3694/- |

ആകെ അധികം നൽകിയ 3694/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (45/31.1.2022)മറുപടി ലഭ്യമാക്കിയില്ല.

## 1-52 എർത്ത് വർക്ക് എസ്കവേഷന് ഉയർന്ന നിരക്ക് നൽകി

നഗരസഭയിൽ തൻവർഷം ചെയ്ത താഴെപ്പറയുന്ന പ്രവൃത്തിയിൽ സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എസ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് $553.17/m^3$ (സ്പെസിഫിക്കേഷൻ കോഡ് -11.1.1.1) ആണ്. ഇത് എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ് എന്നതിനുള്ള നിരക്കാണ്. ഡ്രെയിൻ നിർമ്മാണത്തിനും സംരക്ഷണ ഭിത്തി നിർമ്മാണത്തിനുമുള്ള എർത്ത് വർക്ക് എസ്കവേഷന് അനുവദനീയമായ നിരക്ക് $259.29/m^3$ (സ്പെസിഫിക്കേഷൻ കോഡ്-3.5.1) ആണ്. ഉയർന്ന നിരക്ക് അനുവദിച്ചത് അധികം ചെലവിനിടയാ ക്കി. വിശദാംശം ചുവടെ കൊടുക്കുന്നു

| ക്രമ നം | പ്രവൃത്തിയുടെ പേര്/ സാങ്കേതികാനുമതി നമ്പർ | കരാറുകാരൻ | അനുദിച്ച തുക/അളവു പുസ്തകം | അനുവദനീയമായ തുക | അധികം നൽകിയ തുക | ചെലവു വിവരം |
|---|---|---|---|---|---|---|
| 1 | 321/21,ചാണിയിൽ കളത്തുക്കാട് കാനയും നടപ്പാതയും സംരക്ഷണഭിത്തി നിർമ്മാണം 92167/2019-20 തീയതി 20-11-2019 | ലെജിമോൻ | $20.25m^3$ @553.17 =11201.69 48/20-21 | $20.25m^3$ @259.29 = 5250.62 | 5951/- | ബിൽ നം 67/31-03-21, 391763/- |
| | | | ആകെ | | 5951/- | |
| | | | 12% GST | | 714 | |
| | | | ആകെ | | 6665/- | |
| 2 | 334/21 മേടേവെളി ഓടനിർമ്മാണം | മായ.എം | $30.6m^3$ @553.17 =16927/- 139/18-19 | $30.6m^3$ @259.29 = 7934/- | 8993 | ബിൽ നം 51/29-11-20, 220181/- |
| | | | 12% GST | | 1079 | |
| | | | ആകെ | | 10072/- | |
| 3 | 361/21പുളിക്കൽപറമ്പ് നടവഴി ബാക്കിഭാഗം നിർമ്മാണം | ശിവപ്രദീപ് | $10.725m^3$ @553.17 =5932/- 179/18-19 | $10.725m^3$ @259.29 = 2781/- | 3151 | ബിൽ നം 70/14-1-21, 254035/- |
| | | | 12% GST | | 378 | |
| | | | ആകെ | | 3529 | |

മേൽ സൂചിപ്പിച്ച വിധം ആകെ അധികം ചെലവഴിച്ച 20266/-രൂപ (6665+10072+3529) ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (29/27.1.2022)മറുപടി ലഭ്യമാക്കിയില്ല.

## 1-53 കാലിവീപ്പയുടെ വില ഈടാക്കിയതിൽ കുറവ്

ചേർത്തല നഗരസഭയിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വില ഈടാക്കിയിട്ടുണ്ടെങ്കിലും 250/-രൂപ നിരക്കിൽ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. കാലിവീപ്പയ്ക്ക് 238/-രൂപയും 18% ജി.എസ്.ടിയും ഉൾപ്പെടെ 281/-രൂപ നിരക്കിൽ ഈടാക്കാതിരുന്നത് മൂലം നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ | പ്രോജക്ട്/പേര് | കരാറുകാരന്റെ | ഫണ്ടിനം | ഉപയോഗിച്ച | 250രൂപ | 18% | കുറവ് | ബിൽ |
|---|---|---|---|---|---|---|---|---|

| നമ്പർ | | പേര് | | ബിറ്റുമിന്റെ അളവ് | നിരക്കിൽ ഈടാക്കിയ തുക | നിരക്കിൽ ജി.എസ്.ടി ഉൾപ്പെടെ ഈടാക്കേണ്ട തുക | | നമ്പർ തിയതി |
|---|---|---|---|---|---|---|---|---|
| 1 | 186/21 ഇല്ലത്ത് ചിറ മഴവൻചേരി റോഡ് മെറ്റലിംഗ് ടാറിംഗ് | രതീഷ്. ഡി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8 ബാരൽ | 2000/- | 2248 | 248 | 38/25.5.20 443725/- |
| 2 | 163/21 മുല്ലപ്പള്ളി ശാവശേരി റോഡ് മെറ്റലിംഗ്-ടാറിംഗ് | വി.ശിവൻ | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 12 ബാരൽ | 3000 | 3372 | 372 | 40/ 11.6.20 539588/- |
| 3 | 166/21 പുന്നക്കൽ റോഡ്-റീ ടാറിംഗ് | രതീഷ്. ഡി | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 17 ബാരൽ | 4250 | 4777 | 527 | 41/21.4.20 374211/- |
| | ആകെ കുറവ് | | | | | | 1147 | |

തൻവർഷം നടപ്പിലാക്കിയ പ്രവൃത്തികളിൽ കാലി വീപ്പയുടെ വില ഈടാക്കിയതിൽ ജി.എസ്.ടിയിനത്തിൽ കുറവ് വന്നവയിൽ ഏതാനം ഉദാഹരണങ്ങൾ മാത്രമാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതുപോലെ മറ്റ് പ്രവൃത്തികളിൽ നിന്നും കുറവ് വന്ന തുക പ്രത്യേകമായി കണക്കാക്കി ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (22/27.1.2022)മറുപടി ലഭ്യമാക്കിയില്ല.

## 1-54 നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നതിന് നിയമാനുസൃത ഫൈൻ ഈടാക്കിയില്ല

നഗരസഭയിൽ തൻവർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ സെലക്ഷൻ നോട്ടീസ് പ്രകാരമുള്ള നിശ്ചിത തിയതിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | പ്രവൃത്തി | കരാറുകാരൻ/ പി.എ.സി | സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തിയതി | നോട്ടീസ് പ്രകാരം എഗ്രിമെന്റ് വെക്കേണ്ട തിയതി | എഗ്രിമെന്റ് വെച്ച തിയതി | ഈടാക്കേണ്ട് ഫൈൻ (1%x PAC) | ബിൽ നമ്പർ- |
|---|---|---|---|---|---|---|---|
| 1 | 91/19 (312/21 ദീപാക്ലിനിക്ക് കോൺക്രീറ്റ് റോഡ് അറ്റകുറ്റപ്പണി | സജിമോൻ പി.എസ് 156137/- | 17.11.2019 | 1.12.2019 | 5.12.2019 (226/19-20) | 1561/- | 43/7.10.20 174843/- |
| 2 | 163/21 മുല്ലപ്പള്ളി ശാവശേരി റോഡ് മെറ്റലിംഗ്-ടാറിംഗ് | വി.ശിവൻ 539587/- | 18.9.2019 | 02.10.2019 | 2.11.2019 (208/19-20) | 5396/- | 40/ 11.6.20 539588/- |
| 3 | 334/21 മേടേവെളി ഓടനിർമ്മാണം | സി.എസ്.സ്വാമായ.എം 218799/- | 18.9.2019 | 2.10.2019 | 5.11.2019 (211/19-20) | 2188/- | 51/29.11.20, 220181/- |
| | ആകെ | | | | | 9145/- | |

മേൽ സൂചിപ്പിച്ച വിധം നിയമാനുസൃത കാലയളവിനുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കാതിരുന്നതുമൂലം ആകെ കുറവ് വന്ന 9145/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (28/27.1.2022)മറുപടി ലഭ്യമാക്കിയില്ല.

## 1-55 കളത്രകാട്ട്- കുന്തറ ഫുട്പാത്ത് ഇന്റർലോക്കിംഗ്- അപാകതകൾ

പ്രോജക്ട് നമ്പർ- 379/21

അടങ്കൽ- 1,23,000/-വികസനഫണ്ട് പൊതുവിഭാഗം

കരാറുകാരൻ- ആർ. പ്രകാശൻ, അളവ് പുസ്തകം 26/20-21

ബിൽ നമ്പർ -135/30.3.21

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം പുറം 4 പ്രകാരം ശരാശരി 1 മീറ്റർ വീതിയിൽ 80mm ഇന്റർലോക്ക് പേവർ ബ്ലോക്ക് 98.263$m^2$ വിരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ചെയിനേജ് 65.43 മുതൽ 79.43 മീറ്റർ വരെ 14മീറ്റർ എന്നത് തെറ്റായി 15 മീറ്റർ എന്ന് രേഖപ്പെടുത്തിയതിനാൽ പ്രവൃത്തിയുടെ അളവ് 14$m^2$ന് പകരം 15$m^2$ എന്ന് തെറ്റായി കണക്കാക്കുവാനിടയായി തന്മൂലം 1$m^2$ന് 879.78/$m^2$ നിരക്കിൽ 879.78/-രൂപയും 12% ജി.എസ്.ടി ഉൾപ്പെടെ 985/-രൂപ കൂടുതൽ ചെലവ് ചെയ്തിട്ടുണ്ട്. അധികം ചെലവഴിച്ച 985/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (47/31.1.2022)മറുപടി ലഭ്യമാക്കിയില്ല.

## 1-56 എർത്ത്ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല

സെമിത്തേരി നൈലോൺ ഇടവഴി ഇന്റർലോക്കിംഗ്- അപാകതകൾ

പ്രോജക്ട് നമ്പർ- 313/21

അടങ്കൽ- 4,10,000/-ധനകാര്യകമ്മീഷൻ ഗ്രാന്റ്

കരാറുകാരൻ- ആർ. പ്രകാശൻ, അളവ് പുസ്തകം 164/18-19

ബിൽ നമ്പർ -62/16.12.20

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം പുറം2 പ്രകാരം കൺസ്ട്രക്ഷൻ ഓഫ് എർത്തേൺ ഷോൾഡേഴ്സ് എന്നയിനം 49.195$m^3$ ചെയ്തത് 47.52$m^3$ൽ പരിമിതപ്പെടുത്തി 1022.81/$m^3$ നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ ടേപ്പ് കറക്ഷൻ 10% കുറവ് ചെയ്യാതിരുന്നതിനാൽ കരാറുകാരന് അധികം തുക നൽകിയിട്ടുണ്ട്. 10% കുറവ് ചെയ്താൽ മൂല്യനിർണ്ണയത്തിന് അർഹമായ അളവ് 44.27$m^3$ ആണ്. ആയതിനാൽ 47.52-44.27=3.25$m^3$ന് 1022.81/$m^3$ നിരക്കിൽ 3324/-രൂപയും 12% ജി.എസ്.ടി ഉൾപ്പെടെ 3723/-രൂപ അധികം നൽകി. ആകെ അധികം നൽകിയ 3723/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (48/31.1.2022)മറുപടി ലഭ്യമാക്കിയില്ല.

## 1-57 പി.എം.എ.വൈ ലൈഫ് ഭവന നിർമാണം - പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

പ്രോജക്ടിന്റെ പേര് : പി.എം.എ.വൈ ലൈഫ് ഭവന നിർമാണം നഗരസഭ വിഹിതം

പ്രോജക്ട് നം. :78/2020

അടങ്കൽ : വികസനഫണ്ട് - 1,19,17,192/-രൂപ

ചെലവ് : 1,15,60,000/- രൂപ

നിർവഹണം : സെക്രട്ടറി

ചേർത്തല നഗരസഭയിൽ പി.എം.എ.വൈ ലൈഫ് ഭവന പദ്ധതി പ്രകാരം വിവിധ സാമ്പത്തിക വർഷങ്ങളിലായി ആനുകൂല്യം കൈപ്പറ്റിയ 120 ഗുണഭോക്താക്കൾ നാളിതുവരെയായും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്-1 പ്രകാരമുള്ള ഗുണഭോക്താക്കൾ

| ക്രമ നം. | വാർഡ് നം. | ഗുണഭോക്താവിന്റെ പേര് |
|---|---|---|
| 1 | 20 | കോമളം |
| 2 | 20 | പി.ഓമനക്കുട്ടൻ |
| 3 | 30 | രജനി നാരായണൻ |
| 4 | 31 | ദാക്ഷായണി ഭായി |
| 5 | 34 | രോഹിണി |

ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്-2 പ്രകാരമുള്ള ഗുണഭോക്താക്കൾ

| ക്രമ നം. | വാർഡ് നം. | ഗുണഭോക്താവിന്റെ പേര് |
|---|---|---|
| 1 | 1 | ലീല.സി.ഡി |
| 2 | 1 | നളിനി |
| 3 | 3 | ഓമന ഷണ്മുഖം |
| 4 | 4 | സന്ധ്യ അശോകൻ |
| 5 | 5 | പ്രഭാവതി |
| 6 | 5 | രാജമ്മ |
| 7 | 5 | സുലോചന |
| 8 | 5 | ശ്യാമള |
| 9 | 6 | ലളിത |
| 10 | 7 | പ്രമീള പി.കെ. |
| 11 | 7 | രാഗിണി |
| 12 | 10 | അശ്വതി രാധാകൃഷ്ണൻ |

| | | |
|---|---|---|
| 13 | 11 | കവിത ശശീന്ദ്രൻ |
| 14 | 15 | മറിയം |
| 15 | 16 | ദിവ്യ വി.എം. |
| 16 | 16 | പി.ഷാജിമോൻ |
| 17 | 17 | സുമ രാമചന്ദ്രൻ |
| 18 | 17 | വിജി |
| 19 | 19 | ചെല്ലമ്മ |
| 20 | 19 | രജിത് ആർ. |
| 21 | 20 | ബീനമോൾ |
| 22 | 20 | ലെജിമോൾ |
| 23 | 21 | ദീപമോൾ |
| 24 | 21 | സിന്ധു |
| 25 | 21 | സിന്ധു പി.ആർ. |
| 26 | 22 | സുശീല സി. |
| 27 | 23 | ശാന്തമ്മ |
| 28 | 24 | ഉഷ |
| 29 | 25 | തങ്കപ്പൻ |
| 30 | 26 | മേരി ഫെലീഷ്യ |
| 31 | 26 | സൌമ്യ ജയേന്ദ്രൻ റ്റി.പി. |
| 32 | 26 | വിജയമ്മ |
| 33 | 31 | മഞ്ജു |
| 34 | 32 | രാജിമോൾ എസ്. |
| 35 | 33 | ജയഭാരതി |
| 36 | 34 | സുകുമാരി |
| 37 | 35 | അമ്മിണി |
| 38 | 35 | ആനി |
| 39 | 35 | ഉമാദേവി |

ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട്-3 പ്രകാരമുള്ള ഗുണഭോക്താക്കൾ

| ക്രമ നം. | വാർഡ് നം. | ഗുണഭോക്താവിന്റെ പേര് |
|---|---|---|
| 1 | 9 | ലേഖ |
| 2 | 26 | മേരി തോമസ് |

ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട്-4 പ്രകാരമുള്ള ഗുണഭോക്താക്കൾ

| ക്രമ നം. | വാർഡ് നം. | ഗുണഭോക്താവിന്റെ പേര് |
|---|---|---|
| 1 | 1 | ജയശ്രീ എം. |
| 2 | 1 | പി.ഡി.കാർത്തികേയൻ |
| 3 | 1 | രമണി.ഡി |
| 4 | 1 | രജ്ഞ കെ. |
| 5 | 2 | ഭാസുര |
| 6 | 2 | മേരി ഗ്രേസി |
| 7 | 2 | വിശാലാക്ഷി |
| 8 | 4 | രാജിമോൾ വി.ആർ. |
| 9 | 4 | ശാന്ത |
| 10 | 5 | അനിത |
| 11 | 5 | ഗീത |
| 12 | 5 | എം.ഉദയപ്പൻ |
| 13 | 5 | നീതു അനീഷ് |
| 14 | 5 | സുനിത |
| 15 | 6 | സഫൽ എസ്. |
| 16 | 6 | സലിം.ബി |
| 17 | 7 | സലിം ബി. |
| 18 | 7 | അനിത |
| 19 | 7 | ബിജി |
| 20 | 8 | അരുൺ എൻ. |
| 21 | 8 | പ്രമോദ് |
| 22 | 8 | വൽസല ബി. |

| | | |
|---|---|---|
| 23 | 9 | ദിവ്യ വി. |
| 24 | 9 | സിജ്ജുമോൻ റ്റി. |
| 25 | 10 | സുനിത കെ. |
| 26 | 10 | റാണി |
| 27 | 10 | സിന്ധു എസ്. |
| 28 | 11 | സോമിനി |
| 29 | 12 | മേരിക്കുട്ടി |
| 30 | 13 | സിന്ധു |
| 31 | 14 | മഞ്ജു പി.കെ. |
| 32 | 14 | ഷാജി മോഹനൻ |
| 33 | 14 | ത്രേസ്യാമ്മ |
| 34 | 15 | അനിത സി. |
| 35 | 15 | ദീപിക |
| 36 | 15 | ലീല |
| 37 | 15 | ലേഖ ആർ. |
| 38 | 15 | പുഷ്പലത എം.ബി. |
| 39 | 15 | രാമചന്ദ്രൻ ബി. |
| 40 | 15 | ശോഭന |
| 41 | 15 | തങ്കമ്മ |
| 42 | 15 | വിജയമ്മ |
| 43 | 16 | ഗിരിജകുമാരി എസ്. |
| 44 | 16 | രേഖമോൾ റ്റി.കെ. |
| 45 | 18 | ജയലക്ഷ്മി സി.എസ്. |
| 46 | 18 | കെ.വി.കോമളം |
| 47 | 19 | അംബുജാക്ഷി |
| 48 | 19 | ജയചന്ദ്രൻ കെ. |
| 49 | 19 | പി.വി.സുനിൽ കുമാർ |
| 50 | 20 | ശോഭന |
| 51 | 22 | കവിതാ കുമാരി |
| 52 | 23 | രാജമ്മ |
| 53 | 24 | അർച്ചന അനിൽകുമാർ |
| 54 | 24 | ചന്ദ്രിക |
| 55 | 24 | ലളിത |
| 56 | 24 | സേതുമോൾ എൻ. |
| 57 | 24 | സുമേഷ് പി.ജി. |
| 58 | 24 | വിരോണി |
| 59 | 25 | ബിന്ദു സി.ജി. |
| 60 | 25 | തുളസി |
| 61 | 27 | ബിന്ദു |
| 62 | 29 | ഗ്രേസ് |
| 63 | 29 | തോമസ് ജോസഫ് |
| 64 | 30 | സുമംഗല |
| 65 | 31 | ഹരികുമാർ |
| 66 | 31 | കുഞ്ഞുമോൾ വി.ജെ. |
| 67 | 31 | സോജ കെ.എം. |
| 68 | 31 | സുനിത |
| 69 | 31 | ഉഷ |
| 70 | 32 | ലിസ്സി |
| 71 | 33 | രുഗ്മിണി |
| 72 | 35 | ജാക്സൺ കെ.ജെ. |
| 73 | 35 | പവിത്രൻ കെ. |
| 74 | 35 | രജീഷ് |

മേൽ ഗുണഭോക്താക്കൾക്ക് ആവശ്യമായ നിർദ്ദേശം നല്കി ഭവന നിർമ്മാണം പൂർത്തീകരിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-58 നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ

ഈടാക്കിയില്ല

നഗരസഭയിൽ നടപ്പിലാക്കിയ താഴെപറയുന്ന പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ നിശ്ചിത സമയ പരിധിയിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112-1, 2016-1 എന്നിവ പ്രകാരം ഫൈൻ ഈടാക്കിയിട്ടില്ല. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് കരാറുകാരൻ ആവശ്യപ്പെടുകയോ അപ്രകാരം അനുവദിച്ച് നൽകുകയോ ചെയ്തിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018ലെ എ.സി2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാർ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് 1% നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും 2% നിരക്കിലും ഈടാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്ട് | കരാറുകാരൻ/ പി.എ.സി | എഗ്രിമെന്റ് തീയതി, കാലയളവ് | എഗ്രിമെന്റ് പ്രകാരം പൂർത്തിയാക്കേണ്ട തിയതി | പൂർത്തിയാക്കിയ തീയതി | കാല താമസം | ഈടാക്കേണ്ട ഫൈൻ | | ബിൽ നമ്പർ |
|---|---|---|---|---|---|---|---|---|---|
| 1 | 170/19 (181/21) ഗവ. ബോയ്സ് എച്ച്.എസ്. എസ് ശുചിമുറി അറ്റകുറ്റപ്പണി | ആർ പ്രകാശൻ 197201/- | 13.11.2018 7മാസം | 12.6.19 | 18.7.19 | 1മാസം | 13.6.19 മുതൽ 18.7.19 വരെ | 197201x1%x 35÷90= 767/- | 34/ 25.5.20 198976/- |

മേൽ സൂചിപ്പിച്ച വിധം ഫൈൻ ഇനത്തിൽ ഈടാക്കേണ്ട 767/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (30/27.1.2022)മറുപടി ലഭ്യമാക്കിയില്ല.

## 1-59 കൊച്ചുവെളി അമ്പലത്തിന് കിഴക്ക് കോന്നോത്ത് റോഡ് കാന നിർമ്മാണം- അപാകതകൾ

അടങ്കൽ- 100,000/- തനത് ഫണ്ട്

കരാറുകാരൻ- ആർ. പ്രകാശൻ

അളവ് പുസ്തകം നമ്പർ-147/18-19 ആകെ മൂല്യം 96710/- ;ചെക്ക് നമ്പർ -000015/29.1.21

ഈ പ്രവൃത്തിയുടെ ഒന്നാമിനമായി അളവ് പുസ്തകം പുറം 1 പ്രകാരം കാന നിർമ്മാണത്തിനായി എർത്ത് വർക്ക് എസ്കവേഷൻ താഴെപറയുന്ന അളവിൽ 10.449m$^3$ ചെയ്തിട്ടുണ്ട്.

25.80x0.90x0.45=10.449m$^3$ എർത്ത് വർക്ക് എസ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 553.17/m$^3$ (സ്പെസിഫിക്കേഷൻ കോഡ് -11.1.1.1) ആണ്. ഇത് എർത്ത് വർക്ക് എക്സ് കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ് എന്നതിനുള്ള നിരക്കാണ്. ഡ്രെയിൻ നിർമ്മാണത്തിനും സംരക്ഷണ ഭിത്തി നിർമ്മാണത്തിനുമുള്ള എർത്ത് വർക്ക് എസ്കവേഷന് അനുവദനീയമായ നിരക്ക് 259.29/m$^3$ (സ്പെസിഫിക്കേഷൻ കോഡ്-3.5.1) ആണ്. ഉയർന്ന നിരക്ക് അനുവദിച്ചത് അധികം ചെലവിനിടയാക്കി. കൂടാതെ രണ്ടാമിനമായി 1:3:6 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് 25.80x0.90x0.10 =2.322m$^3$ കാനയുടെ ബെഡ് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. ഇതിന് പുറമേ ബേസ് സ്ലാബ് എന്നപേരിൽ ഇതേ അളവിൽ 1:2:4 സിമന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് പ്രകാരം ബേസ് സ്ലാബ് ബെഡ് കോൺക്രീറ്റിംഗ് ചെയ്തഅളവിൽ നിന്നും ഇരുവശവും 0.10 മീറ്റർ ഓഫ് സെറ്റ് കുറവ് ചെയ്ത് 0.70 മീറ്റർ വീതിയിലാണ് ബേസ് സ്ലാബ് നിർമ്മിക്കേണ്ടത്. എന്നാൽ അളവ് പുസ്തകം പുറം 3 പ്രകാരം ബെഡ് കോൺക്രീറ്റ് ചെയ്ത അതേ അളവിൽ തന്നെ ബേസ് സ്ലാബ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. അതായത് രണ്ടാമിനം പ്രവൃത്തി ചെയ്ത അതേ അളവിൽതന്നെ മൂന്നാമിനമായ ബേസ് കോൺക്രീറ്റിംഗും ചെയ്തതുമൂലം അധികചെലവുണ്ടായിട്ടുണ്ട്. കവർ സ്ലാബ് നിർമ്മിച്ചിട്ടുള്ളത് 0.70x0.50x0.12 എന്ന അളവിലാണ്.

| ഇനം | ചെയ്ത അളവ് | ചെയ്യാവുന്ന അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| ബെഡ് കോൺക്രീറ്റിംഗ് | 25.80x0.90x0.10 =2.322m$^3$ | 25.80x0.90x0.10 =2.322m$^3$ | 2.322m$^3$x7609.39 =17669/- | 2.322m$^3$ X7609.39 =17669/- | 00 |
| ബേസ് സ്ലാബ് കോൺക്രീറ്റിംഗ് | 25.80x0.90x0.10 =2.322m$^3$ | 25.80x0.70x0.10 =1.806m$^3$ | 2.322x7771.80/m$^3$ = 18046/- | 1.806m$^3$x7771.80/m$^3$ =14036/- | 4010/- |
| | | | 12% GST | | 481 |
| | | | ആകെ | | 4491/- |

മേൽ സൂചിപ്പിച്ചവിധം അധികം നൽകിയ 4491/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (52/31.1.2022)മറുപടി ലഭ്യമാക്കിയില്ല.

## 1-60 12mmപ്ലാസ്റ്ററിംഗ് അനുവദനീയമായതിലും അധികം അളവിൽ മൂല്യനിർണ്ണയം നടത്തി

അങ്കണവാടി 1ന് ചുറ്റുമതിൽ നിർമ്മാണം- വാർഡ് 1

പ്രോജക്ട് നമ്പർ- 362/21

കരാറുകാരൻ - ശ്രീ.ശിവപ്രദീപ്

അടങ്കൽ 2,75,000/- വികസനഫണ്ട് പൊതുവിഭാഗം

അളവ് പുസ്തകം നമ്പർ 37/20-21

ബിൽ നമ്പർ- 124/30.3.21, 272679/-

ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ 7-ാ ഇനമായി മതിൽ നിർമ്മാണത്തിന് സോളിഡ് ബ്ലോക്ക് മേസണറി താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| വാൾ | 1x36.45x0.15x1.70 | 9.29$m^3$ |
| മെയിൻ പില്ലർ | 2x0.5x0.5x1.7 | 0.85 |
| പില്ലർ | 12x0.20x0.15x1.70 | 0.61 |
| ഡിഡക്ട് ഫോർ ഗേറ്റ് | 1x2x0.15x1.70 | -0.51 |
| ആകെ | | 10.24$m^3$ |

എട്ടാമിനമായി 12mm സിമന്റ് പ്ലാസ്റ്ററിംഗ് താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

| ഇനം സിമന്റ് പ്ലാസ്റ്ററിംഗ് | ചെയ്ത അളവ് | | ചെയ്യാവുന്ന അളവ് | | അധികം | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| വാൾ | 2x36.45x1.70 | 123.93$m^3$ | 2x36.45x1.70 | 123.93$m^3$ | 00 | 4.08x257.19/$m^2$ 1049/- |
| മെയിൻ പില്ലർ | 2x1.85x1.7 | 6.29 | 2x1.85x1.7 | 6.29 | 00 | |
| പില്ലർ | 12x0.50x1.70 | 10.20 | 12x0.30x1.70 | 6.12 | 4.08 | |
| ടോപ്പ് | 36.45x0.15 | 5.47 | 36.45x0.15 | 5.47 | 00 | |
| മെയിൻ പില്ലർ | 2x0.50x0.50 | 0.50 | 2x0.50x0.50 | 0.50 | 00 | |
| ബേസ്മെന്റ് | 1x6.75x0.40 | 2.70 | 1x6.75x0.40 | 2.70 | 00 | |
| ഡിഡക്ട് ഫോർ ഗേറ്റ് | 2x2x1.70 | -6.80 | 2x2x1.70 | -6.80 | 00 | |
| ആകെ | | 142.29$m^3$ | | 138.21 | 4.08 | 1049/- |

മേൽ സൂചിപ്പിച്ച അതേ അളവിൽതന്നെ (എട്ടാമിനം ചെയ്തഅളവിൽതന്നെ) ഒമ്പതാമിനമായി വാട്ടർ തിന്നബിൾ സിമന്റ് പ്രൈമർ ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം/ സിമന്റ് പ്രൈമർ | ചെയ്ത അളവ് | | ചെയ്യാവുന്ന അളവ് | | അധികം | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| വാൾ | 2x36.45x1.70 | 123.93$m^3$ | 2x36.45x1.70 | 123.93$m^3$ | 00 | 4.08x54.95/$m^2$ 224/- |
| മെയിൻ പില്ലർ | 2x1.85x1.7 | 6.29 | 2x1.85x1.7 | 6.29 | 00 | |
| പില്ലർ | 12x0.50x1.70 | 10.20 | 12x0.30x1.70 | 6.12 | 4.08 | |
| ടോപ്പ് | 36.45x0.15 | 5.47 | 36.45x0.15 | 5.47 | 00 | |
| മെയിൻ പില്ലർ | 2x0.50x0.50 | 0.50 | 2x0.50x0.50 | 0.50 | 00 | |
| ബേസ്മെന്റ് | 1x6.75x0.40 | 2.70 | 1x6.75x0.40 | 2.70 | 00 | |
| ഡിഡക്ട് ഫോർ ഗേറ്റ് | 2x2x1.70 | -6.80 | 2x2x1.70 | -6.80 | 00 | |
| ആകെ | | 142.29$m^3$ | | 138.21 | 4.08 | 224/- |

മേൽ സൂചിപ്പിച്ചവിധം ആകെ അധികം നൽകിയ (1049+224), 1273/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (53/01.2.2022)മറുപടി ലഭ്യമാക്കിയില്ല.

## 1-61 പാണാടൻ ഹൗസിംഗ് കോളനി നടവഴി ഇന്റർലോക്കിംഗ്- അപാകതകൾ

പ്രോജക്ട്- 194/21, (141/20)

അടങ്കൽ-360000/- പി.എ.സി-340000/-

കരാറുകാരൻ- ആർ.പ്രകാശൻ ബിൽ നമ്പർ-26/25.7.20, 330557/-

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുള്ളത് 28.1.2020ൽ ആണ്. കരാറുകാരന്റെ പേരിൽ 7.2.2020ൽ സ്റ്റാമ്പ് വെണ്ടറിൽ നിന്നും 45653 നമ്പറായി വാങ്ങിയിട്ടുള്ള CP108463 നമ്പർ മുദ്രപത്രത്തിൽ 249/19-20 നമ്പറായി 28.1.2020ൽ എഗ്രിമെന്റ് വെച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം മുദ്രപത്രം വാങ്ങുന്നതിന് മുമ്പേയുള്ള തീയതിയിൽ പ്രവൃത്തിയുടെ നിർവ്വഹണം സംബന്ധിച്ച എഗ്രിമെന്റ് വെക്കുക എന്നത് അപ്രായോഗികമാണ്. മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാരുമായി നിയമാനുസൃത സമയപരിധിക്കുള്ളിൽ എഗ്രിമെന്റിലേർപ്പെടാതെ പിന്നീട് മുദ്രപ്പത്രം വാങ്ങി ഫൈൻ ഒഴിവാക്കുന്നതിനുവേണ്ടി തീയതി പരിഗണിക്കാതെ കരാർ വെക്കുന്നതിനാലാണ് ഇപ്രകാരം സംഭവിക്കുന്നത്. പ്രസ്തുത അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (33/27.1.2022)മറുപടി ലഭ്യമാക്കിയില്ല.

## 1-62 ഇന്റർലോക്കിംഗ്- അപാകതകൾ

1.പാണാടൻ ഹൗസിംഗ് കോളനി നടവഴി ഇന്റർലോക്കിംഗ്- അപാകതകൾ

പ്രോജക്ട്- 194/21, (141/20)

അടങ്കൽ-360000/- പി.എ.സി-340000/-

കരാറുകാരൻ- ആർ.പ്രകാശൻ, ബിൽ നമ്പർ-26/25.7.20, 330557/-

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ആകെ 116 മീറ്റർ നീളത്തിൽ ഇന്റർലോക്കിംഗ് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. നഗരസഭയുടെ 13.1.2020 ലെ 9-ാം തീരുമാനപ്രകാരം റിവൈസ് ചെയ്ത എസ്റ്റിമേറ്റിലെ 3-ാം ഇനമായി അളവ് പുസ്തകം 128/18-19പുറം 9 പ്രകാരം പ്രൊവൈഡിംഗ് ആന്റ് ലെയിംഗ് ഇന്റെർലോക്ക് 80mm പേവർ ബ്ലോക്ക് 244.95$m^2$ ചെയ്തതിന് 879.78/$m^2$ നിരക്കിൽ 2,15,502.11/-രൂപ നൽകിയിട്ടുണ്ട്. കൂടാതെ എക്സ്ട്രാ ഇനമായി സൈഡ് കോൺക്രീറ്റിംഗ് പ്രൊവൈഡിംഗ് ആന്റ് ലെയിംഗ് 1:2:4 സിമന്റ് കോൺക്രീറ്റ് 0.10 മീറ്റർ മുതൽ 0.30 മീറ്റർ വരെ വീതിയിൽ 0.08 മീറ്റർ കനത്തിൽ റോഡ് സൈഡ് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. മോർഡ് സ്പെസിഫിക്കേഷൻ 6-7-1 പ്രകാരമാണ് ഇന്റർലോക്ക് ലെയിംഗിന് നിരക്ക് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത നിരക്കിൽ ഇന്റർലോക്ക് പാകുന്നതിന് ഇരുവശത്തും എഡ്ജ് ബ്ലോക്ക് ചെയ്യുന്നതിനുള്ള നിരക്ക്കൂടി ഉൾപ്പെടുന്നു(M-381). ഈ പ്രവൃത്തിയുടെ എക്സ്ട്രായിനമായി സൈഡ് കോൺക്രീറ്റിംഗ് പ്രത്യേകമായി ചെയ്തതിന് 8152.21/$m^3$ നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. ആയതിനാൽ ഇന്റർലോക്ക് പാകുന്നതിനുള്ള നിരക്കിൽ ഉൾപ്പെടുത്തിയിരുന്ന എഡ്ജ് ബ്ലോക്കിനുള്ള നിരക്ക് കുറവ് ചെയ്യേണ്ടതായിരുന്നു. എന്നാൽ അപ്രകാരം കുറവ് ചെയ്യാതിരുന്നതുമൂലം അധികചെലവുണ്ടായിട്ടുണ്ട്.

| | |
|---|---|
| ഇന്റർലോക്ക് പാകുന്നതിന് എസ്റ്റിമേറ്റിലുൾപ്പെടുത്തിയ നിരക്ക് (225$m^2$) | 110022.26 |
| (-)എഡ്ജ് ബ്ലോക്ക് നിരക്ക് | 6660 |
| | 103362.26 |
| എഡ്ജ് ബ്ലോക്ക്കുറച്ച് 1$m^2$നുള്ള നിരക്ക് (103362.26÷225) | 459.39 |
| CPOH (10%+10%) | 91.86 |
| | 551.25 |
| കോസ്റ്റ് ഇൻഡക്സ് 48.71% | 268.51 |
| | 819.76 |
| എഡ്ജ് ബ്ലോക്കിനുള്ള നിരക്ക് ഒഴിവാക്കിയശേഷം അനുവദനീയ നിരക്ക് | 819.76/$m^2$ |
| നൽകിയ നിരക്ക് | 879.78/$m^2$ |

| | |
|---|---|
| കരാറുകാരന് നൽകിയ തുക | 244.95m$^2$x879.78/m$^2$ = 215502/- |
| കരാറുകാരന് നൽകാവുന്ന തുക | 244.95m$^2$x819.76/m$^2$ =200800/- |
| അധികം നൽകിയ തുക | 14702/- |

മേൽ സൂചിപ്പിച്ചതിൽ നിന്നും വ്യത്യസ്തമായി അധിക നിരക്ക് അനുവദിച്ചതുമൂലം അധികം ചെലവഴിച്ച 14,702/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (31/27.1.2022)മറുപടി ലഭ്യമാക്കിയില്ല.

## 1-63 കാലിവീപ്പയുടെ വില ഈടാക്കിയില്ല

ആഞ്ഞിലിപ്പാലം വട്ടവെളിപ്പാലം റോഡ് ടാറിംഗ്

പ്രോജക്ട്- 408/21

അടങ്കൽ-800000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്

കരാറുകാരൻ- വരദകുമാർ

ബിൽ നമ്പർ-119/30.3.21, 492133/-, 137/30.3.21, 78644/-,

138/30.3.21, 223171/-

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം 44/21 പുറം 8 പ്രകാരം ചെയിനേജ് 303 വരെ 3 മീറ്റർ വീതിയിൽ 909m$^2$ ടാറിംഗ് നടത്തിയിട്ടുണ്ട്. ഈ പ്രവൃത്തിക്കായി ആകെ 17 ബാരൽ ബിറ്റുമിൻ ഉപയോഗിച്ചിട്ടുള്ളതായി കാണുന്നു. എസ്റ്റിമേറ്റ് പ്രകാരം പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നതിനാൽ കാലിവീപ്പയ്ക്ക് 18% ജി.എസ്.ടി ഉൾപ്പെടെ 281/- രൂപ നിരക്കിൽ (17x281), 4,777/-രൂപ ഫൈനൽ ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടതായിരുന്നു. എന്നാൽ ഇപ്രകാരം കാലിവീപ്പ യുടെ വില കുറവ് ചെയ്യാതിരുന്നതുമൂലം കരാറുകാരന് അധികം തുക നൽകിയിട്ടുണ്ട്. അധികം നൽകിയ 4,777/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (34/27.1.2022)മറുപടി ലഭ്യമാക്കിയില്ല.

## 1-64 കാലിവീപ്പയുടെ വില തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു.

ചേർത്തല നഗരസഭയിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഈടാക്കിയിട്ടുണ്ടെങ്കിലും ആയത് തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുകയാണ്. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/പേര് | ഫണ്ടിനം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 281 രൂപ നിരക്കിൽ ഈടാക്കിയ തുക | ബിൽ നമ്പർ |
|---|---|---|---|---|---|
| 1 | 178/21 കളത്രക്കാട്-കിഴക്കേച്ചിറ റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 11 ബാരൽ | 3091 | 122/30.3.21 532674 |
| 2 | 344/21 മുല്ലയ്ക്കൽ റോഡ് റീടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 8ബാരൽ | 2248 | 116/29.3.21 375226/- |

മേൽ പരാമർശിത സർക്കാർ നിർദ്ദേശമനുസരിച്ച് മരാമത്ത് പ്രവൃത്തികളിൽ കാലിവീപ്പയുടെ വിലയിനത്തിൽ തിരികെ ഈടാക്കി തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള മുഴുവൻ തുകയും കണക്കാക്കി അതത് ഹെഡ്ഡിലേക്ക് തിരികെ ഒടുക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (35/27.1.2022)മറുപടി ലഭ്യമാക്കിയില്ല.

## 1-65 അനുവദനീയമായതിലും അധികം അളവിൽ മൂല്യനിർണ്ണയം നടത്തി

1. 12mm പ്ലാസ്റ്ററിംഗ് അനുവദനീയമായതിലും അധികം അളവിൽ മൂല്യനിർണ്ണയം നടത്തി.

പ്രോജക്ട് നമ്പർ- 422/21, പബ്ലിക് ടോയ്‌ലറ്റ് ബ്യൂട്ടിഫിക്കേഷൻ കം കോമ്പൗണ്ട് വാൾ

കരാറുകാരൻ - ശ്രീ. വി.ശിവൻ

അടങ്കൽ 10,00,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്

അളവ് പുസ്തകം നമ്പർ 16/20-21

ബിൽ നമ്പർ- 105/29.3.21, 988375/-

ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ 8-ാം ഇനമായി മതിൽ നിർമ്മാണത്തിന് സോളിഡ് ബ്ലോക്ക് മേസണറി താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| ഹോസ്പിറ്റൽ സൈഡ് ക്രോസ് വാൾ | 1x34.85x0.15x1.5 | 7.84m$^3$ |
| ക്രോസ് വാൾ | 1x2.85x0.15x1.5 | 0.641 |
| ഗേറ്റ് പില്ലർ | 2x1.70x0.48x0.30 | 0.490 |
| പില്ലർ | 14x1.5x0.30x0.10 | 0.630 |
| ആകെ | | 9.602m$^3$ |

ഒമ്പതാമിനമായി 12mm സിമന്റ് പ്ലാസ്റ്ററിംഗ് താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| ഹോസ്പിറ്റൽ സൈഡ് ക്രോസ് വാൾ | 2x34.85x1.5 | 104.55m$^2$ |
| ക്രോസ് വാൾ | 2x2.85x1.5 | 8.55 |
| ഗേറ്റ് പില്ലർ | 2x1.70x1.08 | 3.672 |
| പില്ലർ | 14x1.5x0.50 | 10.50 |
| ആകെ | | 127.272m$^2$ |

127.272m$^2$ 12mmസിമന്റ് പ്ലാസ്റ്ററിംഗിന് 400/m$^2$ നിരക്കിൽ മൂല്യനിർണ്ണയം നടത്തി 50,908.80/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ എട്ടാമിനം പ്രവൃത്തി ചെയ്ത അളവിനേക്കാൾ കൂടുതൽ അളവിൽ ഒമ്പതാമിനമായ 12mm പ്ലാസ്റ്ററിംഗും പത്താമിനമായ ഫിനിഷിംഗ് വാൾസ് വിത്ത് വാട്ടർ പ്രൂഫ് സിമന്റ് പെയിന്റ് എന്ന പ്രവൃത്തിയും ചെയ്തതായി കാണുന്നു.

ഒമ്പതാമിനമായി 12mm സിമന്റ് പ്ലാസ്റ്ററിംഗ്, പത്താമിനമായി ഫിനിഷിംഗ് വാൾസ് വിത്ത് വാട്ടർ പ്രൂഫ് സിമന്റ് പെയിന്റ് എന്നീ പ്രവൃത്തികൾ ചെയ്യാവുന്ന അളവ് ചുവടെ ചേർക്കുന്നു.

| ഇനം | ചെയ്ത അളവ് | | ചെയ്യാവുന്ന അളവ് | | അധികം |
|---|---|---|---|---|---|
| 12mmസിമന്റ് പ്ലാസ്റ്ററിംഗ് | | | | | |
| ഹോസ്പിറ്റൽ സൈഡ് ക്രോസ് വാൾ | 2x34.85x1.5 | 104.55m$^2$ | 2x34.85x1.5 | 104.55m$^2$ | 00 |
| ക്രോസ് വാൾ | 2x2.85x1.5 | 8.55 | 2x2.85x1.5 | 8.55 | 00 |
| ഗേറ്റ് പില്ലർ | 2x1.70x1.08 | 3.672 | 2x1.70x0.93 | 3.162 | 0.51 |
| പില്ലർ | 14x1.5x0.50 | 10.50 | 14x1.5x0.20 | 4.20 | 6.30 |
| ആകെ | | 127.272m$^2$ | | 120.462m$^2$ | 6.81m$^2$x400/m$^2$ =2724/- |
| വാട്ടർ പ്രൂഫ് സിമന്റ് പെയിന്റ് | 2x2.85x1.5 | 8.55 | 2x2.85x1.5 | 8.55 | 00 |

| | | | | | |
|---|---|---|---|---|---|
| | 2x1.70x1.08 | 3.672 | 2x1.70x0.93 | 3.162 | 0.51 |
| | 14x1.5x0.50 | 10.50 | 14x1.5x0.20 | 4.20 | 6.30 |
| ആകെ | | $127.272m^2$ | | $120.462m^2$ | $6.81m^2$x$77m^2$ =524/- |
| ആകെ അധികം നൽകിയതുക | | | | | 3248/- |

2. മേൽ സൂചിപ്പിച്ച അധിക ചെലവ് കൂടാതെ, ഒന്നാമിനമായി കോമ്പൗണ്ട് വാൾ ഫൗണ്ടേഷൻ, ബസ് സ്റ്റാന്റ്-പില്ലർ, ഷെഡ്-പില്ലർ എന്നിവയ്ക്കായി $19.218m^3$മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ഈ മണ്ണ് പുനരുപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. അളവ് പുസ്തകം പുറം 23 പ്രകാരം എസ്റ്റിമേറ്റ് അപ്പന്റിക്സ് 2 അനുസരിച്ച് യാർഡ് ഫില്ലിംഗ്, എംബാങ്ക്മെന്റ് കൺസ്ട്രക്ഷൻ $40.8m^3$ ചെയ്തതിൽ 10% കൺസോളിഡേഷൻ കുറവ് ചെയ്ത് $36.774m^3$ന് $1000/m^3$ നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ ഒന്നാമിനമായി കുഴിച്ചെടുത്ത മണ്ണിന്റെ 50% എങ്കിലും ഫില്ലിംഗിനായി വിനിയോഗിക്കാമെന്നിരിക്കെ അപ്രകാരം ചെയ്യാതിരുന്നതുമൂലം $9.61m^3$ന് ($19.218÷2x1000/m^3$), 9610/- രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച വിധം ആകെ അധികം നൽകിയ 12,858/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (32/27.1.2022)മറുപടി ലഭ്യമാക്കിയില്ല.

# ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തൊഴിൽ നികുതി അർദ്ധവർഷ വരുമാനത്തിനനസൃതമായി തുക ഈടാക്കിയില്ല

2020-21 വർഷത്തെ തൊഴിൽനികുതി ഒടുക്കുന്നതിനായി സ്ഥാപനത്തലവൻ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകൾ, ഡിമാന്റ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ, കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനയുടമ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന വരുമാനത്തിനനസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല . വിശദവിവരം പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം /(അർദ്ധവർഷം) | ജീവനക്കാരന്റെ പേര്, തസ്തിക | പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന അർദ്ധ വർഷ വരുമാനം /അടിസ്ഥാന ശമ്പളം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| 1 | ഗവ. ആയുർവേദ ആശുപത്രി(രണ്ടാം അർദ്ധവർഷം) | ഡോ സ്മിത മെഡിക്കൽ ഓഫീസർ | 34000x6=204000 | 1250 | 750 | 500 |
| 2 | “ | അഞ്ജു രാജ് തെറാപ്പിസ്റ്റ് | 19980x6=119880 | 1000 | 450 | 550 |
| 3 | സ്പാൻഡാന സ്ഫൂർട്ടി ഫിനാൻഷ്യൽ ലിമി. (ഒന്നാം അർദ്ധവർഷം) | വിപിൻ ചന്ദ്രൻ ബ്രാഞ്ച് മാനേജർ | 22080x6=132480 | 1250 | 750 | 500 |
| 4 | “ | അരുൺ ജി ക്രഡിറ്റ് അസിസ്റ്റന്റ് | 16000X6=96000 | 750 | 600 | 150 |
| 5 | “ | ഹരികൃഷ്ണൻ ക്രഡിറ്റ് അസിസ്റ്റന്റ് | 16000X6=96000 | 750 | 450 | 300 |
| 6 | “ | സുധീഷ് സണ്ണി ക്രഡിറ്റ് അസിസ്റ്റന്റ് | 16000X6=96000 | 750 | 600 | 150 |
| 7 | “ | പുന്നൂസ് ആർ ജോസക്രഡിറ്റ് അസിസ്റ്റന്റ് | 16000X6=96000 | 750 | 300 | 450 |
| 8 | “ | ജിബിൻ ബാബുക്രഡിറ്റ് അസിസ്റ്റന്റ് | 16000X6=96000 | 750 | 180 | 570 |
| 9 | താലൂക്കാസ്ഥാനാശുപത്രി, ചേർത്തല(രണ്ടാം അർദ്ധവർഷം) | ഡി ഇ ഒ | 16710X6=100260 | 1000 | 750 | 250 |

| | | | | | | |
|---|---|---|---|---|---|---|
| 10 | ഇൻഡസ് ഇൻഡ് ബാങ്ക് (രണ്ടാം അർദ്ധവർഷം) | ഫിനാൻസ് ഓഫീസർ | 13000X6=78000 | 750 | 120 | 630 |
| 11 | " | സുമേഷ് ഏ എം ഒ | 17000X6=102000 | 1000 | 600 | 400 |
| 12 | ശ്രീനാരായണ മെഡിക്കൽ മിഷൻ ജനറൽ ഹോസ്പിറ്റൽ (രണ്ടാം അർദ്ധവർഷം) | ലാലിമോൾ എ സ്റ്റാഫ് നഴ്സ് | 128866 | 1250 | 1000 | 250 |
| | ആകെ | | | | 6550 | 4700 |

ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 54/01.02.2022) മറുപടി ലഭ്യമാക്കിയില്ല. നഷ്ടത്തുകയായ 4700/-രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി അടവാക്കാത്തത് സംബന്ധിച്ച്

| ക്രമ നം. | ചെക്ക് നം. | തുക | റിമാർക്സ് |
|---|---|---|---|
| 1 | 0280755/9.9.20 | 19750 | Returned Cheque & New Cheque Issued On 5.10.20 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ESI ഡിസ്പെൻസറിയിലെ ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കിയ ടി ചെക്ക് ട്രഷറി ചെക്ക് ആയതിനാലാണ് തിരികെ നല്കിയത്. എന്നാൽ 1000/-രൂപ കുറവായിട്ടാണ് പുതിയ ചെക്ക് ലഭ്യമായിട്ടുള്ളത് (0280756/5.10.20 – രൂ.18750). പുതിയ ചെക്കും ട്രഷറി ചെക്ക് ആയതിനാൽ തിരികെ നല്കുകയാണുണ്ടായത്. ഓഡിറ്റിൽ നിന്നും നേരിട്ടുള്ള അന്വേഷണത്തിൽ ടി തുക നാളിതുവരെ അടവാക്കിയിട്ടില്ല എന്നും ESI ഡിസ്പെൻസറിയിൽ നിന്നും 2020-21 വർഷവും തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്നുമാണ് സെക്ഷൻ അറിയിച്ചിട്ടുള്ളത്. |
| | | | |
| 2 | 0211726/16.9.21 | 3750 | Mining & Geology വകുപ്പിലെ തൊഴിൽ നികുതി അടവാക്കിയ തുകയുടെ Cheque Returned എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. തുക പിന്നീട് അടവാക്കിയതായി കാണുന്നില്ല. |
| 3 | 1004827/18.1.21 | 1250 | അർച്ചന.വി., II ഗ്രേഡ് ഓവർസിയർ, റീസർവേ-യുടെ തൊഴിൽ നികുതി അടവാക്കിയ തുകയുടെ Cheque Returned എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. തുക പിന്നീട് അടവാക്കിയതായി കാണുന്നില്ല. |
| | ആകെ കുറവ് വന്ന തുക | 24750 | (19750+3750+1250) |

തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(1) ഡോക്ടർമാർ, അഭിഭാഷകർ മുതലായ പ്രൊഫഷണലുകളിൽ നിന്നും ഒരു അർദ്ധവർഷം 1250/- രൂപ ഈടാക്കേണ്ടതാണെങ്കിലും കുറവായി തുക ഈടാക്കിയിരിക്കുന്നു. വിശദവിവരം ചെവടെ ചേർക്കുന്നു. കുറവ് വന്ന 1000/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

| രസീത് ബുക്ക് നം. | രസീത് നം. | ഈടാക്കിയത് | കുറവ് | റിമാർക്സ് |
|---|---|---|---|---|
| 338 | 33715/ 23.9.20 | 750 | 500 | ഡോ.സിറിൾ കുര്യാക്കോസ് തിരുവാതുക്കൽ ഹോമിയോ സ്പെൻസറി |
| 341 | 34070/ 29.9.20 | 750 | 500 | ഡോ.അലക്സ് കുര്യാക്കോസ് തിരുവാതുക്കൽ ഹോമിയോ ഡിസ്പെൻസറി |
| | ആകെ കുറവ് | | 1000 | |

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- തുക അധികം നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര്/ നമ്പർ. | കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ. (നം. 149/21) |
| അടങ്കൽ. | 401290 (സി.എഫ്.സി.) |
| ചെലവ് | 401290 |
| ബിൽ നം./തീയതി | 6/20-21/27.05.20 |
| നിർവ്വഹണം | സെക്രട്ടറി. |

പ്രോജക്ട് നം. 149/21 പ്രകാരം സി.പി.സി.ആർ.എസ്. പോർട്ടൽ മുഖേന നഗരസഭയിലേയ്ക്ക് 10 Acer കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന്റെ വിലയായി ബിൽ നം. 6/20-21/27.05.20 പ്രകാരം 401290 രൂപ പിൻവലിച്ച് കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ 799011400003959 എന്ന അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. കെൽട്രോണിന്റെ പ്രഫോർമ ഇൻവോയിസ് പ്രകാരം ടി കംപ്യൂട്ടറുകളുടെ വില 401290 രൂപയാണെങ്കിലും Acer ന്റെ ഒറിജിനൽ ബിൽ പ്രകാരം (E-Way ബിൽ) കംപ്യൂട്ടറുകളുടെ യഥാർത്ഥവില 385860 രൂപ മാത്രമാണ്. 15430 രൂപ അധികം നൽകിയതിനു വിശദീകരണം ആവശ്യപ്പെട്ട് സെക്രട്ടറിക്കു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി 2/21) മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച ഉപകരണങ്ങൾ വാങ്ങിയതിന് അധികം നൽകിയ 15430 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-2 കാലിവീപ്പയുടെ വില ഈടാക്കിയതിൽ കുറവ്

ചേർത്തല നഗരസഭയിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വില ഈടാക്കിയിട്ടുണ്ടെങ്കിലും 250/-രൂപ നിരക്കിൽ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. കാലിവീപ്പക്ക് 238/-രൂപയും 18% ജി.എസ്.ടിയും ഉൾപ്പെടെ 281/-രൂപ നിരക്കിൽ ഈടാക്കാതിരുന്നത് മൂലം നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/പേര് | കരാറുകാരന്റെ പേര് | ഫണ്ടിനം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 250രൂപ നിരക്കിൽ ഈടാക്കിയ തുക | 18% നിരക്കിൽ ജി.എസ്.ടി ഉൾപ്പെടെ ഈടാക്കേണ്ട തുക | കുറവ് | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|---|---|
| 1 | 186/21 ഇല്ലത്ത് ചിറ മഴവൻചേരി റോഡ് മെറ്റലിംഗ് ടാറിംഗ് | രതീഷ്. ഡി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8 ബാരൽ | 2000/- | 2248 | 248 | 38/25.5.20 443725/- |
| 2 | 163/21 മുല്ലപ്പള്ളി ശാവശേരി റോഡ് മെറ്റലിംഗ്- ടാറിംഗ് | വി.ശിവൻ | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 12 ബാരൽ | 3000 | 3372 | 372 | 40/ 11.6.20 539588/- |
| 3 | 166/21 പുന്നക്കൽ റോഡ്-റീ ടാറിംഗ് | രതീഷ്. ഡി | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 17 ബാരൽ | 4250 | 4777 | 527 | 41/21.4.20 374211/- |
| | ആകെ കുറവ് | | | | | | 1147 | |

തൻവർഷം നടപ്പിലാക്കിയ പ്രവൃത്തികളിൽ കാലി വീപ്പയുടെ വില ഈടാക്കിയതിൽ ജി.എസ്.ടിയിനത്തിൽ കുറവ് വന്നവയിൽ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതുപോലെ മറ്റ് പ്രവൃത്തികളിൽ നിന്നും കുറവ് വന്ന തുക പ്രത്യേകമായി കണക്കാക്കി ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (22/27.1.2022)മറുപടി ലഭ്യമാക്കിയില്ല.

## 3-3 വിജയ പ്രിന്റേഴ്സ് മുതൽ തെക്കോട്ട് ഇന്റർലോക്കിംഗ്- അപാകതകൾ

പ്രോജക്റ്റ് നമ്പർ- 192/21

അടങ്കൽ- 1,00,000/-ധനകാര്യ കമ്മീഷൻ ഗ്രാന്റ്

കരാറുകാരൻ- ആർ. പ്രകാശൻ, അളവ് പുസ്തകം 127/18-19

ബിൽ നമ്പർ -31/25.5.20

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് പ്രകാരം ആകെ 60മീറ്റർ നീളത്തിൽ ശരാശരി 1.25മീറ്റർ വീതിയിൽ ക്വാറി മക്ക് ഫില്ലിംഗ്, കൺസ്ട്രക്ഷൻ ഓഫ് എർത്തേൺ ഷോൾഡേഴ്സ്, 80mm ഇന്റർലോക്ക് പേവർ ബ്ലോക്ക് വിരിക്കൽ എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അളവ് പുസ്തകം പരിശോധിച്ചതിൽ ചെയിനേജ് 00മുതൽ 59.44മീറ്റർ വരെ പ്രവൃത്തി നടപ്പാക്കിയതിൽ ചെയിനേജ് 58.44മുതൽ 59.44 വരെ 1മീറ്റർ നീളം എന്നതിന് പകരം തെറ്റായി 4.5മീറ്റർ എന്ന് രേഖപ്പെടുത്തി പ്രവൃത്തിയുടെ അളവ് കണക്കാക്കിയതിനാൽ കൂടുതൽ ചെലവ് ചെയ്തിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ 1 | ഇനം 2 | അളവ് പുസ്തക പ്രകാരം പ്രവൃത്തിചെയ്ത അളവ് 3 | തെറ്റായി രേഖപ്പെടുത്തിയ അളവ് 4 | യഥാർത്ഥ അളവ് 5 | മൂല്യനിർണ്ണയത്തിന് കണക്കാക്കാവുന്ന അളവ് 6 (3-4+5) | അധികം നൽകിയ തുക 7 (3-6) |
|---|---|---|---|---|---|---|
| 1 | ക്വാറി മക്ക് ഫില്ലിംഗ് | $7.8806m^3$ ($7.68m^3$ൽ പരിമിതപ്പെടുത്തി) | 58.44മുതൽ 59.44വരെ 4.15x(1.10+1.10)÷2x0.10 = $0.456m^3$ | 58.44മുതൽ 59.44വരെ 1x(1.10+1.10)÷2x0.10 = $0.11m^3$ | (7.8806-0.456+0.11) =$7.534m^3$ | (7.68-7.53) = $0.15m^3$x1154/$m^3$ = 173/- |
| 2 | എർത്തേൺ ഷോൾഡേഴ്സ്, | 12.649m3 10% കുറച്ച് $11.25m^3$ൽ പരിമിത പ്പെടുത്തി | 58.44മുതൽ 59.44വരെ 4.15x(1.10+1.10)÷2x0.15 = $0.684m^3$ | 58.44മുതൽ 59.44വരെ 1x(1.10+1.10)÷2x0.15 = $0.165m^3$ | (12.649-0.684+$0.165m^3$) -10% കൺസോളിഡേഷൻ =$10.9m^3$ | (11.25-10.9) = $0.35m^3$ X1010.43/$m^3$ = 354/- |
| 3 | 80mm ഇന്റർലോക്ക് പേവർ ബ്ലോക്ക് | $72.764m^2$ | 58.44മുതൽ 59.44വരെ 4.15x1 = $4.15m^2$ | 58.44മുതൽ 59.44വരെ 1x1 = $1m^2$ | (72.764-4.15+1) =$69.61m^2$ | (72.764-69.61) =$3.15m^2$ X879.78/$m^2$ =2771/- |
| ആകെ അധികം നൽകിയ തുക = 173+ 354+ 2771= 3298+12% ജി.എസ്.ടി(396) | | | | | | 3694/- |

ആകെ അധികം നൽകിയ 3694/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (45/31.1.2022)മറുപടി ലഭ്യമാക്കിയില്ല.

## 3-4 എർത്ത്ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല

സെമിത്തേരി നൈലോൺ ഇടവഴി ഇന്റർലോക്കിംഗ്- അപാകതകൾ

പ്രോജക്റ്റ് നമ്പർ- 313/21

അടങ്കൽ- 4,10,000/-ധനകാര്യകമ്മീഷൻ ഗ്രാന്റ്

കരാറുകാരൻ- ആർ. പ്രകാശൻ, അളവ് പുസ്തകം 164/18-19

ബിൽ നമ്പർ -62/16.12.20

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം പുറം2 പ്രകാരം കൺസ്ട്രക്ഷൻ ഓഫ് എർത്തേൺ ഷോൾഡേഴ്സ് എന്നയിനം $49.195m^3$ ചെയ്തത് $47.52m^3$ൽ പരിമിതപ്പെടുത്തി 1022.81/$m^3$ നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ ടേപ്പ് കറക്ഷൻ 10% കുറവ് ചെയ്യാതിരുന്നതിനാൽ കരാറുകാരന് അധികം തുക നൽകിയിട്ടുണ്ട്. 10% കുറവ് ചെയ്താൽ മൂല്യനിർണ്ണയത്തിന് അർഹമായ അളവ് $44.27m^3$ ആണ്. ആയതിനാൽ 47.52-44.27=$3.25m^3$ന് 1022.81/$m^3$ നിരക്കിൽ 3324/-രൂപയും 12% ജി.എസ്.ടി ഉൾപ്പെടെ 3723/-രൂപ അധികം നൽകി. ആകെ അധികം നൽകിയ 3723/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (48/31.1.2022)മറുപടി ലഭ്യമാക്കിയില്ല.

## 3-5 എർത്ത് വർക്ക് എസ്കവേഷന് ഉയർന്ന നിരക്ക് നൽകി

നഗരസഭയിൽ തൻവർഷം ചെയ്ത താഴെപ്പറയുന്ന പ്രവൃത്തിയിൽ സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എസ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 553.17/$m^3$ (സ്പെസിഫിക്കേഷൻ കോഡ് -11.1.1.1) ആണ്. ഇത് എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ചേഴ്സ് എന്നതിനുള്ള നിരക്കാണ്. ഡ്രെയിൻ നിർമ്മാണത്തിനും സംരക്ഷണ ഭിത്തി നിർമ്മാണത്തിനുമുള്ള എർത്ത് വർക്ക് എസ്കവേഷന് അനുവദനീയമായ നിരക്ക് 259.29/$m^3$ (സ്പെസിഫിക്കേഷൻ കോഡ്-3.5.1) ആണ്. ഉയർന്ന നിരക്ക് അനുവദിച്ചത് അധികം ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു

| ക്രമ | പ്രവൃത്തിയുടെ പേര്/ | കരാറുകാരൻ | അനുദിച്ച | അനുവദനീ | അധികം | ചെലവു |
|---|---|---|---|---|---|---|

| നം | സാങ്കേതികാനുമതി നമ്പർ | | തുക/അളവു പുസ്തകം | യമായ തുക | നൽകിയ തുക | വിവരം |
|---|---|---|---|---|---|---|
| 1 | 321/21,ചാണിയിൽ കളത്രക്കാട് കാനയും നടപ്പാതയും സംരക്ഷണഭിത്തി നിർമ്മാണം 92167/2019-20 തീയതി 20-11-2019 | ലെജിമോൻ | $20.25m^3$ @553.17 =11201.69 48/20-21 | $20.25m^3$ @259.29 = 5250.62 | 5951/- | ബിൽ നം 67/31-03-21, 391763/- |
| | | | ആകെ | | 5951/- | |
| | | | 12% GST | | 714 | |
| | | | ആകെ | | 6665/- | |
| 2 | 334/21 മേടേവെളി ഓടനിർമ്മാണം | മായ.എം | $30.6m^3$ @553.17 =16927/- 139/18-19 | $30.6m^3$ @259.29 = 7934/- | 8993 | ബിൽ നം 51/29-11-20, 220181/- |
| | | | 12% GST | | 1079 | |
| | | | ആകെ | | 10072/- | |
| 3 | 361/21പുളിക്കൽപറമ്പ് നടവഴി ബാക്കിഭാഗം നിർമ്മാണം | ശിവപ്രദീപ് | $10.725m^3$ @553.17 =5932/- 179/18-19 | $10.725m^3$ @259.29 = 2781/- | 3151 | ബിൽ നം 70/14-1-21, 254035/- |
| | | | 12% GST | | 378 | |
| | | | ആകെ | | 3529 | |

മേൽ സൂചിപ്പിച്ച വിധം ആകെ അധികം ചെലവഴിച്ച 20266/-രൂപ (6665+10072+3529) ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (29/27.1.2022)മറുപടി ലഭ്യമാക്കിയില്ല.

## 3-6 ഇന്റർലോക്കിംഗ്- അപാകതകൾ

1.പാണാടൻ ഹൗസിംഗ് കോളനി നടവഴി ഇന്റർലോക്കിംഗ്- അപാകതകൾ

പ്രോജക്ട്- 194/21 , (141/20)

അടങ്കൽ-360000/- പി.എ.സി-340000/-

കരാറുകാരൻ- ആർ.പ്രകാശൻ, ബിൽ നമ്പർ-26/25.7.20, 330557/-

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ആകെ 116 മീറ്റർ നീളത്തിൽ ഇന്റർലോക്കിംഗ് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. നഗരസഭയുടെ 13.1.2020 ലെ 9-ാം തീരുമാനപ്രകാരം റിവൈസ് ചെയ്ത എസ്റ്റിമേറ്റിലെ 3-ാം ഇനമായി അളവ് പുസ്തകം 128/18-19പുറം 9പ്രകാരം പ്രൊവൈഡിംഗ് ആന്റ് ലെയിംഗ് ഇന്റെർലോക്ക് 80mm പേവർ ബ്ലോക്ക് $244.95m^2$ ചെയ്തതിന് $879.78/m^2$ നിരക്കിൽ 215502.11/-രൂപ നൽകിയിട്ടുണ്ട്. കൂടാതെ എക്സ്ട്രാ ഇനമായി സൈഡ് കോൺക്രീറ്റിംഗ് പ്രൊവൈഡിംഗ് ആന്റ് ലെയിംഗ് 1:2:4 സിമന്റ് കോൺക്രീറ്റ് 0.10 മീറ്റർ മുതൽ 0.30 മീറ്റർ വരെ വീതിയിൽ 0.08മീറ്റർ കനത്തിൽ റോഡ് സൈഡ് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. മോർഡ് സ്പെസിഫിക്കേഷൻ 6-7-1 പ്രകാരമാണ് ഇന്റെർലോക്ക് ലെയിംഗിന് നിരക്ക് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത നിരക്കിൽ ഇന്റർലോക്ക് പാകുന്നതിന് ഇരുവശത്തും എഡ്ജ് ബ്ലോക്ക് ചെയ്യുന്നതിനുള്ള നിരക്ക്കൂടി ഉൾപ്പെടുന്നു(M-381). ഈ പ്രവൃത്തിയുടെ എക്സ്ട്രായിനമായി സൈഡ് കോൺക്രീറ്റിംഗ് പ്രത്യേകമായി ചെയ്തതിന് $8152.21/m^3$ നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. ആയതിനാൽ ഇന്റർലോക്ക് പാകുന്നതിനുള്ള നിരക്കിൽ ഉൾപ്പെടുത്തിയിരുന്ന എഡ്ജ് ബ്ലോക്കിനുള്ള നിരക്ക് കുറവ് ചെയ്യേണ്ടതായിരുന്നു. എന്നാൽ അപ്രകാരം കുറവ് ചെയ്യാതിരുന്നതുമൂലം അധികചെലവുണ്ടായിട്ടുണ്ട്.

| | |
|---|---|
| ഇന്റർലോക്ക് പാകുന്നതിന് എസ്റ്റിമേറ്റിലുൾപ്പെടുത്തിയ നിരക്ക് ($225m^2$) | 110022.26 |
| (-)എഡ്ജ് ബ്ലോക്ക് നിരക്ക് | 6660 |
| | 103362.26 |
| എഡ്ജ് ബ്ലോക്ക് $1m^2$നുള്ള നിരക്ക് (103362.26÷225) | 459.39 |

| | |
|---|---|
| CPOH (10%+10%) | 91.86 |
| | 551.25 |
| കോസ്റ്റ് ഇൻഡക്സ് 48.71% | 268.51 |
| | 819.76 |
| എഡ്ജ് ബ്ലോക്കിനുള്ള നിരക്ക് ഒഴിവാക്കിയശേഷം അനുവദനീയ നിരക്ക് | $819.76/m^2$ |
| നൽകിയ നിരക്ക് | $879.78/m^2$ |
| കരാറുകാരന് നൽകിയ തുക | $244.95m^2 x 879.78/m^2$ = 215502/- |
| കരാറുകാരന് നൽകാവുന്ന തുക | $244.95m^2 x 819.76/m^2$ =200800/- |
| അധികം നൽകിയ തുക | 14702/- |

മേൽ സൂചിപ്പിച്ചതിൽ നിന്നും വ്യത്യസ്തമായി അധിക നിരക്ക് അനുവദിച്ചതുമൂലം അധികം ചെലവഴിച്ച 14702/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (31/27.1.2022)മറുപടി ലഭ്യമാക്കിയില്ല.

## 3-7 അനുവദനീയമായതിലും അധികം അളവിൽ മൂല്യനിർണ്ണയം നടത്തി

1. 12mm പ്ലാസ്റ്ററിംഗ് അനുവദനീയമായതിലും അധികം അളവിൽ മൂല്യനിർണ്ണയം നടത്തി.

പ്രോജക്ട് നമ്പർ- 422/21, പബ്ലിക് ടോയ്‌ലറ്റ് ബ്യൂട്ടിഫിക്കേഷൻ കം കോമ്പൗണ്ട് വാൾ

കരാറുകാരൻ - ശ്രീ. വി.ശിവൻ

അടങ്കൽ 10,00,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്

അളവ് പുസ്തകം നമ്പർ 16/20-21

ബിൽ നമ്പർ- 105/29.3.21, 988375/-

ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ 8-ാം ഇനമായി മതിൽ നിർമ്മാണത്തിന് സോളിഡ് ബ്ലോക്ക് മേസണറി താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| ഹോസ്പിറ്റൽ സൈഡ് ക്രോസ് വാൾ | 1x34.85x0.15x1.5 | $7.84m^3$ |
| ക്രോസ് വാൾ | 1x2.85x0.15x1.5 | 0.641 |
| ഗേറ്റ് പില്ലർ | 2x1.70x0.48x0.30 | 0.490 |
| പില്ലർ | 14x1.5x0.30x0.10 | 0.630 |
| ആകെ | | $9.602m^3$ |

ഒമ്പതാമിനമായി 12mm സിമന്റ് പ്ലാസ്റ്ററിംഗ് താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| ഹോസ്പിറ്റൽ സൈഡ് ക്രോസ് വാൾ | 2x34.85x1.5 | $104.55m^2$ |
| ക്രോസ് വാൾ | 2x2.85x1.5 | 8.55 |
| ഗേറ്റ് പില്ലർ | 2x1.70x1.08 | 3.672 |

| | | |
|---|---|---|
| പില്ലർ | 14x1.5x0.50 | 10.50 |
| ആകെ | | 127.272m$^2$ |

127.272m$^2$ 12mm സിമന്റ് പ്ലാസ്റ്ററിംഗിന് 400/m$^2$ നിരക്കിൽ മൂല്യനിർണ്ണയം നടത്തി 50908.80/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ എട്ടാമിനം പ്രവൃത്തി ചെയ്ത അളവിനേക്കാൾ കൂടുതൽ അളവിൽ ഒമ്പതാമിനമായ 12mm പ്ലാസ്റ്ററിംഗും പത്താമിനമായ ഫനിഷിംഗ് വാൾസ് വിത്ത് വാട്ടർ പ്രൂഫ് സിമന്റ് പെയിന്റ് എന്ന പ്രവൃത്തിയും ചെയ്തതായി കാണുന്നു.

ഒമ്പതാമിനമായി 12mm സിമന്റ് പ്ലാസ്റ്ററിംഗ്, പത്താമിനമായ ഫനിഷിംഗ് വാൾസ് വിത്ത് വാട്ടർ പ്രൂഫ് സിമന്റ് പെയിന്റ് എന്നീ പ്രവൃത്തികൾ ചെയ്യാവുന്ന അളവ് ചുവടെ ചേർക്കുന്നു.

| ഇനം | ചെയ്ത അളവ് | | ചെയ്യാവുന്ന അളവ് | | അധികം |
|---|---|---|---|---|---|
| 12mm സിമന്റ് പ്ലാസ്റ്ററിംഗ് | | | | | |
| ഹോസ്പിറ്റൽ സൈഡ് ക്രോസ് വാൾ | 2x34.85x1.5 | 104.55m$^2$ | 2x34.85x1.5 | 104.55m$^2$ | 00 |
| ക്രോസ് വാൾ | 2x2.85x1.5 | 8.55 | 2x2.85x1.5 | 8.55 | 00 |
| ഗേറ്റ് പില്ലർ | 2x1.70x1.08 | 3.672 | 2x1.70x0.93 | 3.162 | 0.51 |
| പില്ലർ | 14x1.5x0.50 | 10.50 | 14x1.5x0.20 | 4.20 | 6.30 |
| ആകെ | | 127.272m$^2$ | | 120.462m$^2$ | 6.81m$^2$x400/m$^2$ =2724/- |
| വാട്ടർ പ്രൂഫ് സിമന്റ് പെയിന്റ് | 2x2.85x1.5 | 8.55 | 2x2.85x1.5 | 8.55 | 00 |
| | 2x1.70x1.08 | 3.672 | 2x1.70x0.93 | 3.162 | 0.51 |
| | 14x1.5x0.50 | 10.50 | 14x1.5x0.20 | 4.20 | 6.30 |
| ആകെ | | 127.272m$^2$ | | 120.462m$^2$ | 6.81m$^2$x77m$^2$ =524/- |
| ആകെ അധികം നൽകിയതുക | | | | | 3248/- |

2. മേൽ സൂചിപ്പിച്ച അധിക ചെലവ് കൂടാതെ, ഒന്നാമിനമായി കോമ്പൗണ്ട് വാൾ ഫൗണ്ടേഷൻ, ബസ് സ്റ്റാന്റ്-പില്ലർ, ഷെഡ്-പില്ലർ എന്നിവയ്ക്കായി 19.218m$^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ഈ മണ്ണ് പുനരുപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. അളവ് പുസ്തകം പുറം 23 പ്രകാരം എസ്റ്റിമേറ്റ് അപ്പന്റിക്സ് 2 അനുസരിച്ച് യാർഡ് ഫില്ലിംഗ്, എംബാങ്ക്മെന്റ് കൺസ്ട്രക്ഷൻ 40.8m$^3$ ചെയ്തതിൽ 10% കൺസോളിഡേഷനൻ കുറവ് ചെയ്ത് 36.774m$^3$ന് 1000/m$^3$ നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ ഒന്നാമിനമായി കുഴിച്ചെടുത്ത മണ്ണിന്റെ 50% എങ്കിലും ഫില്ലിംഗിനായി വിനിയോഗിക്കാമെന്നിരിക്കെ അപ്രകാരം ചെയ്യാതിരുന്നതുമൂലം 9.61m3ന് (19.281÷2x1000/m$^3$), 9610/- രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച വിധം ആകെ അധികം നൽകിയ 12858/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (32/27.1.2022)മറുപടി ലഭ്യമാക്കിയില്ല.

## 3-8 12mm പ്ലാസ്റ്ററിംഗ് അനുവദനീയമായതിലും അധികം അളവിൽ മൂല്യനിർണ്ണയം നടത്തി

അംഗനവാടി 1ന് ചുറ്റുമതിൽ നിർമ്മാണം- വാർഡ് 1

പ്രോജക്ട് നമ്പർ- 362/21

കരാറുകാരൻ - ശ്രീ.ശിവപ്രദീപ്

അടങ്കൽ 2,75,000/- വികസനഫണ്ട് പൊതുവിഭാഗം

അളവ് പുസ്തകം നമ്പർ 37/20-21

ബിൽ നമ്പർ- 124/30.3.21, 272679/-

ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ 7-ാ ഇനമായി മതിൽ നിർമ്മാണത്തിന് സോളിഡ് ബ്ലോക്ക് മേസണറി താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| വാൾ | 1x36.45x0.15x1.70 | 9.29$m^3$ |
| മെയിൻ പില്ലർ | 2x0.5x0.5x1.7 | 0.85 |
| പില്ലർ | 12x0.20x0.15x1.70 | 0.61 |
| ഡിഡക്ട് ഫോർ ഗേറ്റ് | 1x2x0.15x1.70 | -0.51 |
| ആകെ | | 10.25$m^3$ |

എട്ടാമിനമായി 12mmസിമന്റ് പ്ലാസ്റ്ററിംഗ് താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

| ഇനം സിമന്റ് പ്ലാസ്റ്ററിംഗ് | ചെയ്ത അളവ് | | ചെയ്യാവുന്ന അളവ് | | അധികം | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| വാൾ | 2x36.45x1.70 | 123.93$m^3$ | 2x36.45x1.70 | 123.93$m^3$ | 00 | 4.08x257.19/$m^2$ 1049/- |
| മെയിൻ പില്ലർ | 2x1.85x1.7 | 6.29 | 2x1.85x1.7 | 6.29 | 00 | |
| പില്ലർ | 12x0.50x1.70 | 10.20 | 12x0.30x1.70 | 6.12 | 4.08 | |
| ടോപ്പ് | 36.45x0.15 | 5.47 | 36.45x0.15 | 5.47 | 00 | |
| മെയിൻ പില്ലർ | 2x0.50x0.50 | 0.50 | 2x0.50x0.50 | 0.50 | 00 | |
| ബേസ്മെന്റ് | 1x6.75x0.40 | 2.70 | 1x6.75x0.40 | 2.70 | 00 | |
| ഡിഡക്ട് ഫോർ ഗേറ്റ് | 2x2x1.70 | -6.80 | 2x2x1.70 | -6.80 | 00 | |
| ആകെ | | 142.29$m^3$ | | 138.21 | 4.08 | 1049/- |

മേൽ സൂചിപ്പിച്ച അതേ അളവിൽതന്നെ (എട്ടാമിനം ചെയ്തഅളവിൽതന്നെ) ഒമ്പതാമിനമായി വാട്ടർ തിന്നബിൾ സിമന്റ് പ്രൈമർ ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം/സിമന്റ് പ്രൈമർ | ചെയ്ത അളവ് | | ചെയ്യാവുന്ന അളവ് | | അധികം | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| വാൾ | 2x36.45x1.70 | 123.93$m^3$ | 2x36.45x1.70 | 123.93$m^3$ | 00 | 4.08x54.95/$m^2$ 224/- |
| മെയിൻ പില്ലർ | 2x1.85x1.7 | 6.29 | 2x1.85x1.7 | 6.29 | 00 | |
| പില്ലർ | 12x0.50x1.70 | 10.20 | 12x0.30x1.70 | 6.12 | 4.08 | |
| ടോപ്പ് | 36.45x0.15 | 5.47 | 36.45x0.15 | 5.47 | 00 | |
| മെയിൻ പില്ലർ | 2x0.50x0.50 | 0.50 | 2x0.50x0.50 | 0.50 | 00 | |
| ബേസ്മെന്റ് | 1x6.75x0.40 | 2.70 | 1x6.75x0.40 | 2.70 | 00 | |
| ഡിഡക്ട് ഫോർ ഗേറ്റ് | 2x2x1.70 | -6.80 | 2x2x1.70 | -6.80 | 00 | |
| ആകെ | | 142.29$m^3$ | | 138.21 | 4.08 | 224/- |

മേൽ സൂചിപ്പിച്ചവിധം ആകെ അധികം നൽകിയ (1049+224), 1273/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (53/01.2.2022)മറുപടി ലഭ്യമാക്കിയില്ല.

## 3-9 കാലിവീപ്പയുടെ വില ഈടാക്കിയില്ല

ആഞ്ഞിലിപ്പാലം വട്ടവെളിപ്പാലം റോഡ് ടാറിംഗ്

പ്രോജക്ട്- 408/21

അടങ്കൽ-800000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്

കരാറുകാരൻ- വരദകുമാർ

ബിൽ നമ്പർ-119/30.3.21, 492133/-, 137/30.3.21, 78644/-,

138/30.3.21, 223171/-

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം 44/21 പുറം 8 പ്രകാരം ചെയിനേജ് 303വരെ 3മീറ്റർ വീതിയിൽ 909$m^2$ ടാറിംഗ് നടത്തിയിട്ടുണ്ട്. ഈ പ്രവൃത്തിക്കയി ആകെ 17 ബാരൽ ബിറ്റുമിൻ ഉപയോഗിച്ചിട്ടുള്ളതായി കാണുന്നു. എസ്റ്റിമേറ്റ് പ്രകാരം പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നതിനാൽ കാലിവീപ്പയ്ക്ക് 18% ജി.എസ്.ടി ഉൾപ്പെടെ 281/-രൂപ നിരക്കിൽ (17x281), 4777/-രൂപ ഫൈനൽ ബില്ലിൽ നിന്നും ഉറവ് ചെയ്യേണ്ടതായിരുന്നു. എന്നാൽ ഇപ്രകാരം കാലിവീപ്പയുടെ വില കുറവ് ചെയ്യാതിരുന്നതുമൂലം കരാറുകാരന് അധികം തുക നൽകിയിട്ടുണ്ട്. അധികം നൽകിയ 4777/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (34/27.1.2022)മറുപടി ലഭ്യമാക്കിയില്ല.

## 3-10 കളത്തുകാട്ട്- കുന്തറ ഫുട്പാത്ത് ഇന്റർലോക്കിംഗ്- അപാകതകൾ

പ്രോജക്ട് നമ്പർ- 379/21

അടങ്കൽ- 1,23,000/-വികസനഫണ്ട് പൊതുവിഭാഗം

കരാറുകാരൻ- ആർ. പ്രകാശൻ, അളവ് പുസ്തകം 26/20-21

ബിൽ നമ്പർ -135/30.3.21

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം പുറം4 പ്രകാരം ശരാശരി 1മീറ്റർ വീതിയിൽ 80mm ഇന്റർലോക്ക് പേവർ ബ്ലോക്ക് 98.263$m^2$ വിരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ചെയിനേജ് 65.43മുതൽ 79.43 മീറ്റർ വരെ 14മീറ്റർ എന്നത് തെറ്റായി 15മീറ്റർ എന്ന് രേഖപ്പെടുത്തിയതിനാൽ പ്രവൃത്തിയുടെ അളവ് 14m2ന് പകരം 15$m^2$ എന്ന് തെറ്റായി കണക്കാക്കുവാനിടയായി തന്മൂലം 1$m^2$ന് 879.78/$m^2$നിരക്കിൽ 879.78/-രൂപയും 12% ജി.എസ്.ടി ഉൾപ്പെടെ 985/-രൂപ കൂടുതൽ ചെലവ് ചെയ്തിട്ടുണ്ട്. അധികം ചെലവഴിച്ച 985/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (47/31.1.2022)മറുപടി ലഭ്യമാക്കിയില്ല.

## 3-11 ബയോബിൻ മുൻഗണന വിഭാഗം(ബി.പി.എൽ)

പ്രോജക്റ്റിന്റെ പേര് : ബയോബിൻ മുൻഗണന വിഭാഗം(ബി.പി.എൽ)

പ്രോജക്ട് നം. :173

ഫയൽ നം.പി.എച്ച്.1/139/2020

അടങ്കൽ : ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 722452/-രൂപ

കേന്ദ്രാവിഷ്കൃത ഫണ്ട്- 673750/-രൂപ

സംസ്ഥാനാവിഷ്കൃത ഫണ്ട്- 448525/-രൂപ

ഗുണഭോക്തൃ വിഹിതം -80273/-രൂപ

ആകെ- 1925000/-രൂപ

ചെലവ് : ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 294480/- രൂപ (ബിൽ നം.8 തീയതി.14.05.2020)

സംസ്ഥാനാവിഷ്കൃത ഫണ്ട്- 747000/-രൂപ (ചെക്ക് നം.018266/തീയതി.08.10.2020)

ആകെ- 1041480/-രൂപ

നിർവഹണം: ഹെൽത്ത് ഓഫീസർ

ചേർത്തല നഗരസഭയിലെ മുൻഗണന വിഭാഗം (ബി.പി.എൽ) ഗുണഭോക്താക്കളുടെ വീടുകളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷനിൽ നിന്നും തൻവർഷം 1800/-രൂപ നിരക്കിൽ 415 ബയോ ഡൈജസ്റ്റർ ബിന്നുകൾ വാങ്ങിയിട്ടുണ്ട്. 415 ബയോ ഡൈജസ്റ്റർ ബിന്നുകൾ വാങ്ങുന്നതിന് 1800/-രൂപ നിരക്കിൽ നല്കേണ്ടിയിരുന്ന തുക 747000/-രൂപ മാത്രമാണ്. എന്നാൽ മേൽ ബില്ലുകൾ/ചെക്കുകൾ പ്രകാരം സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷന് ആകെ 1041480/-രൂപ നല്കിയിരിക്കുന്നു.

അധിക തുക നല്കാനുള്ള കാരണം അന്വേഷിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21 തീ.) നല്കിയ മറുപടി ചുവടെ ചേർക്കുന്നു.

ടി പദ്ധതി 2021-22 സാമ്പത്തിക വർഷം തുടരും എന്ന കണക്കു കൂട്ടലിലാണ് മുൻകർ നല്കിയ തുക കൂടാതെ വിതരണം ചെയ്ത 415 ബയോ ഡൈജസ്റ്റർ ബിന്നുകളുടെ വിലയും നല്കിയതെന്ന് അറിയിച്ചു. വീടുകളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്താത്തതിന് ദേശീയ ഹരിത ട്രൈബ്യൂണൽ നഗരസഭയ്ക്ക് പിഴ നിശ്ചയിച്ചു നല്കിയ സാഹചര്യത്തിൽ എല്ലാ വീടുകളിലും സൌജന്യമായി ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് പുതിയ പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം നേടിയിട്ടുണ്ടെന്നും ആയതിനാൽ ഗുണഭോക്തൃ വിഹിതം ഉൾപ്പെട്ട മേൽ പ്രോജക്ട് ഇനി തുടരാനാവില്ലെന്നും അറിയിച്ചു.

ആയതിനാൽ ഈ പദ്ധതിയ്ക്ക് അധികമായി ചെലവഴിച്ച തുക (294480/- രൂപ) സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. പ്രോജക്ടിൽ വകയിരുത്തിയ തുകയ്ക്കാനുപാതികമായി ചെലവ് ക്രമീകരിച്ച് ആനുപാതികമായ തുക അധിക ചെലവ് വന്നിട്ടുള്ള ഹെഡുകളിലേയ്ക്ക് തിരികെ ഒടുക്കേണ്ടതുമാണ്. അധികമായി ചെലവഴിച്ച തുക (294480/- രൂപ) ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷനിൽ നിന്നും ഈടാക്കാൻ സാധിക്കാത്ത പക്ഷം ഉത്തരവാദിയായ ഹെൽത്ത് സൂപ്പർവൈസറിൽ നിന്നും ഈടാക്കേണ്ടതാണ്.

ഈ പദ്ധതി പ്രകാരം വാങ്ങിയ 415 ബയോ ഡൈജസ്റ്റർ ബിന്നുകളിൽ 260 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. 155 ബയോ ഡൈജസ്റ്റർ ബിന്നുകൾ നാളിതുവരെയായും വിതരണം ചെയ്യാതവശേഷിക്കുന്നു. വിതരണം ചെയ്യാതവശേഷിക്കുന്ന 155 ബയോ ഡൈജസ്റ്റർ ബിന്നുകളുടെ വില (279000/- രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അർഹരായ ഗുണഭോക്താക്കൾക്ക് ബയോ ഡൈജസ്റ്റർ ബിന്നുകൾ വിതരണം ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-12 കൊച്ചുവെളി അമ്പലത്തിന് കിഴക്ക് കോന്നോത്ത് റോഡ് കാന നിർമ്മാണം-അപാകതകൾ

അടങ്കൽ- 100,000/- തനത് ഫണ്ട്

കരാറുകാരൻ- ആർ. പ്രകാശൻ

അളവ് പുസ്തകം നമ്പർ-147/18-19 ആകെ മൂല്യം 96710/-; ചെക്ക് നമ്പർ -000015/29.1.21

ഈ പ്രവൃത്തിയുടെ ഒന്നാമിനമായി അളവ് പുസ്തകം പുറം 1 പ്രകാരം കാന നിർമ്മാണത്തിനായി എർത്ത് വർക്ക് എസ്കവേഷൻ താഴെപറയുന്ന അളവിൽ 10.449m$^3$ ചെയ്തിട്ടുണ്ട്.

25.80x0.90x0.45=10.449m$^3$ എർത്ത് വർക്ക് എസ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 553.17/m$^3$ (സ്പെസിഫിക്കേഷൻ കോഡ് -11.1.1.1) ആണ്. ഇത് എർത്ത് വർക്ക് എക്സ് കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ് എന്നതിനുള്ള നിരക്കാണ്. ഡ്രെയിൻ നിർമ്മാണത്തിനും സംരക്ഷണ ഭിത്തി നിർമ്മാണത്തിനുമുള്ള എർത്ത് വർക്ക് എസ്കവേഷന് അനുവദനീയമായ നിരക്ക് 259.29/m$^3$ (സ്പെസിഫിക്കേഷൻ കോഡ്-3.5.1) ആണ്. ഉയർന്ന നിരക്ക് അനുവദിച്ചത് അധികം ചെലവിനിടയാക്കി. കൂടാതെ രണ്ടാമിനമായി 1:3:6 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് 25.80x0.90x0.10 =2.322m$^3$ കാനയുടെ ബെഡ് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. ഇതിന് പുറമേ ബേസ് സ്ലാബ് എന്നപേരിൽ ഇതേ അളവിൽ 1:2:4 സിമന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് പ്രകാരം ബേസ് സ്ലാബ് ബെഡ് കോൺക്രീറ്റിംഗ് ചെയ്തഅളവിൽ നിന്നും ഇരുവശവും 0.10 മീറ്റർ ഓഫ് സെറ്റ് കുറവ് ചെയ്ത് 0.70 മീറ്റർ വീതിയിലാണ് ബേസ് സ്ലാബ് നിർമ്മിക്കേണ്ടത്. എന്നാൽ അളവ് പുസ്തകം പുറം 3പ്രകാരം ബെഡ് കോൺക്രീറ്റ് ചെയ്ത അതേ അളവിൽ തന്നെ ബേസ് സ്ലാബ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. അതായത് രണ്ടാമിനം പ്രവൃത്തി ചെയ്ത അതേ അളവിൽതന്നെ മൂന്നാമിനമായ ബേസ് കോൺക്രീറ്റിംഗും ചെയ്തതുമൂലം അധികചെലവുണ്ടായിട്ടുണ്ട്. കവർ സ്ലാബ് നിർമ്മിച്ചിട്ടുള്ളത് 0.70x0.50x0.12 എന്ന അളവിലാണ്.

| ഇനം | ചെയ്ത അളവ് | ചെയ്യാവുന്ന അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| ബെഡ് കോൺക്രീറ്റിംഗ് | 25.80x0.90x0.10 =2.322m$^3$ | 25.80x0.90x0.10 =2.322m$^3$ | 2.322m$^3$x7609.39 =17669/- | 2.322m$^3$x7609.39 =17669/- | 00 |
| ബേസ് സ്ലാബ് കോൺക്രീറ്റിംഗ് | 25.80x0.90x0.10 =2.322m$^3$ | 25.80x0.70x0.10 =1.806m$^3$ | 2.322x7771.80/m$^3$ = 18046/- | 1.806m3x7771.80/m$^3$ =14036/- | 4010/- |
| | | | 12% GST | | 481 |
| | | | ആകെ | | 4491/- |

മേൽ സൂചിപ്പിച്ചവിധം അധികം നൽകിയ 4491/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (52/31.1.2022)മറുപടി ലഭ്യമാക്കിയില്ല.

## 3-13 ബയോബിൻ പൊതു വിഭാഗം(എ.പി.എൽ)-അധിക തുക ചെലവഴിച്ചത് സംബന്ധിച്ച്

പ്രോജക്ടിന്റെ പേര് : ബയോബിൻ പൊതു വിഭാഗം(എ.പി.എൽ)

പ്രോജക്ട് നം. :172

ഫയൽ നം.പി.എച്ച്.1/138/2020

അടങ്കൽ : ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 401362/-രൂപ

കേന്ദ്രാവിഷ്കൃത ഫണ്ട്- 673750/-രൂപ

സംസ്ഥാനാവിഷ്കൃത ഫണ്ട്- 448525/-രൂപ

ഗുണഭോക്തൃ വിഹിതം -401363/-രൂപ

ആകെ- 1925000/-രൂപ

ചെലവ് : ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 193320/- രൂപ (ബിൽ നം.7 തീയതി.14.05.2020)

സംസ്ഥാനാവിഷ്കൃത ഫണ്ട്- 207000/-രൂപ (ചെക്ക് നം.018266/തീയതി.08.10.2020)

ആകെ- 400320/-രൂപ

നിർവഹണം: ഹെൽത്ത് ഓഫീസർ

ചേർത്തല നഗരസഭയിലെ പൊതു വിഭാഗം ഗുണഭോക്താക്കളുടെ വീട്ടുകളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷനിൽ നിന്നും തൻവർഷം 1800/-രൂപ നിരക്കിൽ 115 ബയോ ഡൈജസ്റ്റർ ബിന്നുകൾ വാങ്ങിയിട്ടുണ്ട്. 115 ബയോ ഡൈജസ്റ്റർ ബിന്നുകൾ വാങ്ങുന്നതിന് 1800/-രൂപ നിരക്കിൽ നല്കേണ്ടിയിരുന്ന തുക 207000/-രൂപ മാത്രമാണ്. എന്നാൽ മേൽ ബില്ലുകൾ/ ചെക്കുകൾ പ്രകാരം സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷന് ആകെ 400320/-രൂപ നല്കിയിരിക്കുന്നു. അധിക തുക നല്കാനുള്ള കാരണം അന്വേഷിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21 തീ.) നല്കിയ മറുപടി ചുവടെ ചേർക്കുന്നു.

ടി പദ്ധതി 2021-22 സാമ്പത്തിക വർഷം ഉടരും എന്ന കണക്കു കൂട്ടലിലാണ് മുൻകർ നല്കിയ തുക കൂടാതെ വിതരണം ചെയ്ത 115 ബയോ ഡൈജസ്റ്റർ ബിന്നുകളുടെ വിലയും നല്കിയതെന്ന് അറിയിച്ചു. വീടുകളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്താത്തതിന് ദേശീയ ഹരിത ട്രൈബ്യൂണൽ നഗരസഭയ്ക്ക് പിഴ നിശ്ചയിച്ച് നല്കിയ സാഹചര്യത്തിൽ എല്ലാ വീടുകളിലും സൌജന്യമായി ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് പുതിയ പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം നേടിയിട്ടുണ്ടെന്നും ആയതിനാൽ ഗുണഭോക്തൃ വിഹിതം ഉൾപ്പെട്ട മേൽ പ്രോജക്ട് ഇനി ഉടരാനാവില്ലെന്നും അറിയിച്ചു.

ആയതിനാൽ ഈ പദ്ധതിയ്ക്ക് അധികമായി ചെലവഴിച്ച തുക (193320/- രൂപ) സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് ഹെൽത്ത് സൂപ്പർവൈസറിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പ്രോജക്ടിൽ വകയിരുത്തിയ തുകയ്ക്കാനുപാതികമായി ചെലവ് ക്രമീകരിച്ച് അധിക ചെലവ് വന്നിട്ടുള്ള ഹെഡുകളിലേയ്ക്ക് ആനുപാതികമായ തുക തിരികെ ഒടുക്കേണ്ടതുമാണ്.

## 3-14 ജൈവ വാതക നിലയം-സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

പ്രോജക്ടിന്റെ പേര് : ജൈവ വാതക നിലയം

പ്രോജക്ട് നം. :151

ഫയൽ നം.പി.എച്ച്.1/137/2020

അടങ്കൽ : ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 394065/-രൂപ

കേന്ദ്രാവിഷ്കൃത ഫണ്ട്- 367500/-രൂപ

സംസ്ഥാനാവിഷ്കൃത ഫണ്ട്- 244650/-രൂപ

ഗുണഭോക്തൃ വിഹിതം -43785/-രൂപ

ആകെ- 1050000/-രൂപ

ചെലവ് : ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 283500/- രൂപ (ബിൽ നം.9 തീയതി.14.05.2020)

ആകെ- 283500/-രൂപ

നിർവഹണം: ഹെൽത്ത് ഓഫീസർ

ഗാർഹിക മാലിന്യങ്ങൾ വീട്ടുകളിൽ സംസ്കരിക്കുന്നതിന്റെ ഭാഗമായി 350 ബയോഗ്യാസ് പ്ലാന്റുകൾ വിതരണം ചെയ്യുന്നതിനായാണ് ഈ പ്രോജക്ട് ആവിഷ്കരിച്ചിരിക്കുന്നത്.

സർക്കാർ ഉത്തരവ് (കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി.14.02.2018 സബ്സിഡി മാർഗരേഖ ഖണ്ഡിക 6.8.1) പ്രകാരം ഗാർഹിക തലത്തിലുള്ള ബയോഗ്യാസ് പ്ലാന്റുകൾക്ക് പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് അനുവദനീയമായ പരമാവധി സബ്സിഡി യൂണിറ്റ് കോസ്റ്റിന്റെ 50% ആയിരുന്നു. പ്രസ്തുത നിർദേശം പരിഷ്കരിച്ച് കൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ (സ.ഉ(സാധാ)നം.3281/2018/ത.സ്വ.ഭ.വ തീയതി.31.12.2018) ഗാർഹിക തലത്തിലുള്ള ബയോഗ്യാസ് പ്ലാന്റിന് യൂണിറ്റ് കോസ്റ്റിന്റെ 90% അല്ലെങ്കിൽ 7200/-രൂപ ഇതിലേതാണൊ കുറവ് അത് അനുവദിക്കാമെന്ന് പറഞ്ഞിരിക്കുന്നു. അധികമായി വരുന്ന തുക ഗുണഭോക്താവ് കണ്ടെത്തണമെന്നും പറഞ്ഞിരിക്കുന്നു. തൻവർഷം ഈ പദ്ധതി പ്രകാരം സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷൻ ബയോഗ്യാസ് പ്ലാന്റ് വിതരണം ചെയ്തിരിക്കുന്നത് 10500/-രൂപയ്ക്കാണ്. ആയതിന് പരമാവധി അനുവദനീയമായ സബ്സിഡി തുക 7200/-രൂപ കഴിച്ച് 3300/-രൂപ ഗുണഭോക്താവിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഈ പദ്ധതി പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ ബയോഗ്യാസ് പ്ലാന്റിന്റെ വിലയുടെ 10% തുകയായ (10500x10%) 1050/-രൂപ മാത്രമാണ് ഈടാക്കിയിരിക്കുന്നത്. തൻവർഷം 27 ബയോഗ്യാസ് പ്ലാന്റിന്റെ വിലയായി 283500/-രൂപ (27x10500) ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷന് അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കളിൽ നിന്നും കുറവായി ഈടാക്കിയ (3300-1050=2250/-രൂപ) വിഹിതം 60750/-രൂപ ഈടാക്കേണ്ടതും ധനകാര്യ കമ്മീഷനിൽ നിന്നും അധികമായി നല്കിയ തുക 89100/-രൂപ (ഗുണഭോക്തൃ വിഹിതം- 3300x27) ക്രമീകരിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 20 തീയതി.25.01.2022) മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താക്കളിൽ നിന്നും ഈ തുക (60750/-രൂപ) ഈടാക്കാൻ സാധിക്കുന്നില്ലായെങ്കിൽ ആയത് ഹെൽത്ത് സൂപ്പർവൈസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-15 വൃദ്ധർക്ക് കട്ടിൽ നല്കുന്ന പദ്ധതി- അനർഹരായവർക്ക് കട്ടിൽ നല്കിയത് സംബന്ധിച്ച്

ചേർത്തല നഗരസഭയിൽ 2020-21 സാമ്പത്തിക വർഷം വൃദ്ധർക്ക് കട്ടിൽ നല്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികളിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ടിന്റെ പേര് : വൃദ്ധർക്ക് കട്ടിൽ നല്കുന്ന പദ്ധതി

പ്രോജക്ട് നം. :77/2020

അടങ്കൽ : വികസനഫണ്ട് - 1102500/-രൂപ

ചെലവ് : 852600/- രൂപ (ട്രഷറി ബിൽ നം.63 തീയതി.05.03.2021)

നിർവഹണം: പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമാർജന സെൽ

തൻവർഷം ഈ പദ്ധതി പ്രകാരം വിതരണം ചെയ്യുന്നതിലേക്കായി 245 കട്ടിലുകൾ 4350/-രൂപ നിരക്കിൽ ഫോറസ്റ്റ്

ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിൽ നിന്നും വാങ്ങുന്നതിലേക്കായി മേൽ ട്രഷറി ബിൽ പ്രകാരം 852600/-രൂപ മുൻകൂറായി നല്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 16.01.2021-ൽ ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ (നം.യു.പി.എ325/21 തീയതി.16.01.2021) നല്കിയതായി കാണുന്നു. പ്രസ്തുത ഉത്തരവിൽ നഗരസഭയുമായി എത്രയും വേഗം കരാർ വെയ്ക്കേണ്ടതും 15 ദിവസത്തിനകം കട്ടിൽ സപ്ലൈ ചെയ്യേണ്ടതാണെന്നും നിർദേശിച്ചിരിക്കുന്നു. എന്നാൽ സ്ഥാപനം നഗരസഭയുമായി കരാറിൽ ഏർപ്പെട്ടത് 05.02.2021-ലും കട്ടിലുകൾ സപ്ലൈ ചെയ്തത് 21.10.2021-ലുമാണ് (ഇൻവോയ്സ് നം.191/2021-22). സപ്ലൈ ചെയ്ത 245 കട്ടിലുകളിൽ 4 എണ്ണം ഇനിയും വിതരണം ചെയ്യാവതവശേഷിക്കുന്നു. വിതരണം ചെയ്യാതവശേഷിക്കുന്ന കട്ടിലുകളുടെ വില 17400/-രൂപ (4x4350) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2.പ്രോജക്ടിന്റെ പേര് : വൃദ്ധർക്ക് കട്ടിൽ നല്കുന്ന പദ്ധതി

പ്രോജക്ട് നം. :279/2020 (സ്പിൽ ഓവർ)

അടങ്കൽ : വികസനഫണ്ട് - 2283750/-രൂപ

ചെലവ് : 2283749/- രൂപ (ട്രഷറി ബിൽ നം.4 തീയതി.08.09.2020)

നിർവഹണം: പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമാർജന സെൽ

ചേർത്തല നഗരസഭയിൽ വൃദ്ധർക്ക് കട്ടിൽ നല്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. തൻവർഷം ഈ പദ്ധതി പ്രകാരം വിതരണം ചെയ്യുന്നതിലേക്കായി 525 കട്ടിലുകൾ 4350/-രൂപ നിരക്കിൽ ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിൽ നിന്നും വാങ്ങുന്നതിലേക്കായി മേൽ ട്രഷറി ബിൽ പ്രകാരം 2283749/-രൂപ സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. വാങ്ങിയ 525 കട്ടിലുകളിൽ 2 എണ്ണം ഇനിയും വിതരണം ചെയ്യാവതവശേഷിക്കുന്നു.

സർക്കാർ ഉത്തരവ് (കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി.14.02.2018 സബ്സിഡി മാർഗരേഖ ഖണ്ഡിക 2.12 പ്രകാരം 2 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള പൊതു വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കാവുന്നതാണെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ ഈ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ റേഷൻകാർഡ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർ ഉൾപ്പെട്ട കുടുംബമാണെന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | റേഷൻ കാർഡ് നം. | റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള സർക്കാർ ജീവനക്കാരനായ അംഗത്തിന്റെ പേര് | പ്രസ്താവ്യ മാസ വരുമാനം |
|---|---|---|---|
| പങ്കജാക്ഷി | 1417005760 | ആർ.അശോകൻ | 16290 |
| കാഞ്ചന | 1417001906 | രാജേഷ് | 8000 |

ജി.ഒ(പി) നം.7/2016/ധന തീയതി.07.01.2016 പ്രകാരമുള്ള സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവ് അനുസരിച്ച് സംസ്ഥാന സർക്കാർ സർവ്വീസിലെ ഏറ്റവും കുറഞ്ഞ അടിസ്ഥാന ശമ്പളം 16500/-രൂപയാണ്. ആയത് പ്രകാരം മേൽ ഗുണഭോക്താക്കളുടെ റേഷൻ കാർഡിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രസ്താവ്യ പ്രതിമാസ വേതനം തെറ്റാണെന്ന് കാണുന്നു. ആയതിനാൽ മേൽ ഗുണഭോക്താക്കൾക്ക് സബ്സിഡി മാർഗരേഖ പ്രകാരം ഈ ആനുകൂല്യം കൈപ്പറ്റുന്നതിന് അർഹതയുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഈ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഷൈമി, കുന്നത്ത് വെളി എന്ന ഗുണഭോക്താവിന്റെ റേഷൻ കാർഡ് പ്രകാരം ഇവരുടെ പ്രതിമാസ കുടുംബ വരുമാനം 21100/- രൂപയാണ്. ആയത് പ്രകാരം ഇവരുടെ കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപയ്ക്ക് മുകളിലാണെന്ന് കാണുന്നു.

സബ്സിഡി മാർഗ രേഖയിലെ നിർദേശങ്ങൾക്ക് വിരുദ്ധമായി അനർഹരായ ഗുണഭോക്താക്കൾക്ക് നല്കിയ ആനുകൂല്യം 13050/-രൂപ (3x4350) തിരികെ ഈടാക്കേണ്ടതാണ്. ഗുണഭോക്താക്കളിൽ നിന്നും ടി തുക ഈടാക്കാൻ കഴിയാത്ത പക്ഷം ഹെൽത്ത് ഓഫീസറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇതു കൂടാതെ വിതരണം ചെയ്യാതവശേഷിക്കുന്ന കട്ടിലുകളുടെ വില 8700/-രൂപ (2x4350) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

[ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12 തീയതി.24.01.2022) മറുപടി ലഭ്യമാക്കിയില്ല].

## 3-16 ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല-അധികചെലവിനിടയാക്കി

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ട്രേഡ് ഡിസ്കൗണ്ട് അനുവദിക്കണം. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ചു കൊണ്ടുള്ള 08.12.2015-ലെ ജി.ഒ(പി)നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിലും സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് വൗച്ചർ പരിശോധനയിൽ വിവിധ ദിനപ്പത്രങ്ങളിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ നല്കിയ തുകകളിൽ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പത്രസ്ഥാപനം | സ്ഥാപനത്തിൽ നിന്നുള്ള ബിൽനം/തീയതി | ബിൽ തുക | അർഹമായ ഡിസ്കൗണ്ട് (15%) | ചെക്ക്നം./ തീയതി വൗച്ചർ നം |
|---|---|---|---|---|
| മാതൃഭൂമി | 321000116112/22.1.20 | 10920 | 1638 | 662153/15.5.20 22000145 |
| മാതൃഭൂമി | 321000135195/10.3.20 | 10920 | 1638 | 662165/29.5.20 22000165 |
| മലയാള മനോരമ | KM0448000002/1.3.20 | 18816 | 2822 | |

| | | | | |
|---|---|---|---|---|
| കേരളകൗമുദി | ALPSC11068580/11.3.20 | 4779 | 717 | 662166/29.5.20 |
| കേരളകൗമുദി | BLALP00068213/29.2.20 | 4779 | 717 | 22000166 |
| മാതൃഭൂമി | 0061112064/27.8.17 | 11340 | 1701 | 731964/17.9.20 22000603 |
| മാതൃഭൂമി | 61014081/11.3.17 | 8400 | 1260 | 731989/5.10.20 22000654 |
| മാതൃഭൂമി | 321000078361/29.3.18 | 11340 | 1701 | 731989/5.10.20 22000655 |
| മാതൃഭൂമി | 321000010645/10.6.20 | 10920 | 1638 | 732001/7.10.20 22000670 |
| ജനയുഗം | 2020090191/11.9.20 | 6300 | 945 | 816674/9.11.20 22000740 |
| | ആകെ | | 14777/-രൂപ | |

അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം 14777/-രൂപയുടെ അധികചെലവ് ഉണ്ടായി. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/15.1.22) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ 14777/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-17 കൃഷി ഫീൽഡ് ഓഫീസർ-ആവശ്യമായ രേഖകളില്ലാതെ ആനുകൂല്യം നൽകി

കൃഷി ഫീൽഡ് ഓഫീസർ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

I)പ്രോജക്ട് നം SO 257/21- സുഭിക്ഷകേരളം തരിശ് നെൽകൃഷി

അടങ്കൽ-800000/-(വികസന ഫണ്ട്)

ചെലവ്-607850/-

1)ബിൽ നം -20/KBC NO 5/20-21 തീയതി.30.11.2020-535850/-

2)ബിൽ നം -27/KBC NO 5/20-21 തീയതി.23.1.2021-9100/-

3)ബിൽ നം -32/KBC NO 5/20-21 തീയതി.27.1.2021-29650/-

മൂന്ന് വർഷത്തിൽ അധികമായി തരിശുകിടക്കുന്ന വയലിൽ കൃഷിചെയ്യുന്നവർക്ക് ഹെക്ടറിന് 35000/-രൂപയും ടി വസ്തുവിന്റെ ഉടമയ്ക്ക് ഹെക്ടറിന് 5000/- രൂപയും ബാങ്ക് അക്കൌണ്ട് വഴി നൽകുവാനുദ്ദേശിച്ച പ്രോജക്ടാണിത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

I) അപക്ഷകളിൽ മൂന്ന വർഷത്തിലധികമായി തരിശുകിടക്കുന്ന നിലത്താണ് കൃഷിചെയിതിരിക്കുന്നതെന്നുള്ള സാക്ഷ്യപ്പെടുത്തൽ, ആനുകൂല്യം അനുവദിക്കാവുന്ന കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം എന്നിവ രേഖപ്പെടുത്തിയ കൃഷി ഓഫീസറുടെ ഉത്തരവ്, കൂടാതെ വിള ഇൻഷുറൻസിനുള്ള അപേക്ഷകളിൽ പരിശോധനാ റിപ്പോർട്ട്, സാക്ഷ്യപ്പെടുത്തൽ എന്നിവയും ഇല്ല .

Ii) വിധ്യാധരൻ, കൊല്ലംപറമ്പിൽ എന്ന വ്യക്തിയ്ക്ക് 7000/-രൂപ ക്രമ നം 1 ബില്ലിൽ ഉൾപ്പടുത്തി നൽകിയിട്ടുണ്ട്. എന്നാൽ ടിയാളുടെ അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന സർവ്വേനമ്പരിലുള്ള(പാട്ടം) വസ്തുവിന്റെ കരം അടച്ച രസീത് പ്രകാരം (7 ആർ 46 സ്ക്വയർ മീറ്റർ നിലം ഉൾപ്പെടെ ആകെ 12 ആർ 97 സ്ക്വയർ മീറ്റർ) ഉള്ള കൃഷി സ്ഥലത്തിന് ആനുപാതികമായി നെൽകൃഷിക്ക് നൽകാവുന്ന ആനുകൂല്യം 4550/-രൂപയാണ്. അധികമായി നല്കിയ 2450/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| പി.ഡബ്ല്യൂ.ഡി | കമ്പിക്കാൽ ജംഗ്ഷനിൽ പുതിയ കടമുറികൾ നിർമാണം -പി.ഡബ്ല്യൂ.ബിൽഡിംഗ്സിന് തുക കൈമാറൽ | 8/22.05.2020 | 3020000 | -- | 3020000 |
| പി.ഡബ്ല്യൂ.ഡി | താലൂക്ക് ആശുപത്രിയിൽ പുതിയ എക്സ് റേ യൂണിറ്റ് നിർമ്മാണം- പി.ഡബ്ല്യൂ.ബിൽഡിംഗ്സിന് തുക കൈമാറൽ | 7/22.05.2020 | 1710000 | -- | 1710000 |
| വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 53/05.03.2021 | 1920000 | -- | 1920000 |
| വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 51,52/05.03.2021 | 4302000 | -- | 4302000 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ കെ.എസ്.ഇ.ബി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 34/01.12.2020 | 619609 | | 619609 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 31/16.11.2020 | 1650000 | | 1650000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 29800000/- രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | 29800000 | 53533332 | 9066665 | | 74266667 |

ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. വാർഷിക കണക്കിൽ നല്കിയിരിക്കുന്ന വായ്പാ തിരിച്ചടവ്, നീക്കിയിരിപ്പ് എന്നിവ സോഴ്സ് ഡിഡക്ഷനിലൂടെ ഈടാക്കിയ വായ്പാ തിരിച്ചടവ് വിവരങ്ങളുമായി പൊരുത്തപ്പെട്ടിരുന്നില്ല. സോഴ്സ് ഡിഡക്ഷൻ നടത്തിയ അലോട്ട്മെന്റ് ലെറ്ററുകളെ അടിസ്ഥാനപ്പെടുത്തിയാണ് വായ്പാ തിരിച്ചടവ് വിവരങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1264700 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 1264700 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1264700 |
| | |
| തൻവർഷം ആർജിച്ച പലിശ | |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | നിക്ഷേപത്തിന്റെ വിവരം | തുക | രസീത് നം. |
|---|---|---|---|
| 1. | ക്ലീൻ കേരള കമ്പനി ഷെയർ (1000/-രൂപയുടെ 1000 ഷെയറുകൾ) | 1000000 | 104842 മുതൽ 105841 വരെ തീയതി.26.12.2016 |
| 2. | 1കെ.യു.ആർ.ഡി.എഫ്.സി ഷെയർ (100/-രൂപയുടെ 2647 ഷെയറുകൾ) | 264700 | 347785 മുതൽ 350431 വരെ തീയതി.28.01.2015 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 66686/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീപ്റ്റ് നമ്പർ/തിയ്യതി |
|---|---|---|---|---|
| 2017-18 | 3-12 | 2083 | ശിവദാസ്.കെ.ആർ, കോൺട്രാക്ടർ | 120470101580/26.05.2020 |
| 2015-16 | 2-8(5,6) | 210 | ടി.അജയകുമാർ, കോൺട്രാക്ടർ | 120470101639/27.05.2020 |
| 2017-18 | 3-12(9)<br>3-13(1,2,3,7,8) | 63403 | കെ.ബൈജു, കോൺട്രാക്ടർ | 120470110144/27.11.2020 |
| 2015-16 | 2-8 | 525 | സജിമോൻ.പി.എസ്,കോൺട്രാക്ടർ | 120470110165/27.11.2020 |
| 2015-16 | 2-8 | 105 | എം.ഡി.അശോകൻ,കോൺട്രാക്ടർ | 120470110166/27.11.2020 |
| 2016-17 | 3-3 | 240 | സിമിമോൾ.വി(ഗുണഭോക്താവ്) | 120470119927/29.03.2021 |
| 2016-17 | 3-3 | 120 | രമ്യ.ടി.എസ്(ഗുണഭോക്താവ്) | 120470119932/29.03.2021 |
| | ആകെ | 66686 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 2-4 | 2007-08 | 4-4.1 | മൈത്രി ഭവന പദ്ധതി | ഗുണഭോക്താക്കൾക്ക് സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് നല്കുന്നതാണ്. |
| 2001-2002 | 2-4(8) | 2007-08 | 4-4.2. | ശമ്പളം നല്കുന്നതിന് UPA ഫണ്ടിൽ നിന്നും വകമാറ്റി. | തുക തിരിച്ചടച്ചു. |
| 2007-2008 | 2-1 | 2013-14 | 4.5 | ഗ്യാസ് ക്രിമറ്റോറിയം | നിലവിൽ പ്രവർത്തിക്കുന്നില്ല. |
| 2016-17 | 2.9 | 2017-18 | 10 | വാടക കുടിശ്ശിക 50 ലക്ഷത്തിനുമേൽ | വാടക കുടിശ്ശിക ഇനത്തിൽ 2015-16 മുതൽ 2017-18 വരെ 5180714/- രൂപയും പിഴ പലിശ ഇനത്തിൽ 1241564/- രൂപയും ഈടാക്കിയിട്ടുള്ളതാണ്. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 329326670 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 304623428 |
| വരവിനങ്ങളിലുള്ള നഷ്ടം | : 32300 |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 661732 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 31914570 |

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 5020 | | ശ്രീ. എൻ.കെ.കൃഷ്ണകുമാർ, സെക്രട്ടറി |
| | 1530 | | ശ്രീ. കെ. എസ് അരുൺ, സെക്രട്ടറി |
| 2-2 | 24750 | -- | ശ്രീ. എൻ.കെ.കൃഷ്ണകുമാർ, സെക്രട്ടറി |
| 2-2-1 | 1000 | | ശ്രീ. എൻ.കെ.കൃഷ്ണകുമാർ, സെക്രട്ടറി |
| 3-1 | | 15430 | ശ്രീ. എൻ.കെ.കൃഷ്ണകുമാർ, സെക്രട്ടറി |
| 3-2 | | 1147 | ശ്രീമതി.ബ്രിജിത്ത് , അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 3694 | ശ്രീമതി.ബ്രിജിത്ത് , അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 3723 | ശ്രീമതി.ബ്രിജിത്ത് , അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 19895 | ശ്രീമതി.ബ്രിജിത്ത് , അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | | 14702 | ശ്രീമതി.ബ്രിജിത്ത് , അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | | 12858 | ശ്രീമതി.ബ്രിജിത്ത് , അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | | 1273 | ശ്രീമതി.ബ്രിജിത്ത് , അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-9 | | 4777 | ശ്രീമതി.ബ്രിജിത്ത് , അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | | 985 | ശ്രീമതി.ബ്രിജിത്ത് , അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | | 294480 | ശ്രീ.ബാബുരാജ്,ഹെൽത്ത് സൂപ്പർവൈസർ |
| 3-12 | | 4491 | ശ്രീമതി.ബ്രിജിത്ത് , അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | | 193320 | ശ്രീമതി. ആലീസ്ജോസി, ഹെൽത്ത് സൂപ്പർവൈസർ |
| 3-14 | | 60750 | ശ്രീ.ബാബുരാജ്,ഹെൽത്ത് സൂപ്പർവൈസർ |
| 3-15 | | 13050 | ശ്രീമതി. ആലീസ്ജോസി, ഹെൽത്ത് സൂപ്പർവൈസർ |
| 3-16 | | 14777 | ശ്രീ. എൻ.കെ.കൃഷ്ണകുമാർ, സെക്രട്ടറി |
| 3-17 | | 2450 | ശ്രീ.ആർ.രാജൻ, കൃഷി ഓഫീസർ |
| ആകെ | 32300 | 661732 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 177200 | ശ്രീ. എൻ.കെ.കൃഷ്ണകുമാർ, സെക്രട്ടറി |
| 1-34 | 2358578 | ശ്രീ. എൻ.കെ.കൃഷ്ണകുമാർ, സെക്രട്ടറി |
| 1-35 | 3020000 | ശ്രീ. എൻ.കെ.കൃഷ്ണകുമാർ, സെക്രട്ടറി |
| 1-39 | 70000 | ഡോ.അനിൽകുമാർ, മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി ചേർത്തല |
| 1-40 | 498316 | ഡോ.അനിൽകുമാർ, മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി ചേർത്തല |
| 1-42 | 500000 | ഡോ.അനിൽകുമാർ, മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി ചേർത്തല |
| 1-43 | 547420 | ഡോ.അനിൽകുമാർ, മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി ചേർത്തല |
| 1-44 | 26100 | ശ്രീ. ആലീസ്ജോസി, ഹെൽത്ത് സൂപ്പർവൈസർ |
| 1-46(1),(4) | 2787097 | ശ്രീ.ആർ.രാജൻ, കൃഷി ഓഫീസർ |

| | | | |
|---|---|---|---|
| 1-46(2) | 497250 | | ശ്രീ.രാധാകൃഷ്ണപിള്ള, കൃഷി ഓഫീസർ |
| 1-47 | 13221609 | 6 222000 | ശ്രീ.കെ.എസ്സ്.അരുൺ, സെക്രട്ടറി |
| | | 6999609 | ശ്രീ. എൻ.കെ.കൃഷ്ണകുമാർ, സെക്രട്ടറി |
| 1-48 | 6222000 | | ശ്രീ.കെ.എസ്സ്.അരുൺ, സെക്രട്ടറി |
| 1-49 | 1710000 | | ശ്രീ. എൻ.കെ.കൃഷ്ണകുമാർ, സെക്രട്ടറി |
| 1-50 | 279000 | | ശ്രീ. ആലീസ്ജോസി, ഹെൽത്ത് സൂപ്പർവൈസർ |
| ആകെ | 31914570 | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 1-31 – 118440/-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എൻ.കെ.കൃഷ്ണകുമാർ, സെക്രട്ടറി | സെക്രട്ടറി<br>തൃക്കാക്കര നഗരസഭ | നടിപ്പറമ്പിൽ ഹൗസ്<br>കീഴ്മാട്, വാഴക്കുളം,<br>ആലുവ |
| ശ്രീമതി.ബ്രിജിത്ത്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>ചേർത്തല നഗരസഭ | പാലിയത്ത്<br>പട്ടണക്കാട് പി.ഓ<br>പട്ടണക്കാട്, ചേർത്തല |
| ശ്രീ.ആർ.രാജൻ, കൃഷി ഓഫീസർ | കൃഷിഭവൻ ചേർത്തല | ഈട്ടിവിള,<br>പടിഞ്ഞാറ്റതിൽ<br>അമ്പലത്തിനിറപ് പി.ഒ<br>പറവൂർ, കൊല്ലം |
| ശ്രീ. ആലീസ്ജോസി,<br>ഹെൽത്ത് സൂപ്പർവൈസർ | വിരമിച്ചു | കണ്ടത്തിൽ<br>കാപ്പിൽ ഹൗസ്,<br>തത്തംപള്ളി,<br>ആലപ്പുഴ |
| ശ്രീ.രാധാകൃഷ്ണപിള്ള,<br>കൃഷി ഓഫീസർ | വിരമിച്ചു | അമൃതം പള്ളിപ്പുറം<br>ചേർത്തല |
| ശ്രീ.ബാബുരാജ്,<br>ഹെൽത്ത് സൂപ്പർവൈസർ | നെടുമങ്ങാട്<br>നഗരസഭ | പൃത്വി കല്ലുവെട്ടക്കുഴി,<br>വെങ്ങാനൂർ പി.ഓ,<br>തിരുവനന്തപുരം |
| ശ്രീ.കെ.എസ്സ്.അരുൺ, സെക്രട്ടറി | ചേർത്തല നഗരസഭ | ടി.സി(വി.പി) 2/1122(1)<br>പണിക്കേഴ്സ് ലെയിൻ<br>മാന്നാമൂല, പേരൂർക്കട പി.ഒ<br>695005<br>തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | |
|---|---|
| 1994-95, 1995-96 | എൽ.എഫ്.എ10/937/97/30.05.1999 |
| 1999-2000 | എൽ.എഫ്. എ14/982/01/22.10.2001 |
| 2006-07 | എൽ.എഫ്.ജി.എ5/1578/13/21.05.2014 |
| 2007-08 | |
| 2008-09 | |
| 2009-10 | |
| 2010-11 | എൽ.എഫ്.പി 10/1294/12/19.11.2012/12.12.2012 |
| 2011-12 | എൽ.എഫ്.പി 10/190/14/25.04.2014/15.07.2014 |
| 2012-13 | |
| 2013-14 | കെ.എസ്.എ.പി.ഇസഡ്.പി10/1086/15/06.08.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി-പി10-641/16/09.06.2016/25.07.2016 |
| 2015-16 | കെ.എസ്.എ.-എ.എൽ.പി-ജി.എ5-163/2017/14.02.2017 |
| 2016-17 | കെ.എസ്.എ.-എ.എൽ.പി-ജി.എ5-1256/17/21.10.2017 |
| 2017-18 | കെ.എസ്.എ.-എ.എൽ.പി-ജി.എ5-425/19/24.05.19 |
| 2018-19 | കെ.എസ്.എ.-എ.എൽ.പി-ജി.എ8-811/2020/28.01.2021 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്